
# നിയുക്ത മെത്രാൻമാർക്ക് മാനന്തവാടി രൂപതയുടെ
# പ്രാർത്ഥനാശംസകൾ



**തലശ്ശേരി അതിരൂപതയുടെ**
**നിയുക്ത സഹായമെത്രാൻ**
**മോൺ. ജോസഫ് പാംപ്ലാനി**



**തൃശ്ശൂർ അതിരൂപതയുടെ**
**നിയുക്ത സഹായമെത്രാൻ**
**മോൺ. ടോണി നീലങ്കാവിൽ**



**നിയുക്ത കൂരിയ മെത്രാൻ**
**മോൺ. സെബാസ്റ്റ്യൻ**
**വാണിയപ്പുരയ്ക്കൽ**

# മാനന്തവാടി രൂപതാ ബുള്ളറ്റിന്‍

**"ദൈവത്തോട് ചേര്‍ന്നു നില്‍ക്കുവിന്‍;
അവിടുന്ന് നിങ്ങളോടും
ചേര്‍ന്നു നില്‍ക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 08 നവംബര്‍ –2017 ലക്കം 11**

ഒറ്റപ്രതി 10 രൂപ വാര്‍ഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


ഡിക്രി .......................................................... 07
സർക്കുലർ - ബൈബിൾ ഞായർ ............................ 09
പുരോഹിതൻ യുഗാന്തജീവിതശുശ്രൂഷകൻ ............ 16
രൂപതാകച്ചേരി വാർത്തകൾ ...................................... 23
വൈദികരുടെ മാസധ്യാനം ...................................... 25
ബൈബിൾ അപ്പോസ്തലേറ്റ് ...................................... 26
മതബോധനരംഗം .................................................... 30
ചെറുപുഷ്പമിഷൻലീഗ് .............................................. 39
*Department of Youth Ministry* ............................................ 52
കെ.സി.വൈ.എം. .................................................... 55
കുടുംബപ്രേഷിതത്വം .................................................... 62
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 67
സാമൂഹ്യ സേവനരംഗം (WSSS) .................................. 72
ബയോവിൻ അഗ്രോ റിസർച്ച് .................................. 77
റേഡിയോ മാറ്റൊലി .................................................. 79
Mary Matha Arts & Science College ..................................... 87
*CEADOM* വിദ്യാഭ്യാസമേഖല ........................................ 88
ഡി.എഫ്.സി. ........................................................... 90
കത്തോലിക്കാ കോൺഗ്രസ് ........................................ 92
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................ 95
ബിഷപ്സ് പ്രോഗ്രാം ..................................................... 96

**JOSE PORUNNEDOM**
**BISHOP OF MANANTHAVADY**

Prot. No. 19286/2017

## ഡിക്രി

## മാനന്തവാടി രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടം മച്ചിക്കൊല്ലി സെന്റ് ജോസഫ് ഇടവകയുടെ പേര് ബോസ് പാറ സെന്റ് ജോസഫ് എന്ന് പുനർ നാമകരണം ചെയ്തുകൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി

1978 –ൽ മൺവയൽ ഇടവക വിഭജിച്ചാണ് മച്ചിക്കൊല്ലി സെന്റ് ജോസഫ് ഇടവക സ്ഥാപിതമായത്. തുടക്കത്തിൽ 60 വീട്ടുകാരുണ്ടായിരുന്ന ഇടവകയിൽ ഇപ്പോൾ 125 വീട്ടുകാരുണ്ട്. ഇപ്പോൾ പള്ളി, പള്ളിമുറി, സൺഡേസ്കൂൾ എന്നിവയെല്ലാം ബോസ്പാറ എന്ന സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. ഗവൺമെന്റ് സ്ഥാപനങ്ങളായ റേഷൻ കടയും, അംഗൻവാടിയും പ്രസ്തുത നാമത്തിലാണ് അറിയപ്പെടുന്നത്. മച്ചിക്കൊല്ലി എന്നു പേരുള്ള കൃത്യമായ ഒരു സ്ഥലം ഇല്ല എന്നും വായ്മൊഴിയായി മാത്രം ഈ പേർ ഉപയോഗിച്ചിരുന്നതാണെന്നും വിലയിരുത്തുന്നു. പ്രത്യേകിച്ചും ഇടവകക്കാരല്ലാത്തവർക്ക് ഈ പേരിലുള്ള സ്ഥലത്തെപ്പറ്റി അറിയില്ല. ആയതിനാൽ 2017 ആഗസ്റ്റ് 13 ന് ചേർന്ന പാരീഷ് കൗൺസിൽ മച്ചിക്കൊല്ലി സെന്റ് ജോസഫ് ഇടവകയുടെ പേര് ബോസ്പാറ സെന്റ് ജോസഫ് ഇടവക എന്നാക്കി മാറ്റുവാൻ തീരുമാനമെടുത്തു. മുകളിൽ സൂചിപ്പിച്ച കാരണങ്ങൾ പരിഗണിച്ചുകൊണ്ടും 2017 ആഗസ്റ്റ് 20 ന് ചേർന്ന ഇടവക പൊതുയോഗത്തിന്റെ തീരുമാനം അംഗീകരിച്ചുകൊണ്ടും 2017 ഒക്ടോബർ 1 മുതൽ St. Joseph's Church, Machikolly എന്നതിനുപകരം പേര് St.Joseph's Church, Bospara എന്നാക്കി മാറ്റിയിരിക്കുന്നു. ലെറ്റർ ഹെഡ്, രസീതുകൾ തുടങ്ങിയവ പുതിയതായി അച്ചടിക്കുകയും പേരുമാറ്റം ജനശ്രദ്ധയിൽ കൊണ്ടുവരത്തക്കവിധം പള്ളിയുടെ മുൻപിൽ സെന്റ് ജോസഫ് ചർച്ച്, ബോസ്പാറ എന്ന ബോർഡു സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്. ബോസ്പാറ സെന്റ് ജോസഫ് ഇടവകയിലെ ബഹു. വികാരിയച്ചനെയും ബഹു. സിസ്റ്റേഴ്സിനെയും കൈക്കാരന്മാരെയും ദൈവജനം മുഴുവനെയും വി. യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥതയിലൂടെ ഈശോ ധാരാളമായി അനു

ഗ്രഹിക്കട്ടെ. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപയും + പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്നും 2017 സെപ്റ്റംബർ മാസം 22 ന് നൽകപ്പെട്ടത്.

**ഫാ. ജോസഫ് നെടുങ്കല്ലേൽ**
ചാൻസലർ

**ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

CHANCELLOR
DIOCESE OF MANANTHAVADY

JOSE PORUNNEDOM
Not to be served, But to serve
BISHOP OF MANANTHAVADY

Ref: 3047/K-5/KCBC/OL/DS

# ബൈബിൾ ഞായർ

**2017 ഡിസംബർ 31**

## കെസിബിസി ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

കേരള കത്തോലിക്കാസഭ ദൈവവചനപാരായണത്തിനായി പ്രത്യേകം മാറ്റിവച്ചിരിക്കുന്ന മാസമാണ് ഡിസംബർ. മാംസംധരിച്ച വചനമായ യേശുവിന്റെ തിരുപ്പിറവി ആചരിക്കുന്ന ഡിസംബർ മാസം വചന പാരായണമാസമായി ആചരിക്കുന്നത് തികച്ചും ഉചിതംതന്നെ. യേശുവിനെ നമ്മുടെ ഹൃദയത്തിലേക്കും ജീവിതത്തിലേക്കും കുടുംബത്തിലേക്കും സ്വീകരിക്കാൻ ആത്മീയമായി ഒരുങ്ങുന്നതിന് അതു സഹായിക്കുന്നു.

മനുഷ്യനോടു സംവദിക്കുന്ന ദൈവം പൂർണമായി സ്വയം വെളിപ്പെടുത്തുന്നതാണല്ലോ യേശുവിന്റെ മനുഷ്യാവതാരം (ഹെബ്രാ 1,2). മനുഷ്യകുലത്തിന്റെ മുഴുവൻ രക്ഷകനായാണ് യേശു ജനിക്കുന്നത് (ലൂക്കാ 2, 10–11). മനുഷ്യനെ ദൈവവുമായി അനുരഞ്ജനപ്പെടുത്തുന്ന അവിടുന്ന് ഏവരെയും ഒരേയൊരു കൂട്ടായ്മയിൽ ഒന്നിപ്പിക്കുന്നു (യോഹ 17, 20–23). നമ്മുടെയിടയിൽ കൂടാരമടിച്ച യേശുവാകുന്ന വചനം (യോഹ 1,14) മനുഷ്യകുലത്തിന്റെ മുഴുവൻ ഐക്യത്തിനും നിദാനമാകുന്നതുപോലെതന്നെ, 'എഴുതപ്പെട്ട വചനവും' നമ്മെ നയിക്കുന്നത് സമഗ്രമായ ഐക്യത്തിലേക്കാണ്. വിവിധ വിഘടനവാദങ്ങൾ നമ്മുടെ സമൂഹത്തിൽ പെരുകുകയും മനുഷ്യജീവിതത്തിന്റെ എല്ലാ തലങ്ങളിലുമുള്ള പാരസ്പര്യങ്ങൾ താളംതെറ്റുകയും ചെയ്യുന്നതിന്റെ പശ്ചാത്തലത്തിൽ 'ഐക്യത്തിലേക്കും സ്വാരസ്യത്തിലേക്കും (harmony) നയിക്കുന്ന ദൈവവചനം' നമുക്ക് വിചിന്തനവിഷയമാക്കാം.

### ദൈവവചനവും സൃഷ്ടിയിലെ സ്വാരസ്യവും

ദൈവവചനമാണല്ലോ സൃഷ്ടിയുടെ നിദാനം. 'ഉണ്ടാകട്ടെ' യെന്ന് ദൈവം അരുൾചെയ്യുമ്പോൾ സർവസൃഷ്ടിജാലങ്ങളും മനുഷ്യനും ഉണ്മയിലേക്കു പ്രവേശിക്കുന്നത് ഉത്പത്തിഗ്രന്ഥത്തിന്റെ ആരംഭ

ത്തിൽത്തന്നെ നാം വായിക്കുന്നുണ്ട് (ഉത്പ 1,3). ഓരോ സൃഷ്ടി കഴിയുമ്പോൾ 'നന്നായിരിക്കുന്നു' എന്നും സൃഷ്ടിയുടെയെല്ലാം അവസാനം 'വളരെ നന്നായിരിക്കുന്നു' (ഉത്പ 1,31) എന്നും ദൈവം പറയുന്നു. ദൈവത്തിന്റെ ഈ പ്രഖ്യാപനം, അവിടുന്ന് രൂപംകൊടുത്ത പ്രപഞ്ചത്തിൽ ദൃശ്യമാകുന്ന നന്മയുടെയും പൂർണതയുടെയും സൂചനകൂടിയാണ്. ദൈവവും മനുഷ്യനും പ്രപഞ്ചവും തമ്മിലുള്ള ഐക്യവും പരസ്പര ബന്ധവും തന്നെയാണല്ലോ ബൈബിളിന്റെ ആദ്യ താളുകളിലെ പ്രധാന പ്രമേയം.

ദൈവവുമായുള്ള സാമീപ്യമായിരുന്നു ഈ ഐക്യത്തിന്റെ കാതൽ. മനുഷ്യനുവേണ്ടി സൃഷ്ടിച്ച തോട്ടത്തിൽ ഉലാത്തുന്ന ദൈവത്തിന്റെ ചിത്രം, ആദിയിലുണ്ടായിരുന്ന ഐക്യത്തിന്റെ നേർക്കാഴ്ചയാണ്. എന്നാൽ, മനുഷ്യൻ പാപം ചെയ്ത് ഈ ദൈവസാന്നിധ്യത്തിൽനിന്ന് ഓടിയകന്ന്, മരങ്ങൾക്കിടയിലൊളിക്കുന്നത് ഉത്പത്തി ഗ്രന്ഥകാരൻ വിവരിക്കുന്നു (ഉത്പ 3,8). ഇവിടെ ദൈവ-മനുഷ്യബന്ധം മുറിയുക മാത്രമല്ല, പ്രപഞ്ചം മുഴുവനിലുമുള്ള പാരസ്പര്യം നഷ്ടപ്പെടുകയുമാണു ചെയ്യുന്നത്. ഈ താളം നഷ്ടപ്പെടുന്നതിന്റെ വിവരണമാണ് കായേന്റെ കഥ. 'സഹോദരന്റെ കാവല്ക്കാരനാണോ ഞാൻ?' എന്ന കായേന്റെ ചോദ്യം സമൂഹത്തിലെ ബന്ധങ്ങൾ തകരുന്നതിന്റെ മുഴക്കം തന്നെയാണല്ലോ. 'മണ്ണു നിനക്ക് ഫലംതരുകയില്ല' (ഉത്പ 4,12) എന്നു കർത്താവ് കായേനോടു പറയുമ്പോൾ, 'എല്ലാം നന്നായിരിക്കുന്നു 'വെന്ന് അവിടുന്ന് ആദ്യം വിശേഷിപ്പിച്ച നല്ല നാളുകൾ അപ്രത്യക്ഷമായി എന്നു നാം വേദനയോടെ തിരിച്ചറിയുന്നു. ആദിമാതാപിതാക്കന്മാർ ദൈവവചനത്തിനു ചെവികൊടുക്കാതിരുന്നപ്പോൾ സൃഷ്ടിയിലുണ്ടായിരുന്ന സന്തോഷവും സമാധാനവും സന്തുലിതത്വവും അപ്രത്യക്ഷമാകുന്നു.

പക്ഷേ, തന്റെ വചനം തിരസ്കരിച്ച മനുഷ്യനെ ദൈവം കൈവെടിയുന്നില്ല. നഷ്ടപ്പെട്ട ബന്ധങ്ങളും ഐക്യവും വീണ്ടെടുക്കാനായി, അവിടന്ന് മനുഷ്യരോദനങ്ങളുടെ ഇടയിലേക്ക് രക്ഷയുടെ വചനങ്ങളുമായി കടന്നു വരുന്നു: "ഈജിപ്തിലുള്ള എന്റെ ജനത്തിന്റെ ക്ലേശങ്ങൾ ഞാൻ കണ്ടു... രോദനം ഞാൻ കേട്ടു" (പുറ 3,7). "ഇസ്രായേലിന്റെ ദൈവമായ കർത്താവിന്റെ ബഹുമാനാർഥം പൂജാമഹോത്സവം ആഘോഷിക്കാൻ ജനത്തെ വിട്ടയയ്ക്കാൻ" (പുറ 5,1) കർത്താവു പറഞ്ഞതനുസരിച്ച് മോശയും അഹറോനും ഫറവോയോട് ആവശ്യപ്പെ

ടുമ്പോൾ, ദൈവ-മനുഷ്യബന്ധത്തിന്റെ വീണ്ടെടുപ്പിലേക്കും സന്തോഷത്തിന്റെ നാട്ടിലേക്കും ദൈവം തന്റെ ജനത്തെ ആനയിക്കുന്നുവെന്നു നാം മനസ്സിലാക്കുന്നു. ദൈവ-മനുഷ്യ-പ്രപഞ്ചബന്ധങ്ങളിലെ താളവും ഐക്യവും പുനഃസ്ഥാപിക്കാൻ ദൈവവചനം കടന്നുവരുന്നത് പഴയ നിയമത്തിലുടനീളം നാം കാണുന്നുണ്ട്. തിന്മയുടെ പിടിയിലമർന്ന് വെറും അസ്ഥിക്കൂമ്പാരമായിത്തീർന്ന ഇസ്രായേൽ ജനത്തോട് "വരണ്ട അസ്ഥികളേ, കർത്താവിന്റെ വചനം ശ്രവിക്കുവിൻ... നിങ്ങൾ ജീവിക്കു"മെന്ന് (എസെ 37,4-5) എസെക്കിയേൽ പ്രവാചകൻ പറയുന്ന വാക്കുകൾ, ഏതു ദയനീയാവസ്ഥയിലും ജീവനേകി, സമഗ്രമായ സൗഭാഗ്യം നല്കാൻ ദൈവവചനത്തിനു കഴിയുമെന്ന പ്രഖ്യാപനം തന്നെയാണ്.

**ദൈവവചനവും ഐക്യവും**

മാംസംധരിച്ച വചനമായ യേശുവിന്റെ വരവോടുകൂടെ മനുഷ്യനു നഷ്ടപ്പെട്ട 'പറുദീസ'യെക്കുറിച്ചുള്ള പ്രതീക്ഷകൾ വീണ്ടും കിളിർക്കുന്നു. 'ദൈവരാജ്യം സമാഗതമായി' (മർക്കോ 1,15) എന്ന പ്രഖ്യാപനത്തോടെയാണ് യേശു തന്റെ പരസ്യജീവിതം ആരംഭിക്കുന്നത്. ദൈവസാന്നിധ്യവും എല്ലാ നന്മകളും നിറഞ്ഞുനില്ക്കുകയും അവിടന്ന് വീണ്ടെടുക്കുകയും ചെയ്യുന്ന മനുഷ്യസമൂഹത്തിനു നല്കുന്ന പേരാണ് 'ദൈവരാജ്യം' എന്നു പറയാം.

യേശുവിന്റെ ദൈവരാജ്യപ്രഘോഷണത്തിനു പിന്നിലെ ശക്തിസ്രോതസ് അവിടുത്തെ 'അബ്ബാ' അനുഭവമായിരുന്നു. 'വത്സലപിതാവ്' എന്നർഥമുള്ള 'അബ്ബാ' എന്ന പദത്തിലൂടെ ദൈവ-മനുഷ്യബന്ധത്തിന്റെ മൗലിക സ്വഭാവം യേശു വെളിപ്പെടുത്തി. എല്ലാ മനുഷ്യരും പിതാവായ ദൈവത്തിന്റെ മക്കളാണെന്ന ഈ കാഴ്ചപ്പാടുതന്നെയാണ് ക്രൈസ്തവ സാമൂഹികദർശനത്തിന്റെ അടിത്തറ. ദൈവരാജ്യമെന്ന കുടുംബത്തിലേക്ക് ഏവരെയും ഇരുകൈകളും നീട്ടി സ്വീകരിക്കുന്ന പ്രഖ്യാപനത്തോടെയാണ് യേശു തന്റെ ദൗത്യം ആരംഭിക്കുന്നത്: "കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്. ദരിദ്രരെ സുവിശേഷമറിയിക്കാൻ അവിടന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4,18-19). പരിത്യജിക്കപ്പെട്ടവർ ആരുമില്ലെന്നതാണ് യേശു പ്രഘോഷിച്ച ദൈവരാജ്യത്തിന്റെ സദ്വാർത്തയുടെ സവിശേഷത.

യേശുവിന്റെ പ്രഘോഷണത്തിലെന്നപോലെ, പ്രവർത്തനങ്ങളുടെയും പ്രധാനലക്ഷ്യം ഓരോ വ്യക്തിയിലെയും സന്തുലിതാവസ്ഥ വീണ്ടെടുത്ത്, അവരെ കൂട്ടായ്മയിൽ ഒന്നിപ്പിക്കുകയായിരുന്നു. അവിടുത്തെ പ്രവർത്തനങ്ങളിൽ മുഖ്യപങ്കുവഹിക്കുന്ന രോഗശാന്തികളിൽ ഇത് ഏറെ പ്രകടമാണ്. സൗഖ്യത്തെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഗ്രീക്കുപദങ്ങൾ 'രോഗങ്ങളിൽനിന്ന് വിമുക്തി നല്കുക' എന്നതിലുപരി 'പൂർണമാക്കുക', 'സന്തുലിതാവസ്ഥ വീണ്ടെടുക്കുക' എന്നാണ് അർഥമാക്കുന്നത്. യേശു നല്കുന്ന സമഗ്രമായ ഈ സൗഖ്യത്തിന് ഉത്തമോദാഹരണമാണ് ശവകുടീരങ്ങൾക്കിടയിൽ വസിച്ചിരുന്ന പിശാചുബാധിതനെ സുഖപ്പെടുത്തുന്ന സംഭവം (മർക്കോ 5,1–20). സൗഖ്യം നേടിയവൻ സമൂഹത്തിന്റെ കൂട്ടായ്മയിലേക്ക് സ്വീകരിക്കപ്പെടുന്നു എന്നു വ്യക്തമാക്കാനായി അവൻ വസ്ത്രംധരിച്ച് സുബോധത്തോടെയിരിക്കുന്നത് (5,15) സുവിശേഷകൻ ഇവിടെ വിവരിക്കുന്നു. ഇതേ പ്രമേയം കാനാൻകാരിയുടെ മകളെയും (മത്താ 15,21–29) ശതാധിപന്റെ ഭൃത്യനെയും (മത്താ 8,5–13) സുഖപ്പെടുത്തുന്നിടത്തും കാണാവുന്നതാണ്.

ദൈവവുമായി ഏവരെയും ഐക്യപ്പെടുത്തി, സ്നേഹത്തിൽ പരസ്പരം ഒരുമിപ്പിക്കുകയാണ് 'വചനം മാംസം ധരിച്ചതിന്റെ' ലക്ഷ്യം. സഹോദരർക്കു നല്കുന്ന പരിധികളില്ലാത്ത പരിഗണനയും സ്നേഹവും യേശുവിന്റെ പ്രബോധനങ്ങളുടെയും പ്രവർത്തനങ്ങളുടെയും ജീവനാഡിയായിരുന്നു (ലൂക്കാ 6,27–36; 10,25–37; യോഹ 13,34; 15,12; ഗലാ 5,14; യാക്കോ 2,8; 1 യോഹ 3,23). യേശുകൊണ്ടുവരുന്ന സമഗ്രക്ഷേമവും സുസ്ഥിതിയും കൂട്ടായ്മയുമാണ് യേശുവിന്റെ ജനനവേളയിൽ ദൈവദൂതർ ഉദ്ഘോഷിച്ച 'സമാധാനം' (ലൂക്കാ 2,14). കൂപ്പുകരങ്ങളോടെ നാമിന്നു പ്രാർത്ഥിക്കുന്നതും ഈ സമാധാനത്തിനുവേണ്ടിയാണ്.

**വചനത്തിൽ ഒന്നിക്കുന്ന കേരളസഭ**

കേരളസഭ പാരമ്പര്യങ്ങളിലും ആചാരങ്ങളിലും വൈവിധ്യമുള്ളതാണെങ്കിലും പരസ്പര സഹവർത്തിത്വത്തിലും കൂട്ടായ്മയിലും ആഗോളസഭയ്ക്കുതന്നെ മാതൃകയാണ്. കെ.സി.ബി.സി.യുടെ കീഴിലുള്ള ബൈബിൾ കമ്മീഷന്റെ നേതൃത്വത്തിലുള്ള വചനപ്രേഷിതത്വത്തിൽ ഈ ഐക്യം ഏറെ പ്രകടമാണ്. ദൈവവചനംതന്നെയാണല്ലോ നമ്മെ ഒരുമിപ്പിക്കുന്ന പ്രധാനഘടകം.

കേരളസഭ കൂട്ടായ യത്നംവഴി ഇറക്കിയിട്ടുള്ള മലയാളം പി.ഒ.സി. ബൈബിൾ മൂന്നു സഭകളും തമ്മിലുള്ള സഹവർത്തിത്വത്തി

ന്റെയും ഐക്യത്തിന്റെയും ഒരു ഐക്കൺ തന്നെയായി മാറിക്കഴിഞ്ഞു. മൂന്നു സഭകളിലുമുള്ളവർചേർന്ന് ഇറക്കിയ പരിഭാഷ, മൂലഗ്രന്ഥങ്ങളെ ആധാരമാക്കി കൂടുതൽ പണ്ഡിതരുടെ സഹകരണത്തോടെ കഴിയുന്നത്ര വിശ്വസ്തതയോടെയും ആധികാരികതയോടെയും പരിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. ഇതിനായി അഹോരാത്രം, നിസ്വാർഥമായി അധ്വാനിക്കുന്ന ഏവരെയും നന്ദിയോടെ നമുക്കു സ്മരിക്കാം. പുതിയ നിയമം വിശദീകരണക്കുറിപ്പുകളോടെ 'പഠനബൈബിളാ'യി പി.ഒ.സി. യിൽനിന്ന് പ്രസിദ്ധീകരിച്ചു തുടങ്ങിയിട്ടുണ്ട്. ദൈവവചനം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്ന ഏവരും സ്വന്തമാക്കേണ്ടതാണ് ഈ പഠന ബൈബിൾ.

കേരളസഭയിലെ ഐക്യത്തിന്റെയും കൂട്ടായപ്രവർത്തനത്തിന്റെയും അഭിമാനാർഹമായ മറ്റൊരു സാക്ഷ്യമാണ് ആഗോളതലത്തിൽത്തന്നെ പ്രശംസപിടിച്ചുപറ്റിയ ലോഗോസ് ക്വിസ്. വചനത്തെ സ്നേഹിക്കുന്ന ഏവരെയും ഒരു കുടക്കീഴിൽ കൊണ്ടുവരുന്നു എന്നതാണ് ഈ വചനോപാസനയുടെ പ്രത്യേകത. സെപ്റ്റംബർമാസം അവസാനം നടത്താറുള്ള ഇതിന്റെ ആദ്യതലപരീക്ഷയിൽ കേരളത്തിനകത്തും പുറത്തുമുള്ള ലക്ഷക്കണക്കിന് വചനസ്നേഹികളാണ് പങ്കുചേരുന്നത്. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ ഭാഷകളിൽ മത്സരം നടക്കുന്നു. വിദേശത്തുള്ള രൂപതകളും ഭിന്നശേഷിയുള്ളവരും ഇതിൽ പങ്കുചേരാൻ താത്പര്യം പ്രകടിപ്പിക്കുന്നത് ദൈവവചനത്തിന് എല്ലാ അതിരുകൾക്കപ്പുറമുള്ളവരെയും ഒന്നിപ്പിക്കാൻ കഴിയും എന്നതിന്റെ സാക്ഷ്യംതന്നെയാണ്.

വചനശുശ്രൂഷയിൽ സമൂഹത്തിലെ എല്ലാവരെയും ഉൾക്കൊള്ളാൻ ശ്രമിക്കുന്നു എന്നതിന് ബധിര-മൂകർക്കായി തയ്യാറാക്കിയിരിക്കുന്ന സൈൻബൈബിൾ ബൈബിൾ കമ്മീഷന് അഭിമാനത്തോടെ ഉയർത്തിപ്പിടിക്കാൻ കഴിയും. ഇതിന്റെ തുടർചലനങ്ങളെന്നപോലെ, കേരളസഭയിൽ ഭിന്നശേഷിയുള്ളവർക്കായുള്ള ശുശ്രൂഷ ശക്തിയാർജിക്കുന്നുവെന്നത് സന്തോഷജനകമാണ്. 2018-ലെ മെത്രാൻ സിനഡിൽ യുവജനങ്ങളുടെ വിശ്വാസജീവിതമാണല്ലോ പ്രധാന ചർച്ചാവിഷയം. ഹൈ-ടെക് യുഗത്തിൽ ജീവിക്കുന്ന യുവജനങ്ങളെ ദൈവവചനത്തിലേക്ക് ആകർഷിക്കാനുള്ള പുതിയ പദ്ധതികളും കമ്മീഷൻ ആരംഭിച്ചിട്ടുണ്ട്. ബൈബിൾ പ്രമേയങ്ങൾ അടിസ്ഥാനമാക്കിയുള്ള ഹ്രസ്വചിത്രമത്സരം ഇതിന് ഒരു ഉദാഹരണമാണ്. വിവിധ രൂപതകളിൽ ഇതിനു

സമാനമായ പരിപാടികൾ ബൈബിൾ അപ്പോസ്തലേറ്റിന്റെകീഴിൽ നടക്കുന്നുണ്ട് എന്നും ഇവിടെ സന്തോഷപൂർവം അനുസ്മരിക്കുന്നു.

വചനപാരായണമാസമായ ഡിസംബറിൽ ഈ വർഷം കേരളത്തിന്റെ തെക്കേയറ്റത്തുള്ള രൂപതയായ പാറശ്ശാല മുതൽ വിവിധയിടങ്ങളിൽ ബൈബിൾ കമ്മീഷന്റെയും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റിന്റെയും നേതൃത്വത്തിൽ അഖണ്ഡബൈബിൾപാരായണം സംഘടിപ്പിക്കുന്നുണ്ട്. വചനപാരായണമാസവുമായി ബന്ധപ്പെട്ട് രൂപതകളിൽ നടത്തുന്ന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയാണ് ഇതു ലക്ഷ്യംവയ്ക്കുന്നത്. എല്ലാ ഇടവകകളിലും ഡിസംബർമാസത്തിൽ ബൈബിൾപ്രതിഷ്ഠ നടത്തുകയും ഒരു ദിവസമെങ്കിലും അഖണ്ഡ വചന പാരായണം നടത്തുകയും ചെയ്യുമല്ലോ. അതുപോലെതന്നെ, എല്ലാ കുടുംബങ്ങളിലും ഡിസംബർമാസം ദിവസവും കുടുംബപ്രാർഥനയ്ക്കിടയ്ക്ക് ബൈബിൾ വായിക്കേണ്ടതാണ്. യേശുനാഥനെ അടുത്തറിയാനും അടുത്തറിയുന്നതുവഴി ആഴത്തിൽ സ്നേഹിക്കാനും സ്നേഹിക്കുന്ന നാഥനിൽ ഒന്നായിത്തീരാനും നമ്മെ പ്രചോദിപ്പിക്കുകയാണ് വചനപാരായണത്തിന്റെ പ്രധാന ലക്ഷ്യം.

കഴിഞ്ഞ ഏതാനും വർഷങ്ങളായി ബൈബിൾ പഠിക്കാൻ മുന്നോട്ടുവരുന്നവരുടെ എണ്ണം കൂടിവരുന്നുവെന്നത് ഏറെ സന്തോഷജനകമാണ്. പല രൂപതകളും സ്തുത്യർഹമാംവിധം ബൈബിൾ കോഴ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. എങ്കിലും, ബൈബിൾ പഠനത്തിന് വേദികളൊരുക്കാൻ ഇടവകകൾ ഇനിയും മുന്നോട്ടുവരേണ്ടതുണ്ട്. സ്വന്തമായി ബൈബിൾ പഠിക്കാൻ ആഗ്രഹിക്കുന്നവർക്കു ചേരാവുന്ന പാഠ്യപദ്ധതിയാണ് കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്. വചനം കൂടുതൽ അടുത്തറിയുന്നതുവഴി, മാംസംധരിച്ച വചനത്തെ കൂടുതൽ സ്നേഹിക്കാൻ കഴിയുമെന്നതിൽ സംശയമില്ല.

ഡിസംബർമാസം അവസാന ഞായർ ബൈബിൾഞായറായി ആചരിക്കണമെന്ന കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ തീരുമാനമനുസരിച്ച് ഈ വർഷം ഡിസംബർ 31-ാം തീയതി ബൈബിൾ ഞായറായി സഭ ആചരിക്കുകയാണ്. ബൈബിൾ ഞായറാഴ്ച നിങ്ങൾ നല്കുന്ന സംഭാവന രൂപതകളുടെയും കെ.സി.ബി.സി.യുടെയും ബൈബൾപ്രേഷിതപ്രവർത്തനങ്ങളെ ശക്തിപ്പെടുത്തും. രൂപതാബൈബിൾ അപ്പോസ്തലേറ്റിനും കെ.സി.ബി.സി. ബൈബിൾ കമ്മീ

ഷനുംവേണ്ടിയുള്ള ഈ സംഭാവന രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു. വചനത്തിൽ ആഴപ്പെട്ട് ഐക്യത്തിന്റെ കണ്ണികൾ സമൂഹത്തിൽ സുദൃഢമാക്കാൻ ആഹ്വാനംചെയ്തുകൊണ്ടും മനുഷ്യനായി അവതരിച്ച ദൈവമായ യേശുവിൽനിന്ന് ഏവർക്കും അനുഗ്രഹങ്ങൾ പ്രാർഥിച്ചുകൊണ്ടും,

സ്നേഹത്തോടെ,

**ബിഷപ്പ് ഡോ. എബ്രഹാം മാർ യൂലിയോസ്**

ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ്പ് മാർ ജേക്കബ് മനത്തോടത്ത്**

വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

**ബിഷപ്പ് ഡോ. പീറ്റർ അബീർ അന്തോണിസ്വാമി**

വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2017 നവംബർ 26-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# പുരോഹിതൻ: യുഗാന്തജീവിതശുശ്രൂഷകൻ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

(തിരുവചനഭാഗം: മർക്കോ 13,1-37)

വി. മർക്കോസിന്റെ സുവിശേഷത്തിലെ യുഗാന്ത പ്രഭാഷണമാണ് ഈ വചനഭാഗം. വ്യാഖ്യാനിക്കാനും മനസ്സിലാക്കാനും ഏറ്റം ബുദ്ധി മുട്ടുള്ള ഒരു സുവിശേഷഭാഗമാണിത്. ബി. സി. രണ്ടാം നൂറ്റാണ്ടിനും എ.ഡി. രണ്ടാം നൂറ്റാണ്ടിനുമിടയ്ക്ക് നിലവിലിരുന്ന വെളിപാടു സാഹിത്യ ശൈലിയിലാണ് ഈ യുഗാന്തപ്രഭാഷണം എഴുതപ്പെട്ടിരിക്കുന്നത്. മത മർദ്ദനത്തിൽനിന്നുളവായ വിശ്വാസപ്രതിസന്ധിയിൽ പ്രത്യാശയും ശക്തിയും പകരുന്നതിനുവേണ്ടി രൂപംകൊണ്ട സാഹിത്യശൈലിയാണ് വെളിപാടു സാഹിത്യശൈലി. പീഡാനുഭവവിവരണത്തിനുമുമ്പ് ഈശോ ശിഷ്യന്മാർക്കു നല്കുന്ന വിടവാങ്ങൽ സന്ദേശമാണ് ഉള്ള ടക്കം. ക്രിസ്തീയജീവിതം അവശ്യം യുഗാന്ത്യോന്മുഖജീവിതമാണ്. അപ്രകാരമുള്ള ജീവിതത്തിൽ അനുഭവപ്പെടാവുന്ന പരീക്ഷണങ്ങ ളെയും സഹനങ്ങളെയുംപറ്റിയുള്ള മുന്നറിയിപ്പും മിശിഹായുടെ പുന രാഗമനംവരെ വിശ്വസ്തമായി പ്രത്യാശാപൂർവം കാത്തിരിക്കാനുള്ള ആഹ്വാനവുമാണ് ഈ പ്രഭാഷണം നല്കുന്നത്.

ഈ പ്രഭാഷണത്തിൽ അഞ്ചു ഭാഗങ്ങളാണുള്ളത്: 1. ദൈവാലയ നാശത്തെപ്പറ്റിയുള്ള പ്രവചനം (13, 1-2); മതപീഢനത്തെക്കുറിച്ച് (13,3-13); 3. യുഗാന്തത്തെക്കുറിച്ച് (13,14-23); 4. മനുഷ്യപുത്രന്റെ ആഗ മനത്തെപ്പറ്റി (14,24-31); 5. സദാ ജാഗരൂകരായിരിക്കാനുള്ള ആഹ്വാനം (13, 32-37).

**1. പുരോഹിതൻ: ദൈവാലയ കേന്ദ്രീകൃത ശുശ്രൂഷകൻ**

"*ഈശോ ദൈവാലത്തിൽനിന്നു പുറത്തുവന്നപ്പോൾ, ശിഷ്യന്മാ രിൽ ഒരുവൻ പറഞ്ഞു: ഗുരോ, നോക്കൂ, എത്ര വലിയ കല്ലുകൾ! എത്ര വിസ്മയകരമായ സൗധങ്ങൾ! അവൻ പറഞ്ഞു: ഈ മഹാസൗധങ്ങൾ നിങ്ങൾ കാണുന്നില്ലേ? എന്നാൽ ഇവയെല്ലാം കല്ലിൻമേൽ കല്ലു ശേഷി ക്കാതെ തകർക്കപ്പെടും*" (13,1-2).

ദൈവാലയത്തിൽനിന്ന് ഈശോ പുറത്തുവന്നപ്പോൾ ശിഷ്യന്മാ രിൽ ഒരുവൻ യഹൂദമതത്തിന്റെ ഏകകേന്ദ്രമായിരുന്ന ദൈവാലയ ത്തിന്റെ വലിയ കല്ലുകളും വിസ്മയകരമായ സൗധങ്ങളും ഈശോയെ

ചൂണ്ടിക്കാണിച്ചു. മറുപടിയായി ഈ മഹാസൗധങ്ങൾ കല്ലിന്മേൽ കല്ലു ശേഷിക്കാതെ തകരുന്ന സമൂലനാശത്തെപ്പറ്റി ഈശോ പ്രവചിച്ചു. ഇതു വരെ ഈശോ ദൈവാലയകേന്ദ്രീകൃതമായിട്ടാണ് തന്റെ ശുശ്രൂഷ നിർവ ഹിച്ചത്. ദൈവാലയത്തിൽ ക്രമമായി പോവുകയും അവിടെ പഠിപ്പി ക്കുകയും ചെയ്യുന്ന പതിവ് ഈശോയ്ക്കുണ്ടായിരുന്നു. തന്റെ പിതാ വിന്റെ ഭവനമെന്ന് ദൈവാലയത്തെ അവിടുന്നു വിശേഷിപ്പിച്ചു (യോഹ 2,16). അവിടെനിന്നും ഈശോ പുറത്തേക്കു പോകുന്നത് ദൈവാല യത്തെ നാശത്തിനു കൈവിടുന്നതിന്റെ സൂചനയാണ്. പഴയനിയമ ദൈവജനത്തിന്റെ പ്രതീക്ഷകൾ പൂർത്തിയാക്കിക്കൊണ്ട് അവരുടെ മദ്ധ്യേ കടന്നുവന്ന മിശിഹായെ പൂർണമായും തിരസ്കരിച്ചതിന്റെ ഫല മായി അവർ ദൈവജനമല്ലാതായിത്തീരുന്നു എന്നതിന്റെ സൂചനയാണ് ഈശോയുടെ പുറത്തുപോകലും ദൈവാലയനാശത്തെക്കുറിച്ചുള്ള പ്രവ ചനവും. ജറുസലേമിനെയും ദൈവാലയത്തെയും നോക്കി കരഞ്ഞ ഒലിവു മലയിലിരുന്നുകൊണ്ടാണ് ഈശോ ഈ പ്രവചനം നടത്തുന്നത് (ലൂക്കാ 19,41-44).

പഴയ ദൈവാലയത്തിന്റെയും ദൈവജനത്തിന്റെയും സ്ഥാനത്ത് അന്ത്യോന്മുഖമായ പുതിയ ദൈവാലയവും ദൈവജനവും സ്ഥാപിക്ക പ്പെടുന്നു എന്ന് ഇതു സൂചിപ്പിക്കുന്നുണ്ട്. ഉത്ഥിതനായ മിശിഹാതന്നെ യാണ് പുതിയ ദൈവാലയം (യോഹ 2,19). മിശിഹായാകുന്ന പുതിയ ദൈവാലയ കേന്ദ്രീകൃതമായ ആരാധനയാണ് പിതാവിനെ സത്യത്തിലും അരൂപിയിലും ആരാധിക്കുന്ന യഥാർത്ഥ ആരാധന (യോഹ 4,23-24). അപ്രകാരമുള്ള ആരാധകരായ പുതിയ ദൈവജനത്തിനു രൂപം കൊടു ക്കേണ്ടവനാണ് പുരോഹിതൻ. ദൈവാലയത്തിൽ അർപ്പിക്കപ്പെടുന്ന പരി ശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായ കൂദാശാശുശ്രൂഷയിലൂടെയാണ് പുരോഹിതൻ പുതിയ ദൈവജനത്തിനു രൂപം കൊടുക്കേണ്ടത്. ഇപ്ര കാരം പരിശുദ്ധ കുർബാനയിൽ കേന്ദ്രീകൃതമായി, യഥാർത്ഥ ആരാധ കരുടെ സമൂഹമായി, സഭയെ കെട്ടിപ്പടുക്കുന്ന ശുശ്രൂഷയാണ് പുരോ ഹിതൻ നിർവഹിക്കേണ്ടത്.

**2. പുരോഹിതൻ: രക്തസാക്ഷിത്വം വരിക്കാൻ തയ്യാറുള്ള ശുശ്രൂ ഷകൻ**

"*അവർ നിങ്ങളെ ഏല്പിച്ചുകൊടുക്കാൻ കൊണ്ടുപോകുമ്പോൾ എന്തു പറയണം എന്നു വിചാരിച്ച് ഉത്ക്കണ്ഠാകുലരാകേണ്ട. ആ സമ യത്തു നിങ്ങൾക്കു ലഭിക്കുന്നതെന്തോ അതു സംസാരിക്കുവിൻ. നിങ്ങ ളല്ല, പരിശുദ്ധാത്മാവായിരിക്കും സംസാരിക്കുക. സഹോദരൻ സഹോ ദരനെയും പിതാവു പുത്രനെയും മരണത്തിന് ഏല്പിച്ചുകൊടുക്കും. മക്കൾ മാതാപിതാക്കന്മാരെ എതിർക്കുകയും അവരെ വധിക്കുകയും*

*ചെയ്യും. എന്റെ നാമത്തെപ്രതി നിങ്ങളെ എല്ലാവരും ദ്വേഷിക്കും. അവസാനംവരെ സഹിച്ചു നില്ക്കുന്നവൻ രക്ഷ പ്രാപിക്കും"* (13,11–13).

ഈ സുവിശേഷഭാഗത്ത് വിശ്വാസികൾക്കു വരാനിരിക്കുന്ന ക്ലേശങ്ങളെപ്പറ്റിയാണ് ഈശോ പ്രവചനരൂപേണ പറയുന്നത്. അതോടൊപ്പം ഉപദേശവും നിർദ്ദേശവും വാഗ്ദാനവും നല്കുന്നുണ്ട്: "ജാഗരൂകരായിരിക്കുവിൻ" എന്ന താക്കീത് ആവർത്തിച്ചു പറയുന്നുണ്ട്. എന്തെല്ലാം ഭീഷണികൾ ആരിൽനിന്നുണ്ടായാലും മിശിഹായുടെ ശിഷ്യന്മാർ അതിലൊന്നും ഭയപ്പെടാതെ അവരുടെ കടമ നിർവഹിക്കണം. സുവിശേഷം സർവരാജ്യങ്ങളിലും പ്രസംഗിക്കുകയാണ് അവരുടെ ദൗത്യം. യഹൂദരുടെയും വിജാതീയരുടെയും ന്യായപീഠത്തിനു മുമ്പിൽ നില്ക്കേണ്ടിവരുമ്പോൾ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുവാനുള്ള അവസരം ശിഷ്യർക്കു ലഭിക്കും. മിശിഹായുടെ ശിഷ്യന്മാരാകയാൽ അവർക്കു ധാരാളം സഹിക്കേണ്ടിവരുമെന്നാണ് മർക്കോസ് സുവിശേഷകൻ തന്റെ വായനക്കാരെ അറിയിക്കുന്നത്. സഹനത്തിന്റെ അവസ്ഥയായിരുന്നു റോമിൽ ക്രൈസ്തവർക്കുണ്ടായിരുന്നത്. ക്രൈസ്തവവിശ്വാസം സ്വീകരിക്കുന്നത് അപകടകരമായ ഒരു കാര്യമായി തീരുമെന്ന മുന്നറിയിപ്പാണ് ഈശോ നല്കുന്നത്. ഈശോയിൽ വിശ്വസിക്കുന്നുവെന്നതിന്റെ പേരിൽമാത്രം ലോകം അവരെ വെറുക്കുമെന്നും നിരവധി ക്ലേശങ്ങൾ അവർക്കു സഹിക്കേണ്ടിവരുമെന്നുമാണ് ഇവിടെ മുൻകൂട്ടി പറയുന്നത്.

ഇപ്രകാരം സഹനങ്ങളുണ്ടാകുമ്പോൾ ഉൽക്കണ്ഠാകുലരാകേണ്ട എന്നു പറഞ്ഞ് ഈശോ ശിഷ്യന്മാരെ ധൈര്യപ്പെടുത്തുകയാണ്. ഈശോയുടെ നാമത്തിന് സാക്ഷ്യം വഹിക്കുന്നതിന്റെ പേരിൽ ന്യായാധിപസംഘത്തിന്റെ മുമ്പിൽ വിചാരണ ചെയ്യപ്പെടുമ്പോൾ എന്തു പറയണമെന്നതിനെക്കുറിച്ച് വേവലാതിപ്പെടേണ്ട എന്നാണ് ഈ വാക്യങ്ങളിൽ ഉറപ്പുകൊടുക്കുന്നത്. പരിശുദ്ധാത്മാവ് വേണ്ടവിധം അവരെ ശക്തിപ്പെടുത്തും എന്ന ഉറപ്പാണ് ഈശോ നല്കുന്നത്. പരിശുദ്ധാത്മാവ് മനുഷ്യാതീതമായ ശക്തിയാണ്. ലൂക്കായുടെ സുവിശേഷത്തിൽ സുവിശേഷസാക്ഷ്യത്തിനായി ശിഷ്യരെ പറഞ്ഞുവിടുമ്പോൾ ഈശോ പറയുന്നു: "ഇതാ, എന്റെ പിതാവിന്റെ വാഗ്ദാനം നിങ്ങളുടെമേൽ ഞാൻ അയയ്ക്കുന്നു. ഉന്നതത്തിൽനിന്നു ശക്തി ധരിക്കുന്നതുവരെ നഗരത്തിൽത്തന്നെ വസിക്കുവിൻ" (ലൂക്കാ 24,49). ഇപ്രകാരം പരിശുദ്ധാത്മാവാകുന്ന ശക്തി ധരിച്ച്, രക്തസാക്ഷിത്വമുൾപ്പെടെയുള്ള സഹനങ്ങളെ നേരിട്ട് സുവിശേഷത്തിനു സാക്ഷ്യം വഹിക്കുവാൻ പുരോഹിതൻ തയ്യാറാകണം. അപ്രകാരം ഏതു ജീവിതസാഹചര്യങ്ങളിലും സുവിശേഷത്തിനു സാക്ഷ്യം വഹിക്കുവാൻ തന്റെ ഇടവകാസമൂഹത്തെ പുരോഹിതൻ ഒരുക്കുകയും വേണം.

**3. പുരോഹിതൻ: മാനസാന്തരത്തിന് ആഹ്വാനം ചെയ്യുന്ന ശുശ്രൂഷകൻ**

*"ദൈവത്തിന്റെ സൃഷ്ടികർമ്മത്തിന്റെ ആരംഭം മുതൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്തതും ഇനിയൊരിക്കലും ഉണ്ടാകാത്തതുമായ കഷ്ടതകൾ ആ ദിവസങ്ങളിൽ ഉണ്ടാകും. കർത്താവ് ആ ദിവസങ്ങൾ ചുരുക്കിയില്ലായിരുന്നെങ്കിൽ ഒരുവനും രക്ഷപെടുകയില്ലായിരുന്നു. എന്നാൽ, തിരഞ്ഞെടുക്കപ്പെട്ടവർക്കുവേണ്ടി അവിടുന്ന് ആ ദിവസങ്ങൾ ചുരുക്കി"* (13,19-20).

ജറുസലേമിന്റെ നാശം സംഭവിക്കുമ്പോൾ അതിനിരയാകാതെ ഓടി രക്ഷപെടണമെന്നാണ് ഇവിടെ ഓർമ്മിപ്പിക്കുന്നത്. സോദോം-ഗൊമോറ ദൈവകോപത്താൽ നശിപ്പിക്കപ്പെടുന്നതിനു മുമ്പ് ലോത്തും കുടുംബവും പലായനം ചെയ്തതുപോലെ, ദൈവത്തിന്റെ ആലയം അശുദ്ധമാക്കിയതുകൊണ്ടുണ്ടാകുന്ന ദൈവശിക്ഷയിൽനിന്ന് രക്ഷപെടുവാൻവേണ്ടി പലായനം ചെയ്യണമെന്നാണ് ഇവിടെ പറയുന്നത്. യുഗാന്ത പ്രഭാഷണമെന്ന നിലയിൽ ഇത് അടുത്ത വാക്യങ്ങളിൽ വിവരിക്കുന്ന മനുഷ്യപുത്രന്റെ ആഗമനത്തോടു കൂട്ടിവായിക്കേണ്ട ഒന്നാണ്. മനുഷ്യപുത്രന്റെ ആഗമനത്തെ അറിയിക്കുന്ന അടയാളങ്ങളായി ഇവയെ കണക്കിലെടുക്കണം. "അത്തിമരത്തിൽനിന്നു പഠിക്കുവിൻ. അതിന്റെ കൊമ്പുകൾ ഇളതായി തളിർക്കുമ്പോൾ വേനൽക്കാലം അടുത്തിരിക്കുന്നുവെന്നു നിങ്ങൾക്കറിയാം. അതുപോലെതന്നെ ഇക്കാര്യങ്ങൾ സംഭവിക്കുന്നതു കാണുമ്പോൾ അവൻ സമീപത്ത്, വാതിൽക്കൽ എത്തിയിരിക്കുന്നുവെന്ന് ഗ്രഹിച്ചുകൊള്ളുക" (13,28-29). പ്രകൃതിയുടെ അടയാളങ്ങൾ തിരിച്ചറിയുവാൻ കഴിവുള്ള മനുഷ്യൻ ദൈവം തരുന്ന രക്ഷാകര അടയാളങ്ങൾ തിരിച്ചറിയുന്നവനാകണം.

പ്രകൃതി ദുരന്തങ്ങളും അനിഷ്ട സംഭവങ്ങളുമൊക്കെ മാനസാന്തരത്തിനുള്ള ആഹ്വാനങ്ങളായി കാണണമെന്നുള്ള ഒരു സന്ദേശമാണ് ഇവിടെ നല്കുന്നത്. ക്രൈസ്തവജീവിതം അവശ്യം മനുഷ്യപുത്രന്റെ വരവിനെ കാത്തിരിക്കുന്ന അന്ത്യോന്മുഖജീവിതമാണെങ്കിൽ, രക്ഷയ്ക്കും ശിക്ഷയ്ക്കും നിർണായകമായിത്തീരുന്ന ആ സംഭവത്തിന് മാനസാന്തരത്തിലൂടെ ഒരുങ്ങുവാൻ ദൈവം തരുന്ന അടയാളങ്ങളാണ് പ്രകൃതിദുരന്തങ്ങളും അനിഷ്ടസംഭവങ്ങളും. ലൂക്കായുടെ സുവിശേഷത്തിൽ ഇതു വ്യക്തമായി പറയുന്നുണ്ട്. ഗലീലിയാക്കാരായ ഏതാനും പേരുടെ ബലികളിൽ അവരുടെ രക്തംകൂടി പീലാത്തോസ് കലർത്തിയ സംഭവവും, സീലോഹായിലെ ഗോപുരം ഇടിഞ്ഞുവീണു പതിനെട്ടു പേർ കൊല്ലപ്പെട്ട സംഭവവും മാനസാന്തരത്തിനുള്ള ആഹ്വാനങ്ങളായിരുന്നു. ഈ ദുരന്തങ്ങൾക്കിരയായവർ മറ്റുള്ളവരെക്കാൾ പാപികള

ല്ലായിരുന്നു എന്ന് ഈശോ അവിടെ വ്യക്തമായി പറയുകയും എല്ലാവരെയും മാനസാന്തരത്തിന് ആഹ്വാനം ചെയ്യുകയും ചെയ്യുന്നുണ്ട്: "അല്ല എന്നു ഞാൻ പറയുന്നു. പശ്ചാത്തപിക്കുന്നില്ലെങ്കിൽ നിങ്ങളെല്ലാവരും അതുപോലെ നശിക്കും" (ലൂക്കാ 13,3.5). അതുകൊണ്ടു ദുരന്തങ്ങളെ മനുഷ്യപുത്രന്റെ രണ്ടാമത്തെ ആഗമനത്തെ മുന്നിൽ കണ്ടുകൊണ്ടുള്ള, മാനസാന്തരപ്പെട്ട ജീവിതത്തിനുള്ള, ആഹ്വാനങ്ങളായി കാണുവാൻ പുരോഹിതനു കഴിയണം; അപ്രകാരം കാണുവാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും വേണം.

**4. പുരോഹിതൻ: രണ്ടാമാഗമനാനുഭവമുള്ള ശുശ്രൂഷകൻ**

"*അപ്പോൾ മനുഷ്യപുത്രൻ വലിയ ശക്തിയോടും മഹത്വത്തോടുംകൂടെ മേഘങ്ങളിൽ വരുന്നത് അവർ കാണും. അപ്പോൾ, അവൻ ദൂതന്മാരെ അയയ്ക്കും. അവർ ഭൂമിയുടെ അതിർത്തികൾ മുതൽ ആകാശത്തിന്റെ അതിർത്തികൾ വരെ നാലു ദിക്കുകളിലുംനിന്ന് അവരെ തിരഞ്ഞെടുക്കപ്പെട്ടവരെ ഒരുമിപ്പിച്ചുകൂട്ടും*" (13,26-27).

മിശിഹായുടെ രണ്ടാമത്തെ ആഗമനത്തെപ്പറ്റിയാണ് ഈ സുവിശേഷഭാഗം പരാമർശിക്കുന്നത്. ലോകാവസാനവുമായി ബന്ധപ്പെടുത്തിയാണ് രണ്ടാമാഗമനത്തെ അവതരിപ്പിക്കുന്നതെന്ന പ്രതീതിയാണ് ഇവിടെയുള്ളത്. പ്രവചിക്കപ്പെട്ട നാശത്തിനു ശേഷമേ ദൈവത്തിന്റെ ഇടപെടൽ ഉണ്ടാവുകയുള്ളു എന്നാണ് ഈ വചനഭാഗം അർത്ഥമാക്കുന്നത്. ദാനിയേൽ 7,13-14 നെ ആസ്പദമാക്കിയുള്ള പ്രസ്താവനയാണിത്. മനുഷ്യപുത്രൻ മേഘങ്ങളിൽ എഴുന്നള്ളി വരുന്നതിനെപ്പറ്റിയാണ് ദാനിയേലിന്റെ പുസ്തകത്തിൽ പറയുന്നത്. മനുഷ്യപുത്രനായ ഈശോയുടെ യുഗാന്ത്യത്തിലെ മഹത്വപൂർണമായ ആഗമനം ദൈവത്തിന്റെ വിജയം വിളിച്ചോതുന്നതായിരിക്കും. ദൈവത്തിന്റെ രക്ഷയെപ്പറ്റിയുള്ള പ്രത്യാശയും കാത്തിരിപ്പും ആദിമക്രൈസ്തവരുടെ ജീവിതത്തിൽ ആനന്ദവും ആവേശവും പകർന്നിരുന്നു. ആധുനിക മനുഷ്യന്റെ പ്രത്യാശയും കാത്തിരിപ്പും കൂടുതൽ കൂടുതൽ സാമ്പത്തിക വികസനത്തിനും ഭൗമിക പറുദീസായുടെ നിർമ്മാണത്തിനുംവേണ്ടിയാണ്. ഈ പശ്ചാത്തലത്തിൽ മിശിഹാശിഷ്യർ വീണ്ടെടുക്കേണ്ടത് ദൈവത്തിന്റെ രക്ഷാകരമായ ഭാവിയെപ്പറ്റിയുള്ള തീക്ഷ്ണമായ പ്രത്യാശയും സന്തോഷനിർഭരമായ കാത്തിരിപ്പുമാണ്.

ലോകാവസാനവുമായി ബന്ധപ്പെട്ടുള്ള മിശിഹായുടെ നിർണായകമായ രണ്ടാമാഗമനം വ്യക്തികളെ സംബന്ധിച്ചിടത്തോളം യാഥാർത്ഥ്യമാകുന്നത് അവരുടെ മരണസമയത്താണ്. എന്നാൽ ഈ രണ്ടാമാഗമനാനുഭവം മരണസമയത്തിൽമാത്രം ഒതുങ്ങിനില്ക്കുന്നതല്ല. ഇത് മാമ്മോദീസാനുഭവത്തിൽ ആരംഭിക്കുന്നതാണ്. മാമ്മോദീസായിൽ നാം

ഉത്ഥിതനായ മിശിഹായുടെ ശരീരത്തിന്റെ അവയവങ്ങളായിത്തീരുന്നു. മിശിഹായുടെ ഉത്ഥാനത്തോടുകൂടി രണ്ടാമാഗമനത്തിനു തുടക്കം കുറിച്ചുവെങ്കിൽ, ഉത്ഥിതനായ മിശിഹായുടെ രണ്ടാമാഗമനാനുഭവം നമ്മുടെ ജീവിതത്തിൽ സംഭവിക്കുന്നതിന് തുടക്കംകുറിക്കുന്നത് മാമ്മോദീസായിലാണ്. പിന്നീട് കൂദാശാസ്വീകരണവേളകളെല്ലാം ഈ രണ്ടാമാഗമനാനുഭവം നവീകരിക്കപ്പെടുന്ന സന്ദർഭങ്ങളാണ്. അവയിൽ ഏറ്റം പ്രധാനപ്പെട്ടത് പരിശുദ്ധ കുർബാനാനുഭവമാണ്. അപ്രകാരം പരിശുദ്ധ കുർബാനാനുഭവത്തിൽ കേന്ദ്രീകൃതമായ കൂദാശാ ജീവിതത്തിലൂടെയും പ്രാർത്ഥനാ ജീവിതത്തിലൂടെയും രണ്ടാമാഗമനാനുഭവം നവീകരിച്ചുകൊണ്ടു ജീവിക്കുന്ന വ്യക്തികൾക്കാണ് മരണസമയത്തുള്ള രണ്ടാമാഗമനാനുഭവം നിത്യമായ രക്ഷയുടെയും സന്തോഷത്തിന്റെയും അനുഭവമായിത്തീരുന്നത്. അപ്രകാരം മിശിഹായുടെ രണ്ടാമാഗമനം അനുഭവിക്കുവാൻ കുർബാനയർപ്പിക്കുന്ന പുരോഹിതനു കഴിയണം. കുർബാനയിൽ പങ്കെടുക്കുന്നവരെ പുരോഹിതൻ അപ്രകാരം പരിശീലിപ്പിക്കുകയും വേണം.

**5. പുരോഹിതൻ: ജാഗരൂകനായ ശുശ്രൂഷകൻ**

*"എന്നാൽ, ആ ദിവസത്തെക്കുറിച്ചോ ആ മണിക്കൂറിനെക്കുറിച്ചോ പിതാവിനല്ലാതെ മറ്റാർക്കും, സ്വർഗത്തിലുള്ള ദൂതന്മാർക്കോ പുത്രനുപോലുമോ അറിഞ്ഞുകൂടാ. ശ്രദ്ധാപൂർവം ഉണർന്നിരിക്കുവിൻ. സമയം എപ്പോഴാണെന്ന് നിങ്ങൾക്കറിവില്ലല്ലോ. വീടുവിട്ടു ദൂരേയ്ക്കു പോകുന്ന ഒരുവൻ സേവകർക്ക് അവരവരുടെ ചുമതലയും കാവൽക്കാരന് ഉണർന്നിരിക്കാനുള്ള കല്പനയും നല്കുന്നതുപോലെയാണ് ഇത്"* (13,32-33).

ശ്രദ്ധാലുക്കളായിരിക്കുവിൻ, ജാഗരൂകരായിരിക്കുവിൻ എന്ന താക്കീത് നല്കിക്കൊണ്ടാണ് ഈ വചനഭാഗം (13,32-37) ആരംഭിക്കുന്നതും അവസാനിക്കുന്നതും. മനുഷ്യപുത്രന്റെ ആഗമനത്തിന്റെ ദിവസമോ മണിക്കൂറോ അജ്ഞാതമായതുകൊണ്ടാണ് ഈ താക്കീതിനു പ്രാധാന്യമേറുന്നത്. ഈ വചനഭാഗത്ത് ഒരുപമകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു വീട്ടുടമസ്ഥൻ പുറത്തുപോയിക്കഴിയുമ്പോൾ അദ്ദേഹത്തിന്റെ തിരിച്ചുവരവിന്റെ സമയം അറിയാത്തതുകൊണ്ട് വാതിൽക്കാവൽക്കാരൻ എപ്പോഴും ജാഗരൂകനായിരിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ ഉപമയിലൂടെ എടുത്തുകാണിക്കുന്നത്. ദൈവത്തിന്റെ യുഗാന്ത ഇടപെടലിനെക്കുറിച്ച്, അഥവാ മിശിഹായുടെ രണ്ടാമാഗമന ദിവസത്തെക്കുറിച്ചും മണിക്കൂറിനെക്കുറിച്ചും പിതാവായ ദൈവത്തിനല്ലാതെ മറ്റാർക്കും, സ്വർഗത്തിലുള്ള ദൂതന്മാർക്കോ പുത്രനുപോലുമോ അറിഞ്ഞുകൂടാ എന്നു പറയുന്നത് മനസ്സിലാക്കാൻ പ്രയാസമാണ്.

ഒരുപക്ഷേ, മനുഷ്യാവതാരം ചെയ്ത അവസ്ഥയിൽ ഈശോ പാപ മൊഴികെ മനുഷ്യന്റെ എല്ലാ പരിമിതികളും സ്വീകരിച്ചു എന്നതായി രിക്കാം അതിന്റെ കാരണം. ഏതായാലും ഈ അജ്ഞത നിരന്തരം ജാഗരൂകരായിരിക്കേണ്ടതിന്റെ ആവശ്യകതയെ വർദ്ധിപ്പിക്കുന്നു.

ഉപമയിലെ യാത്രയ്ക്കു പോകുന്ന മനുഷ്യൻ ഉത്ഥിതനായ ഈശോയാണ്. യാത്രയ്ക്കു പോകുന്നയാൾ ചുമതല ഏല്പിക്കുന്ന ദാസന്മാർ മിശിഹാശിഷ്യരുമാണ്. അവർ ജാഗ്രത പാലിക്കേണ്ടത് അവരെ ഏല്പിച്ച ജോലികൾ കൃത്യമായി നിർവഹിച്ചുകൊണ്ടാണ്. അദ്ദേഹം ഏതു സമയത്തു തിരിച്ചെത്തിയാലും, ഏല്പിച്ച ദൗത്യം ഏറ്റെ ടുത്തവർ കർമ്മനിരതരായി കാണണമെന്നാണ് ഇവിടെ ഓർമ്മിപ്പിക്കു ന്നത്. മിശിഹാ ശിഷ്യന്മാരെ ഏല്പിച്ച ദൗത്യം സുവിശേഷപ്രഘോഷ ണമാണ്. ഓരോ ക്രൈസ്തവനും സുവിശേഷപ്രഘോഷണദൗത്യം നിർവഹിക്കുവാൻ വിളിക്കപ്പെട്ടവനും അയയ്ക്കപ്പെട്ടവനുമാണ്. പ്രത്യേ കിച്ച് പുരോഹിതർ സുവിശേഷപ്രഘോഷണത്തിനായി നിയോഗിക്കപ്പെ ട്ടവരാണ്. വി. പൗലോസ്ശ്ലീഹായുടെ വാക്കുകളിൽ ഓരോ പുരോഹി തനും 'ദൈവത്തിന്റെ സുവിശേഷത്തിനു പുരോഹിതശുശ്രൂഷ ചെയ്യു വാൻ വിളിക്കപ്പെട്ടവനും നിയോഗിക്കപ്പെട്ടവനുമാണ്' (റോമാ 15,16). പുരോഹിതന്റെ ത്രിവിധ ദൗത്യങ്ങൾ സുവിശേഷപ്രഘോഷണദൗത്യ ത്തിന്റെ ത്രിവിധ വശങ്ങളാണ്: സുവിശേഷം പഠിപ്പിക്കുക (പ്രബോ ധനദൗത്യം), സുവിശേഷത്തിനനുസൃതമായി ജീവിക്കുവാൻ ജനങ്ങളെ പരിശീലിപ്പിക്കുക (അജപാലനദൗത്യം), സുവിശേഷം ആഘോഷിക്കു ന്നതിന് നേതൃത്വം നല്കുക (വിശുദ്ധീകരണദൗത്യം). ഈ ദൗത്യനിർവ ഹണത്തിൽ കൃത്യമായി ഏർപ്പെട്ടുകൊണ്ട് ജാഗ്രതയുള്ള ജീവിതം നയി ക്കുവാൻ പുരോഹിതനു കഴിയണം.

**ജീവിതസൂചിക**

1. ദൈവാലയകേന്ദ്രീകൃതമായും പരിശുദ്ധ കുർബാന കേന്ദ്രീകൃ തമായും ജീവിക്കുന്ന സഭാസമൂഹമായി ഇടവകയെ കെട്ടിപ്പടുക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?

2. രക്തസാക്ഷിത്വത്തിനുപോലും തയ്യാറായി സുവിശേഷസാക്ഷ്യം വഹിക്കുവാൻ എന്റെ സമൂഹത്തെ ഞാൻ ഒരുക്കുന്നുണ്ടോ?

3. ദുരന്തങ്ങളെ മാനസാന്തരത്തിനുള്ള ആഹ്വാനങ്ങളായി തിരിച്ച റിഞ്ഞ് മാനസാന്തരപ്പെടാൻ ഞാൻ ജനങ്ങളെ സഹായിക്കുന്നുണ്ടോ?

4. മിശിഹായുടെ രണ്ടാമാഗമനത്തിന്റെ അനുഭവം ഏതെല്ലാം വിധ ത്തിലാണ് എന്റെ സഭാജീവിതത്തിൽ ഞാൻ ഉൾക്കൊള്ളുന്നത്?

5. ഏതെല്ലാം വിധത്തിലാണ് ഉണർവിന്റെ ജീവിതം നയിച്ച് കർത്താവിന്റെ വരവിനായി ഞാൻ ഒരുങ്ങുന്നത്?

# രൂപതാകച്ചേരി വാർത്തകൾ

**വാർഷികധ്യാനം**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന വൈദികർക്കായുള്ള വാർഷിക ധ്യാനം സെപ്റ്റംബർ മാസത്തിൽ രണ്ടു ബാച്ചുകളിലായി നടന്നു. ബഹു. ഷാജി കരിംപ്ലാനിൽ OFM Cap നയിച്ച ധ്യാനങ്ങളിൽ 166 വൈദികർ പങ്കെടുത്തു. ധ്യാന വിജയത്തിനായി സഹകരിച്ച എല്ലാവർക്കും നന്ദിയും അഭിനന്ദനങ്ങളും.

ഈ ധ്യാനങ്ങളിൽ പങ്കെടുത്തിട്ടില്ലാത്ത രൂപതാ വൈദികർ ഈ വർഷം ഡിസംബർ 31 ന് മുൻപായി വാർഷിക ധ്യാനം നടത്തുകയും ആ വിവരം റിപ്പോർട്ട് ചെയ്യുകയും കുർബാന കണക്കു ബുക്ക് രൂപതാ കച്ചേരിയിൽ സമർപ്പിച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യേണ്ടതാണ്.

**വൈദിക സമ്മേളനം (Priests' Conference)**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരുടെയും ഒരു യോഗം 2017 നവംബർ 7 ചൊവ്വാഴ്ച രാവിലെ 10.30 മുതൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നു. വിശദവിവരങ്ങൾ കത്ത് മുഖേന ബഹു. വൈദികർ അറിഞ്ഞിട്ടുണ്ടാവുമല്ലോ.

**പാസ്റ്ററൽ കൗൺസിൽ**

മാനന്തവാടി രൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഒരു യോഗം നവംബർ 11 ശനിയാഴ്ച 10.30 മുതൽ 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നു. വിശദവിവരങ്ങൾ അംഗങ്ങളെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

**സന്യാസ സന്യാസിനീ സമൂഹങ്ങളിലെ സുപ്പീരിയേഴ്സിന്റെ യോഗം**

മാനന്തവാടി രൂപതയിൽ സേവനം ചെയ്യുന്ന സന്യാസ സന്യാസിനീ സമൂഹങ്ങളിലെ (Men & Women Religious) മേജർ സുപ്പീരിയേഴ്സിന്റെയും ലോക്കൽ സുപ്പീരിയേഴ്സിന്റെയും ഒരു യോഗം നവംബർ 24 വെള്ളിയാഴ്ച രാവിലെ 10.30 മുതൽ 1 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. സുപ്പീരിയർമാർക്ക് ക്ഷണക്കത്തുകൾ അയച്ചിട്ടുണ്ട്. ഏതെങ്കിലും കാരണവശാൽ കിട്ടിയില്ലെങ്കിലും ഇതൊരു

അറിയിപ്പായി സ്വീകരിച്ച് യോഗത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**സ്നേഹസ്മരണ**

നവംബർ 12–ാം തീയതി നമ്മുടെ പ്രിയപ്പെട്ട ജോസഫ് ചൂരയ്ക്കാമറ്റത്തിലച്ചന്റെ ചരമവാർഷികദിനമാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**പൗരോഹിത്യം സ്വീകരിക്കുന്നവർ**

ആലുവ മംഗലപ്പുഴ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ കളരിക്കൽ പോൾ (ജോഫ്രി), കുന്നോത്ത് ഗുഡ്ഷെപ്പേർഡ് സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ ചക്കുളത്തിൽ ജോസഫ് (റ്റിബിൻ), റോമിലെ മരിയ മാത്തർ എക്ലേസിയെ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ കറുത്തേടത്ത് മാത്യു (രജീഷ്), തൃശൂർ മേരി മാതാ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കന്മാരായ അറയ്ക്കപറമ്പിൽ എമ്മാനുവേൽ (മനു), ഒറവാറന്തറ വിൻസെന്റ് (സന്തോഷ്), കോട്ടയം വടവാതൂർ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ ഏലംകുന്നേൽ ജോസഫ് (ടോണി), എന്നിവർ ഡിസംബർ – ജനുവരി മാസങ്ങളിൽ തിരുപ്പട്ടം സ്വീകരിക്കുവാൻ ഒരുങ്ങുന്നു. ഇവർക്ക് ആശംസകളും അനുമോദനങ്ങളും നേരുന്നു. പൗരോഹിത്യ കൂട്ടായ്മയിലേയ്ക്ക് ഇവർക്ക് ഹൃദ്യമായ സ്വാഗതം. പൗരോഹിത്യ സ്വീകരണത്തിനായി ഒരുങ്ങുന്ന ഇവരെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

**തിരുപ്പട്ട സ്വീകരണത്തിന്റെ തീയതിയും സ്ഥലവും**

| തീയതി | വീട്ടുപേരും പേരും | സ്ഥലം | സമയം |
|---|---|---|---|
| 2017 ഡിസം.26 | കളരിക്കൽ പോൾ (ജോഫ്രി) | ദീപ്തിഗിരി | രാവിലെ 9.15 |
| 2017 ഡിസം.27 | ചക്കുളത്തിൽ ജോസഫ് (റ്റിബിൻ) | അമരക്കുനി | രാവിലെ 9.15 |
| 2017 ഡിസം.28 | കറുത്തേടത്ത് മാത്യു (രജീഷ്) | നടവയൽ | രാവിലെ 9.15 |
| 2017 ഡിസം.30 | അറയ്ക്കപറമ്പിൽ എമ്മാനുവേൽ (മനു) | ചെന്നലോട് | രാവിലെ 9.15 |
| 2018 ജനുവരി 2 | ഏലംകുന്നേൽ ജോസഫ് (ടോണി) | നരിവാലമുണ്ട | രാവിലെ 9.15 |
| | ഒറവാറന്തറ വിൻസെന്റ് (സന്തോഷ്) | പാതിരിപ്പാടം | ഉച്ചകഴിഞ്ഞ് 2.30 |

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വൈദികരുടെ മാസധ്യാനം

**മാനന്തവാടി ഫൊറോന**

മാനന്തവാടി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം 2017 ഒക്ടോബർ 10 ന് മുതിരേരി ലിറ്റിൽ ഫ്ളവർ പള്ളിയിൽ വച്ച് നടത്തി. മാസധ്യാനത്തിൽ 20 വൈദികർ പങ്കെടുത്തു. ബഹു. ഇടവക വികാരി സോമി വടയാപറമ്പിലച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. ബഹു. പോൾ മുണ്ടോളിക്കൽ അച്ചൻ ബഹു. ജോർജ് മമ്പള്ളിൽ അച്ചനെ അനുമോദിച്ചുകൊണ്ട് പ്രസംഗിക്കുകയും ബൊക്കെയും സമ്മാനവും നൽകുകയും ചെയ്തു. ബഹു. ജോർജ് മമ്പള്ളിലച്ചൻ ധ്യാനചിന്തകൾ പങ്കുവെച്ചു. തുടർന്ന് ദിവ്യകാരുണ്യ ആരാധനയും മീറ്റിംഗും നടത്തി. ഒക്ടോബർ മാസത്തിൽ ജന്മദിനമാഘോഷിക്കുന്ന സോജി കഴുകനോനിക്കലച്ചൻ CMI, പോൾ മുണ്ടോളിക്കലച്ചൻ, സെബാസ്റ്റ്യൻ ഏലംകുന്നേലച്ചൻ എന്നിവർക്ക് ആശംസകൾ അർപ്പിച്ചു. തുടർന്ന് ബഹു. മുണ്ടോളിക്കലച്ചൻ, സംഘടനാ മതബോധന ഡയറക്ടർമാരായ റവ. ഫാ. സോമി വടയാപറമ്പിൽ, റവ. ഫാ. ജോസഫ് ഔസേപ്പറമ്പിൽ, റവ. ഫാ. ആന്റോ മമ്പള്ളിൽ, റവ. ഫാ. ജിനോജ് പാലത്തടത്തിൽ എന്നിവർ സംസാരിച്ചു. തുടർന്ന് സെബാസ്റ്റ്യൻ പുത്തേലച്ചൻ റേഡിയോ മാറ്റൊലിയെക്കുറിച്ച് സംസാരിക്കുകയും ബുക്കുകൾ പരിചയപ്പെടുത്തുകയും ചെയ്തു. അടുത്ത മാസധ്യാനം നവംബർ മാസത്തിൽ സെന്റ് ജോസഫ് ചർച്ച് പ്രശാന്തഗിരിയിൽ വച്ച് നടത്താൻ തീരുമാനിച്ചു.

**ഫാ. ആന്റോ ചിറയിൽപറമ്പിൽ**
സെക്രട്ടറി

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് 2017 രൂപതാതല പരീക്ഷാഫലം**

ഈ വർഷത്തെ ലോഗോസ് ക്വിസ്സിന് 16200 പേർ രജിസ്റ്റർ ചെയ്തു. ഏറ്റവും കൂടുതൽ പേർ രജിസ്റ്റർ ചെയ്ത 3 ഇടവകകൾ 1. ചുങ്കക്കുന്ന് (605), 2. കൊട്ടിയൂർ (539), 3. കയ്യൂന്നി (511) ഇതിന് നേതൃത്വം നൽകിയ ബഹു. വികാരിയച്ചൻമാർക്കും കൊച്ചച്ചൻമാർക്കും മതാധ്യാപകർക്കും സഹപ്രവർത്തകർക്കും ബൈബിൾ അപ്പോസ്തലേറ്റിന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**Group A**

| SlNo | Centre Name | Hall Ticket No | Name | Marks |
|---|---|---|---|---|
| 1 | Rippon | 35030901A0210 | Delna Punnamathathil | 89 |
| 2 | Kavumannam | 35110301A0004 | Elna Rose Akkapadickal | 84 |
| 3 | Padichira | 35060801A0718 | Nehal Chandrathil | 80 |
| | | **Group B** | | |
| 1 | Kayyunni | 35120701B1301 | Anjana Cherutharappel | 94 |
| 2 | Vilambukandam | 35071101B0295 | Hanna Milevah, Mukalakunnel | 90 |
| 3 | Thomattuchal | 35101001B0145 | Leni Nathanamthundathil | 88 |
| | | **Group C** | | |
| 1 | SH Provincial House | 35020401C0013 | Blessy Mathew | 99 |
| 2 | Kayyunni | 35150701C1909 | Deepa Vadakkethottam | 93 |
| 3 | Nadavayal | 35070102C0033 | Jancy Vennayapallil | 87 |
| | | **Group D** | | |
| 1 | Irulam | 35060401D0332 | Sebastian Kalluvettamkuzhy | 95 |
| 2 | Manvayal | 35121001D0100 | Sr. Rosamma SKD | 93 |
| 3 | Marakavu | 35060601D0126 | Ancy Thomas Mattathil | 92 |
| 3 | Kalpra | 35120101D0297 | Sheena Kodappananickal | 92 |

**Group E**

| | | | | |
|---|---|---|---|---|
| 1 | Chungakunnu | 35010101E1044 | Gracy Paulson, Valiyamattam | 90 |
| 2 | Deepthi Bhavan | 35040701E0001 | Sr. Anitha FCC | 89 |
| 3 | Olivumala | 35030801E0309 | Alphonsa Kottarapalli | 87 |

**Group F**

| | | | | |
|---|---|---|---|---|
| 1 | Pazhoor | 35100901F0532 | Reetha Palakkathadathil | 96 |
| 2 | Vazhavatta | 35031101F0001 | Rosamma Kocharackal | 92 |
| 3 | Chungakunnu | 35010101F0997 | Thomas Mangalath | 90 |

**Family**

| | | | | |
|---|---|---|---|---|
| 1 | Chungakunnu | 35010101 | Manakatt | 84.25 |
| 2 | Panamchira | 35121101 | Kadakelil | 79.67 |
| 3 | Chokkad | 35080201 | Thekketheruvil | 78.33 |

**Sincere congratulations to the winners and all those who participated in the quiz competition.**

ഈ വർഷത്തെ ലോഗോസ് ക്വിസ്സ് വിജയികൾക്ക് അഭിനന്ദനങ്ങൾ നേരുന്നു. ഇവരെ ഒരുക്കിയ മാതാപിതാക്കളെയും വികാരിയച്ചൻമാരെയും സിസ്റ്റേഴ്സിനെയും മതാധ്യാപകരെയും നന്ദിയോടെ ഓർക്കുന്നു. വിജയികൾക്കുള്ള സമ്മാനദാനം ഡിസംബർ 16-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്ന മാതൃവേദി ജനറൽബോഡി യോഗത്തിൽ വച്ച് നിർവ്വഹിക്കുന്നതാണ്.

രൂപതാതലത്തിൽ 1-ഉം, 2-ഉം, 3-ഉം സ്ഥാനങ്ങൾ നേടിയവർക്കുള്ള എഴുത്തുപരീക്ഷ നവംബർ 12-ന് കോഴിക്കോട് പ്രോവിഡൻസ് സ്കൂളിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മുതൽ 3 വരെയായിരിക്കും.

ഫാമിലി ക്വിസ്സിൽ ഒന്നാം സ്ഥാനം നേടിയ കുടുംബത്തിനുള്ള സംസ്ഥാനതല എഴുത്തു പരീക്ഷ P.O.C യിൽവച്ച് നവംബർ 25-ാം തീയതി ശനിയാഴ്ച്ച രാവിലെ 9.30-ന് ആയിരിക്കും.

**ബൈബിൾ മാസാചരണം – ഡിസംബർ**

സഭാംഗങ്ങളിലും പൊതുസമൂഹത്തിലും വി. ഗ്രന്ഥത്തോട് കൂടുതൽ അടുപ്പവും ആഭിമുഖ്യവും വളർത്താൻ ലക്ഷ്യമിട്ട് KCBC ബൈബിൾ കമ്മീഷൻ ഡിസംബർ മാസം ബൈബിൾ പാരായണ മാസമായി ആചരിക്കുന്നു. വചനം വായിക്കൻ വ്യക്തികൾക്കും, കുടുംബങ്ങൾക്കും, ഇടവകകൾക്കും, സ്ഥാപനങ്ങൾക്കും സഹായകരമാകും വിധം ബൈബിൾ വായനാകലണ്ടറും തയ്യാറാക്കിയിട്ടുണ്ട്. കലണ്ടർ ചുവടെ ചേർക്കുന്നു.

## സമ്പൂർണ്ണ ബൈബിൾ പാരായണത്തിന് ഒരു മാർഗ്ഗരേഖ
## (ഡിസംബർ : ബൈബിൾ പാരായണമാസം)

| തീയതി | വായന | തീയതി | വായന |
|---|---|---|---|
| 01 | ഉത്പ 1–38 | 13 | 1 മക്ക 6–16 |
| 02 | ഉത്പ 39–50 | | 2 മക്ക 1–15 |
| | പുറ 1–27 | 14 | ജോബ് 1–42 |
| 03 | പുറ 28–40 | 15 | സങ്കീ 1–76 |
| | ലേവ്യ 1–23 | 16 | സങ്കീ 77–134 |
| 04 | ലേവ്യ 24–27 | 17 | സങ്കീ 135–150 |
| | സംഖ്യ 1–28 | | സുഭാ 1–31 |
| 05 | സംഖ്യ 29–36 | | സഭാ 1–3 |
| | നിയ 1–31 | 18 | സഭാ 4–12 |
| 06 | നിയ 32–34 | | ഉത്ത 1–8 |
| | ജോഷ്വ 1–24 | | ജ്ഞാനം 1–19 |
| | ന്യായാ 1–13 | | പ്രഭാ 1–17 |
| 07 | ന്യായ 14–21 | 19 | പ്രഭാ 18–51 |
| | റൂത്ത് 1–4 | | ഏശ 1–8 |
| | 1 സാമു 1–31 | 20 | ഏശ 9–66 |
| | 2 സാമു 1–6 | 21 | ജറെ 1–47 |
| 08 | 2 സാമു 7–24 | 22 | ജറെ 48–52 |
| | 1 രാജാ 1–17 | | വിലാ 1–5 |
| 09 | 1 രാജാ 18–22 | | ബാറൂ 1–6 |
| | 2 രാജ 1–25 | | എസെ 1–22 |
| | 1 ദിന 1–6 | | ബാറു 1–6 |
| 10 | 1 ദിന 7–29 | | എസെ 1–22 |
| | 2 ദിന 1–19 | 23 | എസെ 23–48 |
| 11 | 2 ദിന 20–36 | | ദാനി 1–14 |
| | എസ്രാ 1–10 | 24 | ഹോസി 1–14 |
| | നെഹെ 1–13 | | ജോയേ 1–3 |
| | തോബി 1–3 | | ആമോ 1–9 |
| 12 | തോബി 4–14 | | ഒബാ 1 |
| | യൂദി 1–16 | | യോനാ 1–4 |
| | എസ്തേ 1–16 | | മിക്ക 1–7 |
| | 1 മക്ക 1–5 | | നാഹും 1–3 |

| | |
|---|---|
| | ഹബ 1–3 |
| | സെഫാ 1–3 |
| | ഹഗ്ഗാ 1–2 |
| | സഖ 1–14 |
| | മല 1–4 |
| 26 | മത്താ 1–28 |
| | മർക്കോ 1–7 |
| 27 | മർക്കോ 8–16 |
| | ലൂക്ക 1–24 |
| 28 | യോഹ 1–21 |
| | അപ്പ 1–13 |
| 29 | അപ്പ 14–28 |
| | റോമ 1–16 |
| | 1 കോറി 1–16 |
| 30 | 2 കോറി 1–13 |
| | ഗലാ 1–6 |
| | എഫേ 1–6 |
| | ഫിലി 1–4 |
| | കൊളോ 1–4 |
| | 1 തെസ 1–5 |
| | 2 തെസ 1–3 |
| | 1 തിമോ 1–6 |
| | 2 തിമോ 1–4 |
| | തീത്തോ 1–3 |
| | ഫിലേ 1 |
| 31 | ഹെബ്രാ 1–13 |
| | യാക്കോ 1–5 |
| | 1 പത്രോ 1–5 |
| | 2 പത്രോ 1–3 |
| | 1 യോഹ 1–5 |
| | 2 യോഹ 1 |
| | 3 യോഹ 1 |
| | യൂദാ 1 |
| | വെളി 1–22 |

സമ്പൂർണ്ണ ബൈബിൾ 95 മണിക്കൂറുകൾകൊണ്ട് വായിച്ചു തീർക്കാവുന്നതാണ്. തയ്യാറാക്കിയത്: കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ, പി.ഒ.സി., പി.ബി. നമ്പർ 2251, പാലാരിവട്ടം, കൊച്ചി, കേരള, ഫോൺ: 0484 2805897

E-mail: secretary@keralabiblesociety.com, visit: www.keralabiblesociety.com

**ഫാ. പോൾ വാഴപ്പിള്ളി**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

## രൂപതാ പ്ലസ് വൺ വിദ്യാർത്ഥി സംഗമം

നവംബർ 12-ാം തീയതി ഞായറാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്ന രൂപതാ പ്ലസ് വൺ വിദ്യാർത്ഥി സംഗമത്തെക്കുറിച്ച് ഇതിനകം അറിഞ്ഞിരിക്കുമല്ലോ. പ്ലസ് വൺ-ൽ വിശ്വാസപരിശീലനം നേടുന്ന മുഴുവൻ വിദ്യാർത്ഥികളേയും പ്ലസ്‌വൺ ക്ലാസ്സ് അധ്യാപകരേയും ഏറെ സന്തോഷത്തോടെ രൂപതാ മതബോധന കേന്ദ്രം ഈ കൺവൻഷനിലേക്ക് സ്വാഗതം ചെയ്യുന്നു. കേരളത്തിലെ ഏറ്റവും പ്രശസ്തരായ വ്യക്തികളാണ് കൺവെൻഷൻ നയിക്കുന്നത്. അതിനാൽ ഈ അവസരം നഷ്ടപ്പെടുത്താതെ എല്ലാ പ്ലസ് വൺ വിദ്യാർത്ഥികളും നിർബന്ധമായും ഈ കൺവൻഷനിൽ പങ്കെടുക്കാൻ ശ്രദ്ധിക്കുക. കൺവൻഷനുമായി ബന്ധപ്പെട്ട ചില പ്രധാന കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നു.

നമ്മുടെ രൂപതയിൽ പതിനൊന്നാം ക്ലാസ്സിൽ വിശ്വാസ പരിശീലനം നേടുന്ന മുഴുവൻ വിദ്യാർത്ഥികളും ഒന്നുചേരുന്ന സംഗമമാണിത്. 12 വർഷത്തെ വിശ്വാസ പരിശീലനത്തിനിടയിൽ ഒരിക്കൽ എങ്കിലും രൂപതയിൽ ഒത്തുചേരുവാനുള്ള അവസരമൊരുക്കുക, കൗമാരപ്രായക്കാർ ഇന്ന് അഭിമുഖീകരിക്കുന്ന വിശ്വാസപ്രതിസന്ധികൾ ചർച്ചയ്ക്ക് വിധേയമാക്കുക എന്നീ ലക്ഷ്യത്തോടെയാണ് ഈ ഏകദിന കൺവെൻഷൻ ക്രമീകരിച്ചിരിക്കുന്നത്.

നവംബർ 12-ാം തീയതി രാവിലെ 9.30 ന് അഭിവന്ദ്യ പിതാവിന്റെ കാർമ്മികത്വത്തിലുള്ള വി. ബലിയോടുകൂടിയാണ് കൺവെൻഷൻ ആരംഭിക്കുന്നത്, വൈകുന്നേരം 4.00 മണിക്ക് അവസാനിക്കുന്നു.

വിദ്യാർത്ഥികൾക്കുള്ള ഇരിപ്പിടങ്ങൾ ഫൊറോനാതലത്തിൽ ക്രമീകരിച്ചിട്ടുണ്ട്. നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ തന്നെ ഇരിക്കാൻ ശ്രദ്ധിക്കണം.

Dr. Mario Joseph ആണ് കൺവെൻഷൻ നയിക്കുന്നത്. വിദ്യാർത്ഥികൾ സുരക്ഷിതരായി കൺവെൻഷനിൽ പങ്കെടുത്ത്

മടങ്ങുന്നത് ഉറപ്പാക്കാൻ അവരുടെ ക്ലാസ്സ്അധ്യാപകരേയും വിദ്യാർത്ഥികളുടെ കൂടെ പറഞ്ഞയക്കാൻ ശ്രദ്ധിക്കുമല്ലോ.

രജിസ്ട്രേഷൻ ഫീസ് ഒരാൾക്ക് 100 രൂപയാണ്. രജിസ്ട്രേഷൻ ഫോം കത്തിനൊപ്പം അയക്കുന്നതാണ്. കൺവെൻഷൻ ദിവസം രജിസ്ട്രേഷൻ കൗണ്ടറുകളിൽ രജിസ്ട്രേഷൻ ഫോം രജിസ്ട്രേഷൻ ഫീസിനൊപ്പം ഏൽപ്പിച്ചാൽ മതി.

വാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ദ്വാരക യുപി സ്കൂൾ ഗ്രൗണ്ടിലും Sacred Heart Higher Secondary School ഗ്രൗണ്ടിലും ആയി ക്രമീകരിച്ചിരിക്കുന്നു. എല്ലാ പ്ലസ് വൺ വിദ്യാർത്ഥികളേയും അവരുടെ ക്ലാസ്സ് അധ്യാപകരേയും ഈ കൺവൻഷന് പറഞ്ഞയക്കുമല്ലോ.

**മതാധ്യാപകദിനം**

എന്റെ കുഞ്ഞുമക്കളേ, ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ വീണ്ടും ഞാൻ നിങ്ങൾക്കുവേണ്ടി ഈറ്റുനോവ് അനുഭവിക്കുന്നു. (ഗലാ. 4.19). ക്രിസ്തു വിശ്വാസത്തിലേക്ക് ആളുകളെ കൊണ്ടുവരിക, അവരിൽ ക്രിസ്തുവിനെ രൂപപ്പെടുത്തിയെടുക്കുക ഇവ രണ്ടും സുവിശേഷ പ്രവർത്തനത്തിന്റെ ലക്ഷ്യങ്ങളാണ്. പൗലോസ് ശ്ലീഹാ അനുഭവിച്ച ഈറ്റുനോവ് ഇന്ന് സഭയും അനുഭവിക്കുന്നുണ്ട്. സഭാതനയരിൽ ക്രിസ്തുവിനെ രൂപപ്പെടുത്തിയെടുക്കുവാനുള്ള നോവാണിത്. കുട്ടികളിൽ വിശ്വാസം ആഴപ്പെടുത്തുകയും വിശ്വാസത്തിന് അനുസൃതമായ മനോഭാവങ്ങളും മൂല്യങ്ങളും വളർത്തിയെടുക്കുകയും ചെയ്യുന്നത് ശ്രമകരമായ ദൗത്യമാണ്. ഇതിനുള്ള പ്രഥമ ചുമതല മാതാപിതാക്കൾക്കാണെങ്കിലും സഭാ സമൂഹത്തിന് മുഴുവനും ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ട്. മതബോധന ക്ലാസ്സുകളിലൂടെ ഈ ഉത്തരവാദിത്വമാണ് സഭ നിർവ്വഹിക്കാൻ ശ്രമിക്കുന്നത്. മതബോധനത്തിന്റെ ഉത്തരവാദിത്വം ഗൗരവമായെടുത്ത് ഇടവകയിൽ നിറവേറ്റുവാൻ സഹായിക്കുന്ന മുഴുവൻ മതാധ്യാപകരേയും നന്ദിയോടെ അനുസ്മരിക്കുന്നു. നവംബർ 5-ാം തീയതി മതാധ്യാപക ദിനമാണ്. ഇടവകയിലെ പ്രഥമ മതാധ്യാപകനായ ബഹു. വികാരിയച്ചനും വികാരിയച്ചനെ മതബോധനം എന്ന ദൗത്യത്തിൽ സഹായിക്കുന്ന മുഴുവൻ മതാധ്യാപകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങൾ.

**പ്ലസ്ടു വിദ്യാർത്ഥി സംഗമം**

ഒക്ടോബർ 8-ാം തീയതി നടവയൽ ഫൊറോനയിലും 15-ാം തീയതി ബത്തേരി ഫൊറോനയിലും പ്ലസ് ടു വിദ്യാർത്ഥികളുടെ സംഗമം നടത്തപ്പെട്ടു. സംഗമത്തിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും നടത്തിയ മേഖലാ ഡയറക്ടേഴ്സ് ബഹു. ജയ്സൺ

കുഴികണ്ടത്തിൽ അച്ചനും ബഹു. കുര്യൻ വാഴയിൽ അച്ചനും മേഖലാ സെക്രട്ടറിമാർക്കും ഹൃദയം നിറഞ്ഞ നന്ദി. നവംബർ 19-ന് നീലഗിരി റീജിയണിലും നവംബർ 26-ന് കൽപ്പറ്റ ഫൊറോനയിലും ഡിസംബർ 3-ന് മണിമൂളി- നിലമ്പൂർ റീജിയണിലും ഡിസംബർ 17-ന് ദ്വാരക ഫൊറോനയിലും പ്ലസ് ടു സംഗമങ്ങൾ നടത്തപ്പെടുന്നതാണ്.

പ്രത്യേകം ശ്രദ്ധിക്കുക, പ്ലസ് ടു സംഗമത്തിൽ പങ്കെടുക്കാത്ത കുട്ടികൾക്ക് യൂണിവേഴ്സിറ്റി പരീക്ഷ എഴുതാനുള്ള യോഗ്യത ഉണ്ടായിരിക്കുന്നതല്ല. ഏതെങ്കിലും കാരണവശാൽ പങ്കെടുക്കാൻ സാധിക്കാത്തവർ ഉണ്ടെങ്കിൽ ഡിസംബർ 17-ന് ദ്വാരകയിൽ വച്ച് നടക്കുന്ന പ്ലസ്ടു സംഗമത്തിൽ പങ്കെടുക്കുക. ഹാജരാകാത്ത വിദ്യാർത്ഥികൾക്കായി മറ്റൊരു സംഗമം ഉണ്ടായിരിക്കുന്നതല്ല.

**DCC II Year കോൺടാക്റ്റ് ക്ലാസ്സ് നവംബർ 19-ന്**

DCC 2016-2018 ബാച്ചിന്റെ അടുത്ത കോൺടാക്റ്റ് ക്ലാസ്സ് നവംബർ 19-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9.30-ന് വി. കുർബ്ബാനയോടുകൂടിയാണ് ക്ലാസ്സ് ആരംഭിക്കുന്നത്. വിദ്യാർത്ഥികൾ സമയത്ത് തന്നെ എത്തിച്ചേരുവാൻ ശ്രദ്ധിക്കുക.

**HDC I Year കോൺടാക്റ്റ് ക്ലാസ്സ്**

HDC ഒന്നാം വർഷക്കാരുടെ രണ്ടാമത്തെ കോൺടാക്റ്റ് ക്ലാസ്സ് നവംബർ 4-ന് ബത്തേരിലും നവംബർ 11-ന് ദ്വാരകയിലും നവംബർ 25-ന് മണിമൂളിയിലും വച്ച് നടത്തപ്പെടുന്നതാണ്.

**HM, PP കോൺഫ്രൻസ് ഡിസംബർ 9-ന്**

കഴിഞ്ഞ മെയ് മാസത്തിലെ HM, PP കോൺഫ്രൻസിൽ നിർദ്ദേശിക്കപ്പെട്ടതുപോലെ അടുത്ത HM, PP കോൺഫ്രൻസ് ഡിസംബർ 9-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. പ്രധാനാധ്യാപകർ അന്നേദിവസം വരുമ്പോൾ കുട്ടികളുടെ പരീക്ഷാ ചോദ്യപേപ്പറിന്റെ ഈ വർഷത്തെ വിലകൊണ്ടുവരണം. ഡിപ്ലോമ (X) സ്കോളർഷിപ്പ് (IV,VII) പരീക്ഷകളുടെ രജിസ്ട്രേഷൻ ഫോറങ്ങൾ കൃത്യമായും വ്യക്തമായും പൂരിപ്പിച്ച് (in English Capital Letters) ഓഫീസിൽ ഏൽപ്പിക്കണം. ഹാൾടിക്കറ്റ് കൈപ്പറ്റുകയും ചെയ്യണം.

**ഗൂഡല്ലൂർ മേഖലാ മതബോധന റിപ്പോർട്ട്**

ഗൂഡല്ലൂർ മേഖലയിലെ മതാധ്യാപകരുടെ സംഗമം 2017 സെപ്റ്റംബർ 10-ാം തീയതി കയ്യൂന്നിയിൽ വച്ച് നടത്തി. മേഖലയിലെ 11 ഇടവകകളിൽ നിന്നായി 133 അധ്യാപകർ പങ്കെടുത്തു. സംഗമത്തിൽ മതബോധനത്തിന്റെ ആവശ്യകതയും പ്രസക്തിയും ഇന്നത്തെ

സമൂഹത്തിൽ ഏതെല്ലാം വിധത്തിൽ പകർന്നു കൊടുക്കാം എന്നതിനെ സംബന്ധിച്ച് അസി. പ്രൊഫ. അലക്സ് ജോർജ്ജ് (പാലാ) ക്ലാസ്സ് നയിച്ചു. ഉച്ചയ്ക്ക് ശേഷം നടന്ന പൊതു മീറ്റിംഗിൽ മതബോധന ഞായറിനോടനുബന്ധിച്ച് എല്ലാ അധ്യാപകർക്കും മേഖലാ ഡയറക്ടർ ബഹുമാനപ്പെട്ട തോമസ് മണക്കുന്നേലച്ചൻ ആശംസകളും പ്രാർത്ഥനകളും ഉപഹാരങ്ങളും നൽകി ആദരിച്ചു. മതബോധന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്ന കൽപ്ര ഇടവകയിലെ ഹെഡ്മാസ്റ്ററായ ജോസഫ് കളപുരയ്ക്കൽ സാറിന് മേഖലയുടെ പ്രത്യേക അനുമോദനങ്ങളും ആശംസകളും പ്രാർത്ഥനകളും അതോടൊപ്പം മെമന്റോയും മതബോധന ഡയറക്ടർ റവ. ഫാ. തോമസ് മണക്കുന്നേൽ നൽകി ആദരിച്ചു. സംഗമത്തിൽ പങ്കെടുത്ത എല്ലാ അധ്യാപകർക്കും സംഗമത്തിന്റെ വിജയത്തിനായി പ്രാർത്ഥിച്ചവർക്കും പ്രവർത്തിച്ചവർക്കും മേഖലാ സെക്രട്ടറി ആന്റണി കണിയോടിക്കൽ നന്ദി അറിയിച്ചു.

**ആന്റണി കണിയോടിക്കൽ –** മേഖലാ സെക്രട്ടറി

## ചർച്ചാവിഷയം – V

### നിത്യമായ ജീവിതത്തിൽ ഞാൻ വിശ്വസിക്കുന്നു എന്നതിന്റെ പൊരുൾ

വിശ്വാസപ്രമാണത്തിൽ കത്തോലിക്കാ സഭയുടെ പന്ത്രണ്ട് അടിസ്ഥാന വിശ്വാസസത്യങ്ങളാണ് പ്രഖ്യാപിക്കുന്നത്. മാമ്മോദീസായിലൂടെ ഈ വിശ്വാസസത്യങ്ങൾ ഓരോ വ്യക്തിയുടെയും വിശ്വാസ ജീവിതത്തിന്റെ ഭാഗമായിത്തീരുന്നു. ഈ വിശ്വാസ സത്യങ്ങളിൽ ഏറ്റവും അവസാനമായി പ്രഖ്യാപിക്കുന്നതാണ് നിത്യജീവനിലുള്ള വിശ്വാസം അഥവാ മരണാനന്തര ജീവിതത്തിലുള്ള പ്രത്യാശ. ദൃശ്യമായ സൃഷ്ടിയിൽ ദർശിക്കുന്ന ദൈവസാന്നിധ്യം ഏറ്റുപറഞ്ഞ് തുടങ്ങുന്ന വിശ്വാസപ്രമാണം അവസാനിക്കുന്നത് അദൃശ്യനായ ദൈവവുമായുള്ള ഒന്നുചേരൽ ഏറ്റുപറഞ്ഞു കൊണ്ടാണെന്നതിനാൽ വിശ്വാസ ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യം നിത്യജീവൻ പ്രാപിക്കലാണന്ന് വ്യക്തമാക്കപ്പെടുന്നു.

### മനുഷ്യന്റെ മഹത്വം

നിത്യജീവനെക്കുറിച്ചുള്ള വ്യക്തത കൈവരിക്കാൻ മനുഷ്യന്റെ പ്രത്യേകതയും മഹത്വവും ആദ്യമേ തിരിച്ചറിയേണ്ടതുണ്ട്. രണ്ട് വസ്തുതകൾ ഇവിടെ പരിഗണിക്കാം. ക്രമരഹിതവും അന്ധകാരാവൃതവുമായിരുന്ന അവസ്ഥയെ വാക്കുകൊണ്ട്

ക്രമപ്പെടുത്തിയും, പ്രകാശമാകുന്ന ഊർജ്ജസ്രോതസ്സിനെ സൃഷ്ടിച്ചും തുടങ്ങിയ സൃഷ്ടികർമ്മം അവസാനിച്ചത് മനുഷ്യനിലാണ്. അതിനാൽത്തന്നെ ഇതിലും ഉദാത്തമായ മറ്റൊന്നിനെ സൃഷ്ടിക്കാൻ ഇല്ലെന്ന് വ്യക്തമാക്കപ്പെടുന്നു. രണ്ട്, ജീവനില്ലാത്ത വസ്തുക്കളുടെ സൃഷ്ടിയും തുടർന്ന് ജീവനുള്ളവയുടെ സൃഷ്ടിയും പിന്നീട് ദൈവാംശം പകർന്നുനൽകുന്ന സൃഷ്ടിയും എന്ന ക്രമം കാണാൻ കഴിയുന്നു. ഇതിൽ ദൈവാംശം നാസാരന്ധ്രങ്ങളിലൂടെ പകർന്നുകിട്ടിയത് മനുഷ്യനാണ്. അതുകൊണ്ട് തന്നെ മനുഷ്യൻ കേവലമായ ഭൗതികവസ്തുവോ, ഉന്നതമായ ജൈവഘടകമോ അല്ലെന്നും ഇവയോടൊപ്പം ദൈവീകാംശം കൂടി ചേർത്ത് വിശുദ്ധമാക്കപ്പെട്ടവനാണെന്ന് മനസ്സിലാക്കാം. അതായത് മനുഷ്യനിൽ കുടികൊള്ളുന്ന വിശുദ്ധിയുടെ കാരണമായ ദൈവീകതയെയാണ് ദൈവഛായ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇതാണ് ഇതര സൃഷ്ടികളിൽ നിന്നും മനുഷ്യനെ മഹത്വമുള്ളവനാക്കുന്നത്.

**ആത്മാവ് ഉള്ള സൃഷ്ടി**

ആത്മാവ് എന്ന പദം മനുഷ്യനിലെ ഏറ്റവും അമൂല്യമായ അന്തസത്തയെ സൂചിപ്പിക്കുന്നു. ഈ അന്തസത്തയാണ് അവനിലുള്ള ദൈവീകത. ഈ ദൈവീകതയുടെ തലത്തെയാണ് നമ്മൾ ആത്മീയത എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ചുരുക്കത്തിൽ ആത്മാവ് എന്നത് മനുഷ്യനിലെ ആദ്ധ്യാത്മികതയെ സൂചിപ്പിക്കുന്നു. (CCC 363) അപ്പോൾ ശരീരവും അതിനെ പ്രവർത്തന സജ്ജമാക്കുന്ന ജീവനും കൂടാതെ ആത്മാവ് കൂടിയുള്ള സൃഷ്ടിയാണ് മനുഷ്യൻ. പ്രപഞ്ചത്തിലെ മറ്റൊരു സൃഷ്ടിയിലും ആത്മാവ് ഇല്ലന്നും, ആത്മാവും ജീവനും രണ്ടാണെന്നും ഇതിലൂടെ വെളിപ്പെടുത്തപ്പെടുന്നു. ശരീരം സൃഷ്ടിക്കപ്പെടുന്ന തോടൊപ്പം ആത്മാവിനെ ദൈവം മനുഷ്യനിലേക്ക് സന്നിവേശിപ്പി ക്കുന്നു.

**എന്താണ് നിത്യജീവൻ**

സൃഷ്ടി എന്ന നിലയിൽ മനുഷ്യന് മൂന്ന് പ്രധാന ഉത്തരവാദിത്വങ്ങൾ ഉണ്ട്. ഒന്ന് സൃഷ്ട പ്രപഞ്ചത്തിൽ സ്രഷ്ടാവ് സന്നിവേശിപ്പിച്ച നൻമയും മനോഹാരിതയും സംരക്ഷിക്കുകയും നിലനിർത്തുകയും ചെയ്യുക. രണ്ട് സ്രഷ്ടാവായ ദൈവത്തെ ലോകത്തിന് വെളിപ്പെടുത്തികൊടുക്കുക. മൂന്ന് ആത്മാവിനെ വിശുദ്ധമായി കാത്തുപരിപാലിക്കുക. ദൈവം മനുഷ്യനെ സൃഷ്ടിച്ചത്

അവിടുത്തെ അന്വേഷിച്ച്, അറിഞ്ഞ് സ്നേഹിച്ച് മഹത്വവും സ്തുതിയുമർപ്പിച്ച് നിത്യസൗഭാഗ്യത്തിൽ എത്തുന്നതിനായിട്ടാണ്. (CCC 52 /53). ദൈവം സൃഷ്ടിച്ചു നൽകിയ വിശുദ്ധ ആത്മാവിനെ ഭൗതിക ജീവിതത്തിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റിക്കൊണ്ട് പൂർണ്ണവിശുദ്ധിയോടെ ദൈവത്തിലേക്ക് തന്നെ എത്തിച്ചേരുക എന്നതാണ് നിത്യസൗഭാഗ്യം എന്നതിന്റെ അർത്ഥം. അപ്പോൾ ശരീരത്തിന് ആരംഭവും അവസാനവും ഉണ്ടെന്നും എന്നാൽ ആത്മാവിന് ഇവ രണ്ടും ഇല്ലന്നും വ്യക്തം. മറ്റു വാക്കുകളിൽ ശാരീരിക ജീവന് ആദ്യാവസാനം ഉണ്ടെന്നും ആത്മീയ ജീവൻ നിത്യമാണെന്നും കാണാം. അതിനാൽ ആത്മാവിന്റെ നിത്യമായ അവസ്ഥയാണ് നിത്യജീവൻ. ഇത് ശാരീരിക ജീവനിലെ സ്വാതന്ത്ര്യത്തിന്റെ വിനിയോഗപ്രകാരം സ്വർഗ്ഗത്തിലോ, നരകത്തിലോ എത്തിച്ചേരാം. പൂർണ്ണവിശുദ്ധിയോടെ മനുഷ്യനുമാത്രം ലഭ്യമായിട്ടുള്ള ആത്മാവിന്റെ വിശുദ്ധി നിലനിർത്താൻ യേശുക്രിസ്തുവിലും അവിടുത്തെ അയച്ചവനിലും വിശ്വസിക്കുക ആവശ്യമാണ് (CCC 161).

**മരണം /വിധി /സ്വർഗ്ഗം/ നരകം**

നമസ്കാരങ്ങളിൽ നാം പഠിക്കുന്നതാണ് മനുഷ്യന്റെ അന്ത്യങ്ങൾ. ഇത് നിത്യജീവനുമായി ബന്ധപ്പെട്ട പഠനത്തിന്റെ ക്രോഡീകൃതരൂപമാണ്. നിത്യജീവനെ മരണാനന്തരജീവിതം എന്നുകൂടി വിശേഷിപ്പിക്കുന്നു. ഇതിനർത്ഥം മരണശേഷം ആരംഭിക്കുന്ന ജീവിതം എന്നല്ല. ഒരുവന്റെ ആത്മീയജീവന്റെ അവസ്ഥ നിർണ്ണയിക്കപ്പെടുന്നത് അയാളുടെ ഭൗമികജീവിതത്തെ മുൻനിറുത്തിയാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ നിത്യജീവനുള്ള അർഹത നേടുന്നത് ഭൂമിയിലെ ജീവിതത്തിലൂടെയാണ്. മരണാനന്തരം നടക്കുന്നത് അതിന്റെ വെളിപ്പെടുത്തൽ മാത്രമാണ്.

ഭൗമിക ജീവിതത്തിന്റേയും ശാരീരിക ജീവന്റേയും അന്ത്യമാണ് മരണം. ശാരീരിക ജീവൻ സമയം കൊണ്ട് അളക്കപ്പെടുകയും സ്ഥലംകൊണ്ട് പരിധി നിശ്ചയിക്കപ്പെടുകയും ചെയ്തിരിക്കുന്നു. മനുഷ്യനെ അവന്റെ മരണത്തിലൂടെ ദൈവം തന്നിലേക്ക് വിളിക്കുന്നു. അതിനാൽ പിതാവിനോടുള്ള അനുസരണത്തിന്റേയും സ്നേഹത്തിന്റേയും ഒരു പ്രകരണമാണ് മനുഷ്യൻ. മരണത്തിൽ വേർപിരിയലും കൂടിച്ചേരലും ഉൾപ്പെട്ടിരിക്കുന്നു. ശരീരവും ആത്മാവും തമ്മിലുള്ള വേർപിരിയലും, നന്മയായ ദൈവവുമായുള്ള കൂടിചേരലും; ദൈവവുമായി കൂടിചേരാൻ ആകാതെവരുന്ന വേർപിരിയലിന്റെ

ദു:ഖവും തിൻമയുടെ ശക്തിയുമായോ ഉള്ള ആത്മാവിന്റെ കൂടിച്ചേരലും. അതിനാൽ മരണത്തിനായി നമ്മെത്തന്നെ വിശുദ്ധമായി ഒരുക്കേണ്ടതുണ്ട്.

മരണം മനുഷ്യന്റെ ഭൗമിക തീർത്ഥാടനത്തിന്റെ അവസാന മാണ്. ദൈവീക പദ്ധതിക്കനുസൃതമായി തന്റെ ഭൗമികജീവിതം നയിക്കാനും തന്റെ പരമമായ ഭാഗധേയത്തെ നിശ്ചയിക്കാനുമായി ദൈവം നൽകുന്ന കൃപാവരത്തിന്റേയും കാരുണ്യത്തിന്റേയും സമയത്തിന്റെ അന്ത്യമാണ്. മരണശേഷം മനുഷ്യർക്കോ പതനശേഷം മാലാഖമാർക്കോ അനുതാപം സാധ്യമല്ലെന്ന് കൂടി നാം ഓർക്കേണ്ടതുണ്ട്. ഭൗമികജീവിതത്തിലെ ഈ യാത്ര അവസാനിക്കു മ്പോൾ നാം മറ്റൊരു ഭൗമിക യാത്രയിലേക്ക് തിരിയുന്നില്ല. മനുഷ്യൻ ഒരിക്കൽ മരിക്കണമെന്ന് നിശ്ചയിക്കപ്പെട്ടിരിക്കുന്നു. മരണശേഷം പുനർജൻമമില്ല. (CCC 1013) ഉള്ളത് അന്ത്യവിധിയിലെ പുനരുത്ഥാ നമാണ്.

**വിധി**

ഭൗമികജീവിതത്തിലെ വിശ്വാസത്തിനും പ്രവൃത്തികൾക്കു മനുസൃതമായി ആത്മീയ പ്രതിഫലം ലഭ്യമാകുന്നതാണിത്. ഓരോ മനുഷ്യനും തന്റെ മരണനിമിഷത്തിൽ തന്നെ അമർത്യമായ ആത്മാവിൽ ശാശ്വത പ്രതിഫലം സ്വീകരിക്കുന്നു. ഇത് നേരിട്ടുള്ള സൗഭാഗ്യപ്രവേശനമോ ശാശ്വതമായ നിത്യശിക്ഷയിലേക്കുള്ള പ്രവേശനമോ ആകാം. മറ്റു ചിലപ്പോൾ ഒരു ശുദ്ധീകരണ പ്രക്രിയയിലൂടെയുള്ള നിത്യരക്ഷ നേടലുമാകാം. ചുരുക്കത്തിൽ മരണ നിമിഷത്തിൽത്തന്നെ സ്വർഗ്ഗമോ, ശുദ്ധീകരണ സ്ഥലമോ, നരകമോ എന്ന് തീരുമാനിക്കപ്പെടുന്നു. ഇതാണ് തനതുവിധി. മരണനിമിഷം മുതൽ ആത്മാവ് ഈ മൂന്ന് അവസ്ഥകളിൽ ഒന്നിലായിരിക്കു മെന്നതിനാൽ പ്രപഞ്ചത്തിൽ അലയുന്നു എന്നചിന്ത ശുദ്ധ അസംബന്ധമാണ്. നിത്യരക്ഷയിലേക്കോ നിത്യശിക്ഷയിലേക്കോ എന്ന് തീരുമാനിക്കപ്പെട്ട ആത്മാവിന് ജീവിച്ചിരിക്കുന്നവരുടെ പ്രാർത്ഥനയും പരിഹാരപ്രവർത്തികളും ആവശ്യമില്ല. ശുദ്ധീകരണാവസ്ഥയിലുള്ള വർക്ക് ഇത് അനിവാര്യമാണുതാനും. എന്നാൽ മരണശേഷം ഒരു വ്യക്തിയുടെ ആത്മാവിന്റെ സ്ഥിതി എന്തെന്ന് മനുഷ്യരായ നമുക്കറിയാൻ കഴിയില്ലാത്തതിനാൽ നാം എല്ലാ മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുന്നു.

ഓരോ മനുഷ്യനും തന്റെ ഭൗമികജീവിതത്തിൽ ചെയ്തതും ഉപേക്ഷിച്ചതുമായ നൻമ അതിന്റെ പരമാവധി ഫലങ്ങളോടെ വെളിവാക്കപ്പെടുന്നതും ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ പ്രത്യാഗമനത്തിലാണ്. ഇതാണ് അന്ത്യവിധി. ഇത് സകല ആത്മാക്കളേയും കുറിച്ചുള്ള പ്രഖ്യാപനമാണ്. അന്ത്യവിധി പ്രഖ്യാപനത്തിൽ നിത്യശിക്ഷ ലഭിച്ചവർക്കോ, നിത്യരക്ഷ ലഭിച്ചവർക്കോ മാറ്റമില്ല. ശുദ്ധീകരണ പ്രക്രിയയിൽ ഉള്ള എല്ലാ ആത്മാക്കളും നിത്യരക്ഷയിലേക്ക് പ്രവേശിക്കപ്പെടും. ആ സമയം പിതാവായ ദൈവത്തിനേ അറിയൂ. (CCC 1021, 22, 1038, 39, 40)

**സ്വർഗ്ഗം/ ശുദ്ധീകരണ സ്ഥലം/ നരകം**

പരിശുദ്ധ കന്യകാമറിയത്തോടും മാലാഖമാരോടും സകല വിശുദ്ധരോടുമൊപ്പം പരിശുദ്ധ ത്രിത്വത്തിലുള്ള സംസർഗമാണ് സ്വർഗ്ഗം. ഇതാണ് നിത്യമായ ജീവൻ. സ്വർഗ്ഗത്തിൽ ആയിരിക്കുക എന്നാൽ ക്രിസ്തുവിനോടുകൂടി ആയിരിക്കുക എന്നാണ് അർത്ഥം. ദൈവസന്നിധിയിൽ വ്യാപരിക്കുന്ന ആത്മീയ സൃഷ്ടികളുടെ (മാലാഖമാർ) "സ്ഥലം" എന്നും ഇതിനെ മനസ്സിലാക്കാം. (സ്ഥലം എന്നത് അവസ്ഥയെ സൂചിപ്പിക്കുന്നു. CCC 326)

മനസ്തപിച്ച് ദൈവത്തിന്റെ കരുണാർദ്രസ്നേഹം സ്വീകരിക്കാതെ മാരകപാപത്തിൽ മരിക്കുക എന്നാൽ സ്വന്തം തീരുമാനപ്രകാരം എന്നുമെന്നേക്കുമായി ദൈവത്തിൽ നിന്നും വേർപെടുന്നു. ദൈവത്തോടും വാഴ്ത്തപ്പെട്ടവരോടുമുള്ള നിത്യമായി വേർപെടുന്ന അവസ്ഥയാണ് നരകം. ഇതാണ് നിത്യശിക്ഷ. ആത്മാവും ശരീരവും നഷ്ടമാകുന്നു ഇവിടെ (CCC 1023, 24).

ദൈവത്തിന്റെ കൃപാവരത്തിലും സ്നേഹത്തിലും മരിക്കുന്നവർ പൂർണ ശുദ്ധി പ്രാപിച്ചിട്ടില്ലങ്കിലും നിത്യരക്ഷ ഉറപ്പാക്കുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ടവരുടെ ഈ അന്തിമ ശുദ്ധീകരണമാണ് ശുദ്ധീകരണസ്ഥലം (CCC 1030, 31).

ഗ്രിഗറി പത്താം പാപ്പ ഇക്കാര്യങ്ങൾ വിശ്വാസസത്യമായി 1274-ലെ ലെയോൺസ് കൗൺസിലിൽ പ്രഖ്യാപിച്ചു. 1439 ഫ്ലോറൻസ് കൗൺസിലും ഇത് എടുത്ത് പറഞ്ഞു. 1336 ബനഡിക്ട് 12-ാമൻ പാപ്പ ബനഡിക്തൂസ് ദേവൂസ് എന്ന പ്രമാണരേഖയിലൂടെ ഇക്കാര്യങ്ങൾ വിശദകരിച്ചു.

നിത്യശിക്ഷയിലേക്ക് ദൈവം ആരേയും മുൻകൂട്ടി നിശ്ചയിച്ചിട്ടില്ല. മറിച്ച് ഉറപ്പുള്ള നിത്യജീവനിൽ നിന്നും തന്റെ സ്വാതന്ത്ര്യമുപയോഗിച്ച്

മനപൂർവ്വം നടത്തുന്ന പിന്തിരിയലും അവസാനം വരെ അതേ അവസ്ഥയിൽ ഉറച്ചു നിൽക്കുന്നവരുമാണ് നരകത്തിൽ നിപതിക്കുന്നത്. അതിനാൽ നമുക്ക് ദൈവമേ സർവ്വശക്തനായ പിതാവേ അങ്ങേയ്ക്ക് ക്രിസ്തുവിലൂടെ ക്രിസ്തുവിൽ തന്നെ, ക്രിസ്തുവിനോടുകൂടെ പരിശുദ്ധാത്മാവുമായുള്ള ഐക്യത്തിൽ എല്ലാ മഹിമയും ആരാധനയും – എന്ന് അനുനിമിഷം പ്രാർത്ഥിച്ച് കൃപാവരത്തിൽ ജീവിച്ച് ദൈവം അനുവദിച്ചു തരുന്ന ദിവസത്തെ വിശുദ്ധമാക്കി നിത്യജീവൻ നേടാം.

**റഫറൻസ് ഗ്രന്ഥങ്ങൾ –**

– കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം.

– വിശ്വാസവും വ്യാഖ്യാനവും (ഫാ. ജോസഫ് പാംപ്ലാനി)

– കൗൺസിൽ രേഖകൾ

– വിശ്വാസത്തിന്റെ വേരുകൾ (ഫാ. മൈക്കിൾ കാരിമറ്റം)

– You Cat

**ചർച്ചാ സൂചകങ്ങൾ**

– വിശ്വാസം ഇപ്പോൾതന്നെ നിത്യജീവന്റെ ആരംഭം കുറിക്കുന്നു. CCC 163

– ജീവനും ആത്മാവും ഒന്നല്ല.

**ഫാ. റോയി വട്ടക്കാട്ട്**
മതബോധന ഡയറക്ടർ

## ചെറുപുഷ്പ മിഷൻലീഗ്

എല്ലാ തിങ്കളാഴ്ച്ചകളിലും ഒരു കൂടപ്പൂക്കളും, കത്തിച്ച മെഴുകുതിരികളുമായി സെമിത്തിരിയിലേക്കു പോകുന്ന പ്ലസ്ടുക്കാരനെ സഹപാഠികൾ പലപ്പാഴും കളിയാക്കാറുണ്ടായിരുന്നു വർഷത്തിലൊരിക്കലാണെങ്കിൽ പോട്ടെ, എല്ലാ ആഴ്ച്ചയിലും ഒരു സെമിത്തേരി സന്ദർശനം പരിഹാസത്തെ അധികം വാക്കുകൾ കൊണ്ടല്ല ചെറുനനവുള്ള പുഞ്ചിരിക്കൊണ്ട് തടഞ്ഞ് അവൻ പറയും 'ഈ പൂക്കൾ എന്റെ അമ്മയ്ക്കുള്ളതാണ് ഈ തിരികൾ അമ്മയുടെ ആത്മാവിന്റെ ശാന്തിക്കുവേണ്ടിയുള്ള പ്രാർത്ഥനയും അമ്മയില്ലായിരുന്നെങ്കിൽ ഇന്നു ഞാനില്ല.. അമ്മയുടെ ഓർമ്മയില്ലെങ്കിൽ എനിക്കു നാളെയുമില്ല' ഓർമ്മകളുടെ മാസമാണ് നവംബർ. നമ്മളിന്നായിരിക്കുന്നതിനു കാരണമായ പൂർവ്വികരുടെ പരിത്യാഗ സ്മൃതികളിലേക്കു തുറന്നിട്ടൊരു ജാലകം ഈ മാസത്തിനുണ്ട്. നമ്മിളിന്നായിരിക്കുന്നത് അവരുടെ ത്യാഗത്തിനായുള്ള നന്ദി പ്രകടനമായാണോ? നമുക്കു കൂടെയുള്ളവരുടെ നിനവുകളെ പ്രചോദിക്കുംവിധം സ്നേഹ ത്യാഗങ്ങളുടെ അനുഭവമേകാൻ നമുക്കാവുന്നുണ്ടോ? എന്നീ ചോദ്യങ്ങൾക്ക് നമുക്കുത്തരം നൽകാനാവണം. നാം നട്ടതല്ലെങ്കിലും നമുക്കിന്നും തണലേകുന്ന എല്ലാ പച്ചമരങ്ങൾക്കും നന്ദിയേകി കർമ്മപഥത്തിൽ നമുക്കൊരുമിച്ച് മുന്നേറാം

സ്നേഹപൂർവ്വം,

**ഷാജി ചന്ദനപറമ്പിൽ,** രൂപതാ പ്രസിഡണ്ട്

**സാഹിത്യശില്പശാല**

സെപ്റ്റംബർ 20-ന് രൂപതാ സാഹിത്യമത്സര വിജയികൾക്കായി ദ്വാരക പാസറ്ററൽ സെന്ററിൽ വച്ച് സാഹിത്യശില്പശാല നടത്തി. ജോസ് വടക്കേക്കര, ഷാജി ചന്ദനപറമ്പിൽ എന്നിവർ ക്ലാസുകൾ എടുത്തു. രൂപതാ ഡയറക്ടർ റവ. ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ, രൂപതാ സെക്രട്ടറി ബിനീഷ് തുമ്പിയാംകുഴിയിൽ, സി. ലിസ സി.എം.സി., നീനു മാക്കുട്ടത്തിൽ, ലിന്റു എന്നിവർ നേതൃത്വം നൽകി.

**സംസ്ഥാന സാഹിത്യ മത്സരം**

സെപ്റ്റംബർ 21-ന് ദ്വാരകയിൽ വച്ച് സംസ്ഥാന സാഹിത്യ

മത്സരം നടത്തി. രൂപതാ സാഹിത്യമത്സര വിജയികൾ പങ്കെടുത്തു. സംസ്ഥാന സമിതി അംഗം ശ്രീ. ജെയ്സൺ കുര്യാക്കോസ്, രൂപതാ എക്സിക്യൂട്ടീവ് അംഗം ജോൺസൺ ചിറായിൽ, ലിന്റു എന്നിവർ നേതൃത്വം നൽകി.

**മിഷൻ രൂപത-ജഗദൽപൂർ (നടവയൽ മേഖല)**

നവംബർ മാസത്തിൽ നാം പ്രത്യേകമായി പ്രാർത്ഥിക്കുന്നത് ജഗദൽപൂർ രൂപതയ്ക്കുവേണ്ടിയാണ്. നടവയൽ മേഖലക്കാർ ശാഖകളിൽ നിന്നും മാനുവൽ ബുക്കിലെ സുകൃതങ്ങൾ ശേഖരിച്ച് ജഗദൽപൂർ രൂപതക്ക് അയച്ചുകൊടുക്കുമല്ലൊ. ശാഖകളിൽ നിന്നും മിഷൻ രൂപതയിലേക്ക് സുകൃതങ്ങൾ അയച്ചു കൊടുത്താൽ നന്നായിരുന്നു.

**മിഷൻ മാസാചരണം**

മിഷൻ മാസാചരണത്തിന്റെ പ്രത്യേക റിപ്പോർട്ട് നവംബർ 15-ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കണം. ഏറ്റവും മികച്ച 10 ശാഖകൾക്ക് സമ്മാനം നൽകുന്നതാണ്. 150-ൽ കുറവ് ഭവനങ്ങളുള്ള ശാഖകൾക്ക് പ്രത്യേകപരിഗണന ഉണ്ടായിരിക്കും.

**കയ്യെഴുത്ത് മാസിക മത്സരം**

മാർഗ്ഗരേഖ പേജ് നമ്പർ 34-ൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൂടാതെ ചരിത്രപരമായ രചനകളിൽ പരിമിതമായ രീതിയിൽ ഫോട്ടോകൾ ഉപയോഗിക്കാം. മുൻകാല ഭാരവാഹികളുമായുള്ള അനുഭവങ്ങൾ, പ്രവർത്തകരുടെ അനുഭവങ്ങൾ എന്നിവ ഉൾപ്പെടുത്താം.

**അർദ്ധവാർഷിക മാനേജിംഗ് കമ്മിറ്റി**

നവംബർ 26 ന് 3 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് അർദ്ധവാർഷിക മാനേജിംഗ് കമ്മിറ്റി നടത്തപ്പെടുന്നു എല്ലാ ഭാരവാഹികളും നിർബന്ധമായും പങ്കെടുക്കുമല്ലോ.

**മുൻകാല ഭാരവാഹികളുടെ സംഗമം**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ മുൻകാല ഭാരവാഹികളുടെ സംഗമം നവംബർ 26 ന് 5 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് സംഘടിപ്പിക്കുന്നു. എല്ലാ ഭാരവാഹികളെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

**നവമാലിക ക്വിസ്**

സപ്തതി ആഘോഷങ്ങളുടെ ഭാഗമായി വി. കൊച്ചുത്രേസ്യായുടെ ആത്മകഥയെ ആസ്പദമാക്കി നവമാലിക ടീം ക്വിസ് സംഘടിപ്പിക്കുന്നു. ഒരു ശാഖയിൽ നിന്നും 2 പേർ അടങ്ങുന്ന ഒരു

ടീമിന് പങ്കെടുക്കാം. മത്സരതീയതി ഡിസംബർ 26 രാവിലെ 9 മണി. നവംബർ 20 ന് മുമ്പ് രൂപതാ ഓഫീസിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 100 രൂപ ആയിരിക്കും.

**പ്രേഷിതോത്സവ് 2017**

രൂപത ബൈബിൾ കലോത്സവം ഒക്ടോബർ 14 ശനിയാഴ്ച്ച ബത്തേരി അസ്പംഷൻ സ്കൂളിൽ വച്ച് നടന്നു. ഫൊറോനാ ഡയറക്ടർ റവ. ഫാ. സ്റ്റീഫൻ കോട്ടക്കൽ കലോത്സവം ഉദ്ഘാടനം ചെയ്തു. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും ടീം അംഗങ്ങളും മത്സരത്തിന് നേതൃത്വം നൽകി. കലാമത്സരത്തിന്റെ വിജയത്തിനായി പ്രവർത്തിച്ച സ്റ്റീഫൻ അച്ചനെയും ബത്തേരി അസ്പംഷൻ ശാഖ കെ.സി.വൈ.എം, മിഷൻലീഗ് പ്രവർത്തകരെയും പ്രിയപ്പെട്ട രൂപതാ മേഖലാ ശാഖാ ഭാരവാഹികളെയും ഡയറക്ടർ അച്ചന്മാരെയും സ്നേഹത്തോടെ ഓർക്കുന്നു. കലാസാഹിത്യ മത്സരത്തിൽ യഥാക്രമം കല്ലോടി, മാനന്തവാടി, മുള്ളൻക്കൊല്ലി മേഖലകൾ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

രൂപതാ കലാമത്സര ഫലങ്ങൾ 2017-18 (ഒന്നും രണ്ടും സ്ഥാനങ്ങൾ ലഭിച്ചവർക്ക് സംസ്ഥാനമത്സരത്തിന് യോഗ്യത)

| **പേര്, വീട്ടുപേര്** | **മേഖല** | **ശാഖ** | **സ്ഥാനം** |
|---|---|---|---|
| **സബ്ജൂനിയർ ബോയ്സ് ബൈബിൾ വായന** | | | |
| ക്രിസ്ബിൻ കപ്പ്യാരുമലയിൽ | ദ്വാരക | ദ്വാരക | I |
| മിലൻ മുണ്ടക്കൽ | നടവയൽ | നടവയൽ | II |
| ക്രിസ്റ്റി കുന്നംക്കട | മണിമൂളി | തലഞ്ഞി | III |
| **സബ്ജൂനിയർ ഗേൾസ് ബൈബിൾ വായന** | | | |
| എയ്ഞ്ചലീന മുഞ്ഞനാട്ട് | നടവയൽ | നടവയൽ | I |
| അനീന മൂലമറ്റത്തിൽ | പയ്യമ്പള്ളി | പയ്യമ്പള്ളി | II |
| മരിയ സാലിമ മുണ്ടക്കൽ | പയ്യമ്പള്ളി | പയ്യമ്പള്ളി | III |
| **സൂപ്പർ സീനിയർ ഗേൾസ് മിഷൻക്വിസ്** | | | |
| ജസ്ന തുണ്ടത്തിൽ | നീലഗിരി | ധർമ്മഗിരി | I |
| ജാൻസി വെണ്ണായിപ്പിള്ളി | നടവയൽ | നടവയൽ | II |
| ഡാലിയ കച്ചിറയിൽ | മാനന്തവാടി | കുറ്റിമൂല | III |
| മിനി മരക്കാശ്ശേരി | ബത്തേരി | അമ്പലവയൽ | III |
| **സൂപ്പർ സീനിയർ ബോയ്സ് മിഷൻ ക്വിസ്** | | | |
| സെബാസ്റ്റ്യൻ കരോട്ട് | മുള്ളൻക്കൊല്ലി | ഇരുളം | I |
| ആന്റോ പാട്ടിൽ | മണിമൂളി | ഭൂതാനം | II |
| ടോണി ഇളയിടത്തുമഠത്തിൽ | മുള്ളൻക്കൊല്ലി | പുൽപ്പള്ളി | III |

| | | | |
|---|---|---|---|
| ജോഷി താന്നോലിൽ | നീലഗിരി | ധർമ്മഗിരി | III |
| **സീനിയർ ഗേൾസ് മിഷൻക്വിസ്** | | | |
| നീനു കുന്നേൽ | നീലഗിരി | ധർമ്മഗിരി | I |
| നീതു കുന്നേൽ | നീലഗിരി | ധർമ്മഗിരി | II |
| അലീന മുത്താനത്ത് | ബത്തേരി | ബത്തേരി | III |
| **സീനിയർ ബോയ്സ് മിഷൻക്വിസ്** | | | |
| അരുൺ ചേറാടിയിൽ | മണിമൂളി | പാലാങ്കര | I |
| ഫെഡ്രിക്ക് മാവേലിൽ | നിലമ്പൂർ | പൂളപ്പാടം | II |
| പ്രിൻസ് ചെറുവേലികുടിലിൽ | മാനന്തവാടി | മുതിരേരി | III |
| എബിൻ ഉപ്പൂട്ടിൽ | നിലമ്പൂർ | ഇടിവണ്ണ | III |
| **ജൂനിയർ ഗേൾസ് മിഷൻക്വിസ്** | | | |
| അഞ്ജന ചെറുതറപ്പേൽ | നീലഗിരി | കയ്യൂന്നി | I |
| മരിയറ്റ് തലച്ചിറ | മണിമൂളി | പാലേമാട് | II |
| അലൻഡ ഏലംക്കുന്നേൽ | മണിമൂളി | നരിവാലമുണ്ട | III |
| **ജൂനിയർ ബോയ്സ് മിഷൻക്വിസ്** | | | |
| ജോയ്സ് പുതുവേലിൽ | നീലഗിരി | ധർമ്മഗിരി | II |
| ജീവൻ പെരുംപ്പള്ളിൽ | മുള്ളൻക്കൊല്ലി | കബിനിഗിരി | II |
| ആതുൽ മടക്കുംമൂട്ടിൽ | മണിമൂളി | പാലാങ്കര | III |
| **സൂപ്പർ സീനിയർ ഗേൾസ് സംഗീതം** | | | |
| റിച്ചുമോൾ വെട്ടിക്കുഴ | നിലമ്പൂർ | തേൾപ്പാറ | I |
| മരിയ കണിയാംക്കുന്നേൽ | മണിമൂളി | പാലാങ്കര | II |
| റിൻച്ചു കരിമാലിൽ | കൽപ്പറ്റ | നെടുംമ്പാല | III |
| ഷീജ വെള്ളമറ്റത്തിൽ | ബത്തേരി | കല്ലുമുക്ക് | III |
| **സൂപ്പർ സീനിയർ ബോയ്സ് സംഗീതം** | | | |
| വിൻസെന്റ് പുത്തൻപ്പുര | കല്ലോടി | പുതിയിടംകുന്ന് | I |
| മണി കെടുംത്തറ | പയ്യമ്പള്ളി | തൃശ്ശിലേരി | II |
| രാജേഷ് പനച്ചിക്കൽ | ചുങ്കക്കുന്ന് | കൊട്ടിയൂർ | II |
| **സബ് ജൂനിയർ ബോയ്സ് സംഗീതം** | | | |
| മിലൻ ഏത്തക്കാട്ട് | മണിമൂളി | മണിമൂളി | I |
| അഷ്വൽ കപ്പ്യാരുമലയിൽ | ദ്വാരക | കാരക്കാമല | II |
| ഗോഡ്വിൻ നടുകുഴി | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് | III |
| **സബ് ജൂനിയർ ഗേൾസ് സംഗീതം** | | | |
| എയ്ഞ്ചൽ പൊയ്കയിൽ | തരിയോട് | കോട്ടത്തറ | I |
| മെറിൻ കാഞ്ഞൂപറമ്പിൽ | കൽപ്പറ്റ | റിപ്പൺ | II |
| അനു കാടാംത്തോട് | നിലമ്പൂർ | വടപുറം | III |

| | | | |
|---|---|---|---|
| ആഷ്ലി പടകൂട്ടിൽ | കല്ലോടി | കല്ലോടി | III |

**സീനിയർ ഗേൾസ് സംഗീതം**

| | | | |
|---|---|---|---|
| ആഷ്ലി നമ്പ്യാപറമ്പിൽ | മുള്ളൻക്കൊല്ലി | ശിശുമല | I |
| ആൻനിയ കച്ചിറയിൽ | മാനന്തവാടി | കണിയാരം | II |
| അനീന കുഴുവേലിൽ | നടവയൽ | ചുണ്ടക്കര | III |
| ജെമി കൂനംമാക്കൽ | കല്ലോടി | കല്ലോടി | III |

**സീനിയർ ബോയ്സ് സംഗീതം**

| | | | |
|---|---|---|---|
| റോമൻ മഠത്തിപറമ്പിൽ | നടവയൽ | വാളവയൽ | I |
| ഗോഡ്വിൻ മറ്റത്താനിക്കൽ | മാനന്തവാടി | യവനാർകുളം | II |
| സെറ്റഫിൻ മംഗലത്ത് | ബത്തേരി | ബത്തേരി | III |
| സാംസനോവ് കല്ലുപുരക്കൽ | കല്ലോടി | പുതിയിടംകുന്ന് | III |

**ജൂനിയർ ഗേൾസ് സംഗീതം**

| | | | |
|---|---|---|---|
| ക്രിസ്റ്റീന വടക്കേക്കര | ചുങ്കക്കുന്ന് | ഒറ്റപ്ലാവ് | I |
| ഹൃദ്യാ പുതിയക്കുന്നത്ത് | ബത്തേരി | ബത്തേരി | II |
| ശ്രേയ തൊട്ടുവേലിൽ | ബത്തേരി | പഴൂർ | III |
| നിവേദിത പുത്തൻപുര | മുള്ളൻക്കൊല്ലി | ആടിക്കൊല്ലി | III |

**ജൂനിയർ ബോയ്സ് സംഗീതം**

| | | | |
|---|---|---|---|
| അലൻ ഏത്തക്കാട്ട് | മണിമൂളി | മണിമൂളി | I |
| ഡെൻസൺ വാളായിൽ | മാനന്തവാടി | കണിയാരം | II |
| ഗോഡ്സൺ തൊട്ടിയിൽ | തരിയോട് | ചെന്നലോട് | III |
| ഗസൽ ഒഴുക്കാലയിൽ | മുള്ളൻക്കൊല്ലി | മരകാവ് | III |

**സൂപ്പർ സീനിയർ ഗേൾസ് പ്രസംഗം**

| | | | |
|---|---|---|---|
| ലിറ്റി ബിനീഷ് വണ്ടന്നൂർ | മാനന്തവാടി | കണിയാരം | I |
| പ്രിൻസി ചെറിയപ്പറമ്പിൽ | മണിമൂളി | പാലാങ്കര | II |
| പ്രിയ തടങ്ങഴി | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് | III |
| ഷീന മുണ്ടാടൻ | മാനന്തവാടി | തവിഞ്ഞാൽ | III |

**സൂപ്പർ സീനിയർ ബോയ്സ് പ്രസംഗം**

| | | | |
|---|---|---|---|
| ജെയിംസ് കൊച്ചുവേലിക്കകത്ത് | ചുങ്കക്കുന്ന് | കൊട്ടിയൂർ | I |
| സോണിജ് മരകത്തിൽ | കല്ലോടി | കുഞ്ഞോം | II |
| ഷിൻസ് തകരപ്പറമ്പിൽ | ദ്വാരക | ദ്വാരക | III |

**സബ്ജൂനിയർ ബോയ്സ് പ്രസംഗം**

| | | | |
|---|---|---|---|
| ആകാശ് കുഴിമണ്ണിൽ | നടവയൽ | ചെറുകാട്ടൂർ | I |
| ആൽഫിൻ കൊച്ചുവേലിക്കകത്ത് | ചുങ്കക്കുന്ന് | കൊട്ടിയൂർ | II |
| ഇവാൻ സാബു നിരപ്പേൽ | ദ്വാരക | തോണിച്ചാൽ | III |
| ക്രിസ്ബിൻ കപ്യാരുമലയിൽ | ദ്വാരക | ദ്വാരക | III |

**സബ്ജൂനിയർ ഗേൾസ് പ്രസംഗം**

| | | | |
|---|---|---|---|
| അഞ്ജന ആടുകുഴിയിൽ | കല്ലോടി | വാളേരി | I |
| അനറ്റ് മരിയ ഊരോത്ത് | മണിമൂളി | തലഞ്ഞി | II |
| അജന്ന്യ ഓലിക്കൽ | നടവയൽ | ചെറുകാട്ടൂർ | III |
| ഒലീവിയ തോപ്പിൽ | ദ്വാരക | ദ്വാരക | III |

**സീനിയർ ഗേൾസ് പ്രസംഗം**

| | | | |
|---|---|---|---|
| സ്നേഹ പാറേക്കാട്ടിൽ | നീലഗിരി | കയ്യൂന്നി | I |
| ബിജിന കുന്നുംപുറത്ത് | നടവയൽ | കല്ലുവയൽ | II |
| ആര്യ കൊച്ചുപുരയ്ക്കൽ | തരിയോട് | മംഗളം | III |

**സീനിയർ ബോയ്സ് പ്രസംഗം**

| | | | |
|---|---|---|---|
| അരുൺ ചേറാടിയിൽ | മണിമൂളി | പാലാങ്കര | I |
| ഡോൺ ജോസ് | മുള്ളൻക്കൊല്ലി | കബിനിഗിരി | II |
| സെബിൻ കുന്നേലിൽ | നീലഗിരി | ധർമ്മഗിരി | III |

**ജൂനിയർ ഗേൾസ് പ്രസംഗം**

| | | | |
|---|---|---|---|
| ആൻജിസ് മരിയ കൈതാരം | മാനന്തവാടി | കണിയാരം | I |
| മെറീനക്രിസ്റ്റി കൂരീക്കാട്ടിൽ | കല്ലോടി | കല്ലോടി | II |
| സാൻമരിയ താന്നിക്കൽ | കല്ലോടി | കുഞ്ഞോം | III |

**ജൂനിയർ ബോയ്സ് പ്രസംഗം**

| | | | |
|---|---|---|---|
| അലൻ ജിയോ കൈതാരം | മാനന്തവാടി | കണിയാരം | I |
| ജിസ് തെക്കിനാൽ | കല്ലോടി | കല്ലോടി | II |
| ജോനാഥ് തടങ്ങഴി | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് | III |

**ടെലികഥിസ്സ്**

26-11-2017 3 മണി മുതൽ 4 മണി വരെ - പഠന വിഷയം വി. ചാവറയച്ചൻ.

**ആദരാജ്ഞലികൾ**

രൂപതാ വൈസ് പ്രസിഡണ്ട് ജിഷ ഇടുമനാംകുഴിയുടെ വല്ല്യമ്മയുടെ നിര്യാണത്തിൽ അനുശോചനം അറിയിച്ചു. ശവസംസ്കാര ചടങ്ങിൽ പങ്കെടുത്തു.

**മേഖലാ വാർത്തകൾ**

തരിയോട്: സ്മാർട്ട് മേഖലാ ക്യാമ്പ് നടത്തി. ശാഖകളിൽ നിർദ്ദേശിക്കപ്പെട്ടതനുസരിച്ചുള്ള ദൈവവിളി ക്യാമ്പിന് തുടക്കം കുറിച്ചു.

**ശാഖാ വാർത്തകൾ**

*ചുങ്കക്കുന്ന്:-* കാഴ്ച്ച സമർപ്പണം നടത്തി. സ്മാർട്ട് ക്യാമ്പിൽ പങ്കെടുത്തു. മാനന്തവാടി ഗവൺമെന്റ് ആശുപത്രിയിൽ ഉച്ചഭക്ഷണം നൽകി.

*ശാന്തിഗിരി:-* കുഞ്ഞോം ബാലഭവൻ സന്ദർശിക്കുകയും അവരോടൊപ്പം ചെലവഴിച്ച് ഭക്ഷണം പാകം ചെയ്തു നൽകുകയും, കലാപരിപാടികൾ സംഘടിപ്പിക്കുകയും ധനസഹായം നൽകുകയും ചെയ്തു. ശാഖാ കലാമത്സരം നടത്തി. ഗാനപരിശീലനം, ബൈബിൾ വായന, പ്രസംഗം എന്നിവയ്ക്ക് പരിശീലനം നൽകി. സഭാവാർത്തകൾ അനുയോജ്യമായ മറ്റു വിഷയങ്ങൾ എന്നിവയുടെ അവതരണം നടത്തി. ഓരോ ആഴ്ചയിലും ജന്മദിനം ആഘോഷിക്കുന്ന കുട്ടികളെ കണ്ടെത്തി അവർക്ക് ആശംസകൾ നേർന്നു. വികാരിയച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിക്കുകയും മിഷൻലീഗ് അംഗങ്ങൾ ആശംസകൾ അർപ്പിക്കുകയും ചെയ്തു.
*ഒറ്റപ്ലാവ്:-*മാലിപറമ്പിലച്ചന്റെ ചരമദിനത്തിൽ പൊതു ദിവ്യകാരുണ്യ സ്വീകരണം നടത്തി. മദർതെരേസാ ദിനത്തിൽ എല്ലാ അദ്ധ്യാപകരേയും ആദരിച്ചു. സ്മാർട്ട് ക്യാമ്പിൽ 8 പേർ പങ്കെടുത്തു. പരി.അമ്മയുടെ ജനനതിരുനാൾ ദിനത്തിൽ ക്രിസ്റ്റോ വടക്കേക്കര ഓർഗൺ വായനയുടെ അരങ്ങേറ്റം നടത്തി. ക്രിസ്റ്റോയെ പ്രത്യേകം അനുമോദിച്ചു. 4 മുതൽ10 വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്കായി ദൈവവിളി, വി.കുർബാന എന്നിവയെ അടിസ്ഥാനമാക്കി സെമിനാർ നടത്തി.
*തൃശ്ശിലേരി:-* വി. മദർതെരേസയുടെ തിരുനാൾ ദിനം ഇടവകയിൽ സേവനം ചെയ്തവരേയും, ഇടവകയിൽ നിന്നുള്ള സിസ്റ്റേഴ്സിനേയും ആദരിച്ചു. പരിശുദ്ധ അമ്മയുടെ പിറവിതിരുന്നാൾ ആഘോഷിച്ചു, ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം നൽകി. ജീസസ്സ് യൂത്തിന്റെ ധ്യാനത്തിൽ ഇടവകയിൽനിന്ന് 31 പേർ പങ്കെടുത്തു. എല്ലാ ഞായറാഴ്ചയും ഇടവക ജൂബിലിവർഷ ക്വിസ്സ്, പ്രസംഗം, വിശുദ്ധരെ പരിചയപ്പെടുത്തൽ എന്നിവ നടത്തുന്നു.
*കമ്മന:-* മാതാവിന്റെ ജനനതിരുനാൾ ആഘോഷമായി നടത്തി. എല്ലാ സി.എം.എൽ അമ്മമാരും കാഴ്ച സമർപ്പണം നടത്തി. ഇടവക ദേവാലയ നിർമ്മാണത്തിനുവേണ്ടി ജാഗരണ പ്രാർത്ഥന നടത്തി. ജില്ലാ ആശുപത്രിയിൽ ഭക്ഷണം കൊടുത്തു. മേഖലാ കലാമത്സരത്തിൽ 39 പേർ പങ്കെടുത്ത് ഒന്നാം സ്ഥാനംനേടി. സി.എം.എൽ അംഗങ്ങൾ ഫാ.ടോം ഉഴുന്നാലിന്റെ ഒരു ആൽബം തയ്യാറാക്കി. വി.കൊച്ചുത്രേസ്യായുടെ തിരുനാളിനൊരുക്ക മായി പള്ളിയും പരിസരവും വൃത്തിയാക്കുകയും അലങ്കരിക്കുകയും ചെയ്തു. മിഷൻവിളംബര റാലി നടത്തി.
*മുതിരേരി:-* പരി.അമ്മയുടെ ജനനതിരുനാളിൽ ജപമാലയിലും,

ആരാധനയിലും പങ്കെടുത്ത് വി. ബലിയിൽ സംബന്ധിച്ച് പൊതുദിവ്യകാരുണ്യ സ്വീകരണം നടത്തി. മിഷൻമാസത്തിന് ഒരുക്കമായി ധ്യാനം നടത്തി. മേഖലാ മത്സരത്തിൽ പങ്കെടുത്തു.

*കരിമാനി:-* സപ്തതി വർഷത്തിന്റെ ഭാഗമായി 70 നന്മനിറഞ്ഞ മറിയമേ എന്ന പ്രാർത്ഥന ചൊല്ലി. രോഗീസഹായം 2000, വിദ്യാഭ്യാസ സഹായം 2000, ഭക്ഷണ സഹായം 2500, വസ്ത്രസഹായം 1500, സംഭാവന 2000 എന്നിവ നൽകി. ഇടവകയിലെ ഏറ്റവും പ്രായമായ അമ്മയെ സന്ദർശിച്ച് സമ്മാനം നൽകി.

*തവിഞ്ഞാൽ:-* ലോഗോസ് ക്വിസ്സ് പരിശീലനം, കലാമത്സര പരിശീലനം എന്നിവ നടത്തി. വിശുദ്ധരുടെ തിരുനാളുകൾ ആഘോഷിച്ചു. വിശുദ്ധരെ പരിചയപ്പെടുത്തുന്നു. അദ്ധ്യാപകദിനത്തോടനുബന്ധിച്ച് അദ്ധ്യാപകരംഗത്ത് പ്രവർത്തി ച്ചിരുന്നവരേയും ഇപ്പോൾ ജോലി ചെയ്യുന്നവരേയും ആദരിച്ചു.

*ഏലപ്പീടിക:-* എട്ടുനോമ്പിനോടനുബന്ധിച്ച് പള്ളിയലങ്കാരം നടത്തി. ഗാന പരിശീലനം നടത്തി. ക്വിസ്സ് മത്സരം നടത്തി. ബൈബിൾ ഞായർ ആഘോഷിച്ചു. ആരാധന നടത്തി. രോഗീ സഹായം നൽകി.

*യവനാർകുളം:-* മേഖലാ കലാമത്സരത്തിൽ 23 കുട്ടികൾ പങ്കെടുത്തു. ലോഗോസ് ക്വിസ്സിൽ കുട്ടികൾ പങ്കെടുത്തു. പ്രാർത്ഥനാദിനം നടത്തി.

*പുതിയിടം:-* എട്ടുനോമ്പാചരണം, പൊതുദിവ്യകാരുണ്യസ്വീകരണം, മേഖലാ കലാമത്സരം, ഇടവകയിലെ സിസ്റ്റേഴ്സിനെ ആദരിക്കൽ, സാഹിത്യ മത്സര വിജയികളെ ആദരിക്കൽ എന്നിവ നടത്തി.

*പ്രശാന്തഗിരി:-* സി.എം.എൽ അംഗങ്ങൾ കുരിശടിയും പരിസരവും, പൊതുറോഡും വൃത്തിയാക്കി. സ്നേഹാലയം സന്ദർശിച്ചു. കൊന്ത നമസ്കാരത്തിൽ പങ്കെടുത്തു. ഭവന സന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി. ബഹു.ഡയറക്ടർ അച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.

*പാറത്തോട്ടം:-* എട്ടുനോമ്പിൽ ജപമാലചൊല്ലി പ്രാർത്ഥിച്ചു. പള്ളിയും പരിസരവും, സിമിത്തേരി, പാരീഷ്ഹാൾ, ഗാർഡൻ, ഗ്രോട്ടോ എന്നിവ വൃത്തിയാക്കി. മിഷനറിമാർക്കുവേണ്ടി ആരാധന നടത്തി. മേഖലാ കലാമത്സരത്തിൽ 18 പേർ പങ്കെടുത്തു. മദ്യവിരുദ്ധ പോസ്റ്ററുകൾ തയ്യാറാക്കി പൊതുസ്ഥലങ്ങളിൽ പ്രദർശിപ്പിച്ചു. മദ്യവിരുദ്ധറാലി നടത്തി. സപ്തതി വർഷം പ്രമാണിച്ച് 70 വയസ്സിന് മുകളിലുള്ളവരെ സന്ദർശിച്ച് മിഷൻലീഗിനെ കുറിച്ച് പറഞ്ഞു. ഇടവകയിൽ വിധവകളായി ഒറ്റയ്ക്കു താമസിക്കുന്നവരുടെ ഭവനങ്ങൾ സന്ദർശിച്ച് അവർക്ക് സന്തോഷം പകർന്നു. മുൻകാല ഭാരവാഹികളുടെ ലിസ്റ്റ്

തയ്യാറാക്കി. എല്ലാ ഞായറാഴ്ചയും ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ജപമാല നടത്തി. കോളനി സന്ദർശനം, രോഗീ സന്ദർശനം, വാർദ്ധക്യത്തിലായവരെ സന്ദർശിക്കൽ എന്നിവ നടത്തി.

*ആലാറ്റിൽ:-* പരി. അമ്മയുടെ ജനനതിരുനാൾ ആഘോഷിച്ച് അന്നേദിനം മാതാക്കളുടെ ദിനമായി ആചരിച്ചു. ലഹരി വിരുദ്ധമാസമായി ആചരിക്കുകയും അതിന്റെ ഭാഗമായി മദ്യവിരുദ്ധ കൊളാഷ്, മഹത്‌വചനങ്ങൾ, ദൈവവചനം, അപ്പച്ചന് ഒരുകത്ത്, പോസ്റ്ററുകൾ മുദ്രാവാക്യങ്ങൾ, പതിപ്പ്, അഭിമുഖം എന്നിവ തയ്യാറാക്കി പ്രദർശിപ്പിച്ചു. ലഹരി വിരുദ്ധ ക്വിസ്സ് പ്രോഗ്രാം, സ്കിറ്റ്, ലഹരി വിരുദ്ധറാലി, ടെലിഫിലിം പ്രദർശനം, ലഹരിയിൽ നിന്ന് വിമുക്തി പ്രാപിച്ച ഒരു വ്യക്തിയുടെ അനുഭവസാക്ഷ്യം എന്നിവ സംഘടിപ്പിച്ചു. വിശുദ്ധരുടെ ഫോട്ടോ, ജീവചരിത്രം ഇവ ശേഖരിച്ച് ആൽബം തയ്യാറാക്കി.

*കുഞ്ഞോം:-* പരി. അമ്മയുടെ ജനനതിരുനാൾ സമുചിതമായി ആഘോഷിച്ചു. സൈബർ സുരക്ഷയെ കുറിച്ചുള്ള സെമിനാറിന് അഡ്വ. ജിജിൽ കിഴക്കരക്കാട്ട് നേതൃത്വം നൽകി. മേഖലാ സ്മാർട്ട് ക്യാമ്പിൽ 14 പേർ പങ്കെടുത്തു.

*പുതുശ്ശേരി:-* ഗാനപരിശീലനം, ക്വിസ്സ് പരിശീലനം, പ്രസംഗ പരിശീലനം എന്നിവ നടത്തി. സി.എം.എൽ. അംഗങ്ങൾ വ്യക്തിപരമായി സ്വരൂപിച്ച 33000 രൂപ ദേവാലയ നിർമ്മാണത്തിനായി കാഴ്ചസമർപ്പണം നടത്തി. ബഹു.മദറിന്റെ പിതാവിന്റെ നിര്യാണത്തിൽ അനുശോചനം അറിയിക്കുകയും മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്ത് പ്രാർത്ഥിക്കുകയും ചെയ്തു. ഹൗസ് അടിസ്ഥാനത്തിൽ കയ്യെഴുത്ത് മാസിക തയ്യാറാക്കി. ക്രിസ്തീയ വാർത്താവായനയും കാഴ്ച സമർപ്പണവും എല്ലാ ഞായറാഴ്ചയും നടത്തുന്നു.

*കാരക്കാമല:-* രോഗീ സന്ദർശനം നടത്തി സഹായമായി 2935 രൂപ നൽകി. തണൽ വൃദ്ധസദനം സന്ദർശിക്കുകയും 2100 രൂപയും നിത്യോപയോഗ സാധനങ്ങൾ നൽകുകയും ചെയ്തു. ഗാന പരിശീലനം ലിറ്റർജി പരിശീലനം എന്നിവ നൽകുന്നു. സ്മാർട്ട് ക്യാമ്പിൽ ശാഖയിൽ നിന്ന് 12 കുട്ടികൾ പങ്കെടുത്തു. വിൻസെന്റ് ഡി പോൾ നാമധാരികളെ ആദരിച്ചു.

*മൊതക്കര:-* മതബോധന ഞായറിനോടനുബന്ധിച്ച് കുട്ടികൾ രണ്ടു ഗ്രൂപ്പുകളായി തിരിഞ്ഞ് വിശ്വാസത്തിന്റെ പടികൾ എന്ന വിഷയത്തെ ആസ്പദമാക്കി കൊളാഷ് നിർമ്മിച്ചു.

*ചെന്നലോട്:-* പ്രസംഗ പരിശീലന ശില്പശാല നടത്തി. ഏകദിന സെമിനാർ നടത്തി.

*കാവുംമന്ദം:-* കാട്ടിക്കുളത്തുള്ള ബാലഭവനം, വൃദ്ധസദനം എന്നിവ സന്ദർശിച്ചു. വി. മദർതെരേസായുടെ തിരുനാൾ ആചരിച്ചു. മേഖലാ ക്യാമ്പിൽ പങ്കെടുത്തു. രോഗീസന്ദർശനം നടത്തി. ഇടവകയിലെ സിസ്റ്റേഴ്സിനെ ആദരിച്ചു.

*കോട്ടത്തറ:-* വെണ്ണിയോട് മദർതെരേസാ തീർത്ഥാടന കേന്ദ്രത്തിലേക്ക് ജപമാല റാലി നടത്തി. മേഖലാ ക്യാമ്പിൽ 13 പേർ പങ്കെടുത്തു. മാധ്യമങ്ങളുടെ ഉപയോഗത്തെകുറിച്ച് ശ്രീ.ജോൺസൺ വടക്കേക്കര സെമിനാർ നടത്തി. തിരുബാല സഖ്യാംഗങ്ങൾക്ക് ശ്രീമതി റീന വാളാത്ര ക്ലാസ്സ് നൽകി. ദൈവവിളി പ്രോത്സാഹനത്തിനായി 500 രൂപ നൽകി.

*മഞ്ഞൂറ:-* മിഷൻലീഗ് അംഗങ്ങളുടെ നേതൃത്വത്തിൽ മാനന്തവാടി ജില്ലാ ആശുപത്രി സന്ദർശിച്ചു. ഭക്ഷണം പാകം ചെയ്യാൻ സഹായിച്ചു. സമരിറ്റൻ ഭവനം സന്ദർശിച്ചു. കിഡ്നി രോഗിക്ക് 2500 രൂപ സഹായമായി നൽകി. ഓസാന ഭവൻ, കാട്ടിക്കുളം ജയമാതാ ആശ്രമം എന്നിവ സന്ദർശിച്ച് അരി, പച്ചക്കറി, സോപ്പ് എന്നിവ വിതരണം ചെയ്തു. രോഗീ സഹായമായി 1000 രൂപ നൽകി. ഓണ കിറ്റ് വിതരണം കോളനിയിൽ നടത്തി.

*പുതുശ്ശേരിക്കടവ്:-* പൂക്കളം ഒരുക്കി, ഗ്രൂപ്പ് അടിസ്ഥാനത്തിൽ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. ആരാധന നടത്തി.

*പന്തിപൊയിൽ:-* അർദ്ധദിന സെമിനാർ നടത്തി. സി.എം.എൽ അംഗങ്ങൾ എട്ടുനോമ്പിലെ ജപമാല പ്രാർത്ഥനക്ക് നേതൃത്വം നൽകി. സ്മാർട്ട് ക്യാമ്പിൽ 8 കുട്ടികൾ പങ്കെടുത്തു.

*ചാരിറ്റി:-* മേഖലാ മത്സരത്തിൽ പങ്കെടുത്ത് മൂന്നാം സ്ഥാനം കരസ്ഥമാക്കി. 100 ലൈബ്രറി പുസ്തകങ്ങൾ വാങ്ങി കുട്ടികൾക്ക് വിതരണം ചെയ്തു. മാതാവിന്റെ ഗ്രോട്ടോ വൃത്തിയാക്കി.

*ചൂരൽമല:-* വിദ്യാഭ്യാസ സഹായമായി 7000 രൂപ നൽകി. ലോഗോസ് പരീക്ഷ നടത്തി.

*കൊളവയൽ:-* രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി.

*നെടുമ്പാല:-*മേഖല കലാമത്സരത്തിൽ വിജയികളായവർക്കും പങ്കെടുത്തവർക്കും സമ്മാനങ്ങൾ നൽകി. റിപ്പണിൽ വച്ചു നടന്ന മേഖലാ ക്യാമ്പിൽ ശാഖയിൽ നിന്നും 10 പേർ പങ്കെടുത്തു. എട്ടു നോമ്പ് ആചരിച്ചു. മിഷനുവേണ്ടി പ്രാർത്ഥിച്ചു. റവ. ഫാ. വിനോദ് പാക്കാനിക്കുഴിയുടെ നേതൃത്വത്തിൽ ശാഖാ സെമിനാർ നടത്തി.

കോളേജ് കുട്ടികളുടെ ധ്യാനത്തിൽ ശാഖയിലെ മുഴുവൻ അംഗങ്ങളും പങ്കെടുത്തു.

*ഒലിവുമല:-*പരി. അമ്മയുടെ ജനനതിരുനാളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ പോസ്റ്റർ നിർമ്മിക്കുകയും നാമധാരികൾക്ക് ആശംസ നേരുകയും ചെയ്തു. വി.കുരിശിന്റെ തിരുനാളിലും, വി.മത്തായി ശ്ലീഹായുടെ തിരുനാളിലും ഗ്രൂപ്പ് അടിസ്ഥാനത്തിൽ പോസ്റ്റർ നിർമ്മിച്ചു. ഭവന സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി.

*വാഴവറ്റ:-* ബഹു.ടോം ഉഴുന്നാലിൽ അച്ചനുവേണ്ടി കൃതജ്ഞതാ ബലിയർപ്പിച്ച് പ്രാർത്ഥിച്ചു. ഭവന സന്ദർശനം നടത്തി.

*വൈത്തിരി:-* മാതാവിന്റെ പിറവി തിരുനാളിനോടനുബന്ധിച്ച് നടത്തപ്പെട്ട ഏകദിന ധ്യാനത്തിൽ മുഴുവൻ സി.എം.എൽ.അംഗങ്ങളും പങ്കെടുത്തു. റിപ്പണിൽ വച്ചു നടന്ന സ്മാർട്ട് ക്യാമ്പിൽ ശാഖയിൽ നിന്നും 7 അംഗങ്ങൾ പങ്കെടുത്തു.

*തൃക്കൈപ്പറ്റ:-* എട്ടുനോമ്പാചരണം നടത്തി. വികാരിയച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു, ആശംസകൾ അറിയിച്ചു. കൽപ്പറ്റ മേഖലയിൽ വച്ചു നടത്തിയ സ്മാർട്ട് ക്യാമ്പിൽ 7 കുട്ടികൾ പങ്കെടുത്തു.

*ബത്തേരി:-* മിഷൻലീഗ് അംഗങ്ങൾ പള്ളിവെഞ്ചരിപ്പിനോടനുബന്ധിച്ച് പൊതുപണിയിൽ പങ്കെടുത്ത് പള്ളിയും പരിസരവും വൃത്തിയാക്കി.

*തോമാട്ടുചാൽ:-* ഞായറാഴ്ചകളിലും ലോഗോസ് ക്വിസ്സ് നടത്തി സമ്മാനങ്ങൾ നൽകി. വി.ജോൺ മരിയ വിയാനി ദിനം ആഘോഷിച്ചു. കുഞ്ഞേട്ടൻ അനുസ്മരണ ദിനത്തിൽ പ്രബന്ധം അവതരിപ്പിച്ചു. പൊതു ദിവ്യകാരുണ്യ സ്വീകരണം, രോഗീസന്ദർശനം എന്നിവ നടത്തി. മിഷൻ ഗ്രാമത്തിനായി ഉപവാസം നടത്തി. ടിൻ കളക്ഷൻ നടത്തി. രൂപതാ പ്രസിഡണ്ട് ഷാജിസാർ സംഘടനയെകുറിച്ച് സെമിനാർ നടത്തി. മാതാവിന്റെ ജനനതിരുനാളി നൊരുക്കമായി എല്ലാ ദിവസവും തിരുസ്വരൂപം അലങ്കരിച്ച് ജപമാലയിലും നൊവേനയിലും വി. കുർബാനയിലും പങ്കെടുത്തു.

*ചുണ്ടക്കര:-* എട്ടുനോമ്പാചരണം നടത്തി. മാലിപ്പറമ്പിലച്ചന്റെ അനുസ്മരണം നടത്തി. ധ്യാനം നടത്തി. മേഖലാ കലാമത്സരത്തിൽ പങ്കെടുത്തവർക്ക് പ്രോത്സാഹന സമ്മാനവും വിജയികൾക്ക് സമ്മാനങ്ങളും നൽകി.

കല്ലുവയൽ*:-* ദൈവവിളി സെമിനാർ, സ്റ്റാർ ജീവിത ദർശനക്യാമ്പ്, പ്രസംഗ പരിശീലനം, രോഗീ സന്ദർശനം, പച്ചക്കറിത്തോട്ട നിർമ്മാണം അദ്ധ്യാപകദിനം ആചരിക്കൽ എന്നിവ നടത്തി. സിമിത്തേരി വൃത്തിയാക്കി. കലാമത്സരം നടത്തി.

*പറളിക്കുന്ന്:-* പരി. അമ്മയുടെ ജനന തിരുനാൾ ദിനം സി.എം.എൽ അംഗങ്ങൾ വി.ബലിയിൽ സംബന്ധിച്ച് ജപമാല ചൊല്ലി അമ്മമാർക്കു വേണ്ടി പ്രാർത്ഥിച്ചു. അദ്ധ്യാപക ദിനത്തോടനുബന്ധിച്ച് ഇടവകയിലെ മുഴുവൻ അദ്ധ്യാപകരെയും സമർപ്പിച്ച് വി. ബലിയിൽ പ്രാർത്ഥിക്കുകയും ആദരിക്കുകയും ചെയ്തു.

*ആടിക്കൊല്ലി:-* മിഷൻമാസത്തോടനുബന്ധിച്ച് മിഷൻ കൂടാരം നിർമ്മിച്ചു. മിഷൻമാസ നോട്ടീസ് നിർമ്മിച്ചു.

*അമരക്കുനി:-* രൂപതാ വിസിറ്റ്, സൺഡേസ്കൂൾ വാർഷികം-സമ്മാനദാനം എന്നിവ നടത്തി. വികാരിയച്ചന് ആശംസകൾ നേർന്നു. ഭവന സന്ദർശനം നടത്തി. കുട്ടികൾ ഗ്രൂപ്പ് തിരിഞ്ഞ് മത്സരങ്ങൾ നടത്തി. സൺഡേ സ്റ്റാറിനെ തിരഞ്ഞെടുക്കുന്നു. യുവജനദിനം 80 പേർ പങ്കെടുത്തു.

*ഇരുളം:-* 2100 രൂപ രോഗീ സഹായം നൽകി. നിർദ്ധന കുടുംബത്തിന് സാമ്പത്തിക സഹായവും പച്ചക്കറികളും നൽകി. സൺഡേ സ്റ്റാർ നടത്തി.

*കമ്പനിഗിരി:-* പരി.അമ്മയുടെ ജനന തിരുനാളിന് ഒരുക്കമായി ദേവാലയവും, പരിസരവും വൃത്തിയാക്കി. മാതാവിന്റെ രൂപം അലങ്കരിച്ചു.

*പാടിച്ചിറ:-* എട്ടുനോമ്പാചരണത്തിലെ ജപമാലയിലും നൊവേനയിലും, വി. കുർബാനയിലും എല്ലാ മിഷൻലീഗ് അംഗങ്ങളും പങ്കെടുത്തു. മിഷൻ ഗ്രാമത്തിൽ നിന്ന് ശാഖയിൽ ലഭിച്ച കത്ത് പള്ളിയിൽ വായിച്ച് മിഷൻ ഗ്രാമത്തെ കുട്ടികൾക്ക് പരിചയപ്പെടുത്തി.

*പുൽപ്പള്ളി:-* വീടു സന്ദർശനം, ജപമാല സൈന്യത്തിലെ കുട്ടികൾ രോഗികൾക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ബൈബിൾ വചനങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചു

*സീതാമൗണ്ട്:-* പരി. അമ്മയുടെ ജനന തിരുനാൾ ആഘോഷിക്കുകയും ജപമാല പ്രദിക്ഷണത്തിൽ പങ്കെടുക്കുകയും ചെയ്തു.മേഖലാ മത്സരത്തിൽ പങ്കെടുത്ത് വിജയികളായവരെ ശാഖയിൽ സമ്മാനങ്ങൾ നൽകി അനുമോദിച്ചു. ലോഗോസ് ക്വിസ്സിൽ അംഗങ്ങളെല്ലാവരും പങ്കെടുത്തു.

*കയ്യൂന്നി:-* അർദ്ധദിന സെമിനാർ നടത്തി. മേഖല കലാമത്സരം കയ്യൂന്നി ശാഖയിൽ വച്ച് നടത്തി. ഓവറോൾ ചാമ്പ്യൻ ഷിപ്പ് കരസ്ഥമാക്കി. എല്ലാ കുടുംബങ്ങൾക്കുമായി മരിയൻ ക്വിസ്സ് പ്രോഗ്രാം നടത്തി.

*പനംചിറ:-* ബഹു. ഡയറക്ടറച്ചൻ കുട്ടികൾക്ക് ഏകദിന സെമിനാർ നടത്തി. ശാഖാ മത്സരം, സ്മാർട്ട് ക്യാമ്പ്, പച്ചക്കറി വിതരണം, എന്നിവ

നടത്തി. ടോം ഉഴുന്നാലിൽ അച്ചന്റെ മോചനത്തിന് നന്ദിയർപ്പിച്ച് കൃതജ്ഞതാ ബലിയർപ്പിച്ചു. എട്ടുനോമ്പാചരണം നടത്തി.

*മണിമൂളി:-* മിഷൻലീഗ് അംഗങ്ങളുടെ നേതൃത്വത്തിൽ ഓണാഘോഷത്തോടനുബന്ധിച്ച് മത്സരങ്ങൾ നടത്തി. വിജയികൾക്ക് ഡയറക്ടറച്ചൻ സമ്മാനങ്ങൾ നൽകി. റവ.ഫാ. പ്രകാശ് വെട്ടിക്കൽ, ഡീക്കൻ ഷാരോൺ എന്നിവരുടെ നേതൃത്വത്തിൽ വി.കുർബാനയെകുറിച്ചും പരി.അമ്മയെ കുറിച്ചും സെമിനാർ നടത്തി.

*നരിവാലമുണ്ട:-* വി.മദർതെരേസാ ദിനത്തോടനുബന്ധിച്ച് റാലി നടത്തി. 9 മുതൽ 12 വരെയുള്ള ക്ലാസ്സിലെ കുട്ടികൾക്ക് ധ്യാനം നടത്തി.

*താളിപ്പാടം:-* മേഖലയിൽ വച്ചു നടത്തിയ ഏകദിന സെമിനാറിൽ പങ്കെടുത്തു.ഡയറക്ടർ അച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു.ലോഗോസ് ക്വിസ്സിൽ പങ്കെടുത്തു.മേഖലാ കലാമത്സരത്തിൽ പങ്കെടുത്തു.

*ഇടിവണ്ണ:-* മേഖലാ മത്സരത്തിൽ ഒന്നാം സ്ഥാനവും, കലാമത്സരത്തിൽ രണ്ടാം സ്ഥാനവും നേടി. ചോക്കാട് അഗതിമന്ദിര സന്ദർശനം നടത്തി ഉച്ചഭക്ഷണം നൽകി. നിത്യോപയോഗ സാധനങ്ങളായ സോപ്പ്, പേസ്റ്റ്, ബ്രഷ് എന്നിവ നൽകി.

*പൂളപ്പാടം:-* ഇടവകയിലെ സിസ്റ്റേഴ്സിനെ ആദരിച്ചു. വിശുദ്ധരുടെ തിരുനാളുകൾ ആഘോഷിക്കുന്നു. പിടിയരി ശേഖരണം. സീനിയർ സംഗമം ഏകദിന ക്യാമ്പ്, ബെഡ് ഷീറ്റ്കുറി, പ്രയർബാങ്ക് എന്നിവ നടത്തുന്നു.

ഹൃദയത്തിലും മനസ്സിലും മിഷൻ ചൈതന്യം നിറച്ച് കർമ്മനിരതരായി ഊർജസ്വലരായി ചെമ്മഞ്ഞ കൊടിയുടെ കീഴിൽ അണിനിരന്ന് ജപമാല രഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് പ്രേഷിത തീക്ഷണതയിൽ വളരുന്ന പ്രിയപ്പെട്ട മിഷൻലീഗിന്റെ പ്രവർത്തകർക്ക് മിഷൻ അഭിവാദ്യങ്ങളോടെ,

**ബിനീഷ് തുമ്പിയാംകുഴിയിൽ**
രൂപതാ സെക്രട്ടറി

# Department of Youth Ministry

**ലൈഫ് ട്രയിനിംഗ്**

29-9-2017 വെള്ളിയാഴ്ച്ച രാവിലെ ഒൻപത് മണിമുതൽ വൈകുന്നേരം മൂന്ന് മണിവരെ 2016-2017 ബാച്ചിലെ ലൈഫ്ട്രെയിനിംഗ് വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഒരു ദിവസത്തെ പ്രോഗ്രാം ദ്വാരക യൂത്ത് മിനിസ്ട്രി ഓഫീസിൽ വെച്ച് നടന്നു. നാൽപത്തിനാല് വിദ്യാർത്ഥികൾ പങ്കെടുത്തിരുന്നു. രാവിലെ ഒൻപത് മണിക്ക് പ്രാത്ഥനയോടെ സി.ആൻസി തോമസ് സി.എം.സി.യുടെ നേതൃത്വത്തിൽ ക്ലാസ്സ് ആരംഭിച്ചു. വിദ്യാർത്ഥികളുടെ ആദ്ധ്യാത്മീകവും ഭൗതീകവുമായ നിലവാരം വിലയിരുത്തുന്നതിനു വേണ്ടി ഗ്രൂപ്പ് ഷെയറിംഗ് നടത്തുകയും വ്യക്തിപരമായി അവർക്ക് തങ്ങളുടെ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും തളർന്ന മേഖലകളെ ഉണർത്തുവാനുള്ള ഒരവസരമായിരുന്നു ഈ ഷെയറിംഗ്. ഫാ.ലാൽ ജേക്കബ് പൈനുങ്കൽ വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ മെച്ചപ്പെടുത്തുവാൻ സഹായിക്കുന്ന ക്ലാസ്സ് നൽകി. സി. ആൻസി സി.എം.സി, സി.ലിൻസി.എസ്.സി.വി, എന്നിവർ വിദ്യാർത്ഥികളെ വ്യക്തിപരമായി കണ്ട് സംസാരിക്കുകയും ചെയ്തു. ഉച്ചകഴിഞ്ഞ് മൂന്ന് മണിയോടെ ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിലുള്ള പ്രാർത്ഥനയോടെ ക്ലാസ്സ് അവസാനിച്ചു. നിലമ്പൂർ ഭാഗത്തുള്ള കുട്ടികൾക്ക് 30-9-2017 ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് രണ്ട് മണിക്ക് നിലമ്പൂർ കൊച്ചുത്രേസ്യാ ദേവാലയത്തിൽ വെച്ച് ഫാ.ലാൽ ജേക്കബ് പൈനുങ്കലിന്റെ നേതൃത്വത്തിൽ ക്ലാസ്സ് നടത്തി സി. ആൻസി തോമസ്സ് സി.എം.സി, കുമാരി ലിൻഷ മരിയ ഷാന്റി എന്നിവർ കുട്ടികളുടെ അദ്ധ്യാത്മികവും പഠനപരവുമായ നിലവാരം വിലയിരുത്തി.

**വയോജന ദിനം**

അന്തർദേശീയ തലത്തിൽ വൃദ്ധരെ ആദരിക്കുന്ന ഒക്ടോബർ ഒന്നാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് രണ്ട് മണിക്ക് യുവർ നെയ്ബർ അസോസിയേഷന്റെ ഭാഗമായി ഫാ. ലാൽ ജേക്കബിന്റെ നേതൃത്വത്തിൽ മാനന്തവാടി സമരിറ്റൻ ഭവനിൽ ഒന്നു ചേരുകയും പ്രായമായ മാതാപിതാക്കളോടൊപ്പം സമയം ചെലവഴിക്കുകയും ചെയ്തു. ലൈഫ് ട്രെയ്നിംഗ് വിദ്യാർത്ഥികളായ ജോൺ സോനു, ജോയേൽ പി.ജോ, അമൽ, ആശിഷ്, ഐറിൻ, നേഹ എന്നിവർ ചേർന്ന്

വിവിധ കലാ പരിപാടികൾ അവതരിപ്പിച്ചു. കൂടാതെ അവർക്കുവേണ്ടി കളികൾ നടത്തുകയും സമ്മാനങ്ങൾ നല്കി അവരെ ആദരിക്കുകയും ചെയ്തു. സി.ലിൻസി എസ്.സി.വി, സി.ശാലിനി. എസ്.സി.വി എന്നിവർ പ്രോഗ്രാമിന് നേതൃത്വം നല്കി.

**ടീം മീറ്റിംഗ്**

ഡിപ്പാർട്ട് മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ടീമംഗങ്ങളുടെ മീറ്റിംഗ് ഒക്ടോബർ 7 ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചക്ക് 1 മണി വരെ ദ്വാരക യൂത്ത് മിനിസ്ട്രി ഓഫീസിൽ വെച്ച് നടന്നു. ജപമാല രാജ്ഞിയുടെ തിരുനാൾ ആഘോഷിക്കുകയും ടീമംഗമായ കുമാരി ലിൻഷ മരിയക്ക് ജൻമദിനാശംസകൾ നേരുകയും ചെയ്തു. ഒരു മണിക്കൂർ പ്രാർത്ഥന നടത്തി. തുടർന്ന് വി.കുർബാന അർപ്പിച്ചു. നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർന്നുള്ള കർമ്മ പദ്ധതികൾ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. ഡയറക്ടർ ഫാ.ലാൽ ജേക്കബ് പൈനുങ്കൽ, ടീമംഗങ്ങളായ ഫാ.ജോബി മുക്കാട്ടുകാവുങ്കൽ, സി.ആൻസി CMC, സി.ലിൻസി SCV , സി.നോയൽ SABS, സി.ആനി പോൾ SH, ലിൻഷ മരിയ എന്നിവർ പങ്കെടുത്തു.

**ഫാത്തിമയുടെ നിറവിൽ ...**

പരി.അമ്മ ഫാത്തിമയിൽ പ്രത്യക്ഷപ്പെട്ടതിന്റെ 100-ാം വാർഷികത്തിന്റെ ഓർമകളോടെ 2017 ഒക്ടോബർ 13,14 ദിവസങ്ങൾ പ്രാർത്ഥനാ ദിനങ്ങളായി ആചരിച്ചു. 13-ാം തീയതി വെള്ളിയാഴ്ച രാവിലെ 9 മണി മുതൽ രാത്രി 12 മണി വരെ ടീമംഗങ്ങളും 14-ാം തീയതി ശനിയാഴ്ച രാവിലെ 9 മണി മുതൽ വൈകു. 4 മണി വരെ ലൈഫ് ട്രയിനിംഗ് വിദ്യാർത്ഥികളും പരി.അമ്മയുടെ മാദ്ധ്യസ്ഥം അപേക്ഷിച്ച് പ്രാർത്ഥിച്ചു.

**വടക്കനാട് ഇടവക യുവജന കൺവെൻഷൻ**

വടക്കനാട് സെന്റ് ജോസഫ് ഇടവകയിലെ യുവജനങ്ങൾക്കായി 2017 ഒക്ടോബർ 15 ഞായറാഴ്ച യുവജന കൺവെൻഷൻ നടത്തി. രാവിലെ 7.30 ക്ക് വി.കുർബാനയോടെ ആരംഭിച്ച് വൈകുന്നേരം 4 മണിയോടെ അവസാനിച്ചു. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ.ലാൽ ജേക്കബ് പൈനുങ്കൽ, വടക്കനാട് ഇടവക വികാരി ഫാ.ജോബി മുക്കാട്ടുകാവുങ്കൽ എന്നിവർ നേതൃത്വം നൽകി. വി.കുർബാന, കുമ്പസാരം, ആരാധന, ക്ലാസ്സ്, സ്പിരിച്വൽ ഷെയറിംഗ്, സ്പിരിച്വൽ ആനിമേഷൻ എന്നിവ സംഘടിപ്പിച്ചു. ലാലച്ചൻ, സി.ആൻസി തോമസ് CMC എന്നിവർ ക്ലാസ്സെടുത്തു. സി.ലിൻസി SCV, സി.കാർമൽ CMC, സി.തെരേസ് CMC, സി. മെറീന FCC, സി. ആൻസി

MSMI, സി. ആൻ മരിയ MSMI എന്നിവർ സ്പിരിച്ചൽ ഷെയറിംഗിന് നേതൃത്വം നൽകി. പ്രാർത്ഥനാനിർഭരമായ അന്തരീക്ഷത്തിൽ നടത്തിയ പരിപാടി യുവജനങ്ങൾക്ക് വ്യത്യസ്തമായ പ്രാർത്ഥനാനുഭവം സമ്മാനിച്ചു.

68 യുവജനങ്ങൾ പങ്കെടുത്തു. കൺവെൻഷനു മുന്നൊരുക്കമായി വിവിധ വാർഡുകളിൽ മീറ്റിംഗ് നടത്തി. യുവജനങ്ങൾ വിവിധ ദിവസങ്ങളിലായി പ്രാർത്ഥിച്ചൊരുങ്ങി. കൺവെൻഷന് എല്ലാവിധ ക്രമീകരണങ്ങളും ഒരുക്കി സഹകരിച്ച ഇടവക വികാരി ഫാ.ജോബി മുക്കാട്ടുകാവുങ്കൽ, സി.ലിൻസ FCC & കമ്മ്യൂണിറ്റി, കൈക്കാരന്മാർ, പാരീഷ് കൗൺസിൽ അംഗങ്ങൾ, മതാധ്യാപകർ, മിഷൻ ലീഗ്, KCYM അംഗങ്ങൾ എന്നിവർക്ക് ഹൃദയംഗമമായ സ്നേഹവും നന്ദിയും അഭിനന്ദനങ്ങളും.

**സി. ലിൻസി എസ്.സി .വി**
ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

**കെ.സി.വൈ.എം. രൂപതാ വാർഷികം**

ഡിസംബർ 2 ശനിയാഴ്ച കെസിവൈഎം-ന്റെ 23-ാമത് വാർഷികം നടത്തുന്നു. ഇതിനു മുന്നോടിയായി സാക്ഷരതയുടെ പിതാവായ ചാവറയച്ചൻ - നവോത്ഥാന കേരളത്തിന്റെ വിപ്ലവനായകൻ - എന്ന മുദ്രാവാക്യം അടിസ്ഥാനമാക്കി മേഖലാ യൂണിറ്റ് ആഭിമുഖ്യത്തിൽ പൊതുസമ്മേളനങ്ങൾ, ചർച്ചകൾ, സായാഹനസദസ്സുകൾ എന്നിവ സംഘടിപ്പിക്കാവുന്നതാണ്.

**കെ.സി.വൈ.എം. മാസാചരണം മികച്ച യൂണിറ്റ്**

ആഗസ്റ്റ് മാസത്തെ കെസിവൈഎം മാസാചരണത്തോടനുബന്ധിച്ച് ലഭിച്ച റിപ്പോർട്ടുകൾ പ്രകാരം കെസിവൈഎം അമ്പലവയൽ സെന്റ് മാർട്ടിൻസ് യൂണിറ്റ് ആഗസ്റ്റ് മാസത്തെ മികച്ച യൂണിറ്റായി തെരഞ്ഞെടുക്കപ്പെട്ടു. യൂണിറ്റ് ഡയറക്ടർ ബഹു. കുര്യൻ വാഴയിൽ അച്ചനും, അസി. ഡയറക്ടർ ബഹു. ഷിജു ഐക്കരക്കാനായിൽ അച്ചനും, ആനിമേറ്റർ ബഹു. സിസ്റ്റർ ദിവ്യ എസ്.എ.ബി.എസിനും, പ്രസിഡന്റ് ജെറിൻ തറപ്പേലിനും അഭിനന്ദനങ്ങൾ. വ്യത്യസ്ഥമായ പ്രവർത്തനങ്ങൾക്ക്, ചീങ്ങവല്ലം, പാറത്തോട്ടം, ബത്തേരി എന്നീ യൂണിറ്റുകൾ പ്രത്യേക പ്രശംസ അർഹിക്കുന്നു.

**സംസ്ഥാന രചനാമത്സരങ്ങൾ**

ഈ വർഷത്തെ സംസ്ഥാന രചനാ മത്സരങ്ങൾ നവംബർ 18 ന് മാനന്തവാടി ന്യൂമാൻസ് കോളേജിൽ വച്ച് നടക്കുന്നു. രൂപത മത്സരങ്ങളിൽ 1, 2 സ്ഥാനം എ ഗ്രേഡോടെ ലഭിച്ചവർക്ക് സംസ്ഥാന മത്സരങ്ങളിൽ പങ്കെടുക്കാൻ യോഗ്യതയുണ്ട്. ബന്ധപ്പെട്ടവർ മത്സരാർത്ഥികളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

**സംസ്ഥാന കലാമത്സരങ്ങൾ**

ഈ വർഷത്തെ സംസ്ഥാന കലാമത്സരങ്ങൾ ഡിസംബർ 9, 10 തീയതികളിൽ താമരശ്ശേരി രൂപതയുടെ ആതിഥേയത്വത്തിൽ കോഴിക്കോട് ചേവായൂർ പ്രസന്റേഷൻ സ്ക്കൂളിൽ വച്ചാണ് നടക്കുന്നത്. വിശദവിവരങ്ങൾ ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.

**2018 വർഷത്തെ യൂണിറ്റ്, മേഖല ഇലക്ഷൻ**

നവംബർ 19 നു മുമ്പായി 2018 വർഷത്തെ യൂണിറ്റ്, മേഖല ഇലക്ഷൻ നടത്തി ഭാരവാഹികളുടെ പേരുവിവരം രൂപതാ ഓഫീസിൽ ഏൽപ്പിക്കണം.

**വയനാട് റെയിൽവേ**

സുൽത്താൻ ബത്തേരിയിൽ വച്ച് നടന്ന വയനാട് - നിലമ്പൂർ റയിൽവേ ആക്ഷൻ കമ്മിറ്റി മീറ്റിംഗിൽ രൂപതാ ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ പങ്കെടുത്തു സംസാരിച്ചു.

**പാളവലി സമരം**

പെട്രോൾ ഡീസൽ വില വർദ്ധനവിനെതിരെ കെ.സി. വൈ.എമ്മിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 26 ന് സുൽത്താൻ ബത്തേരി ടൗണിൽ വച്ച് പാളവലി സമരം നടന്നു. ജനറൽ സെക്രട്ടറി ജിഷിൻ മുണ്ടക്കാത്തടം സ്വാഗതം ആശംസിച്ചു. ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ മുഖ്യപ്രഭാഷണം നടത്തി. രൂപതാ പ്രസിഡണ്ട് എബിൻ മുട്ടപ്പള്ളി റാലിയുടെ ഫ്ളാഗ് ഓഫ് കർമ്മം നിർവ്വഹിച്ച് സംസാരിച്ചു. സാന്നിധ്യം കൊണ്ടും സഹകരണം കൊണ്ടും റാലി മനോഹരമാക്കിയ ഷിജു ഐക്കരക്കാനയിൽ അച്ചനും ജോബി മുക്കാട്ടുകാവുങ്കൽ അച്ചനും അമ്പലവയൽ, വടക്കനാട്, കളത്തുവയൽ, ബത്തേരി, നടവയൽ യൂണിറ്റംഗങ്ങൾക്കും തരിയോട്, കൽപ്പറ്റ മേഖലാംഗങ്ങൾക്കും രൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു. രൂപതാ വൈസ്സ് പ്രസിഡണ്ട് കുമാരി റോസ്മേരി, രൂപത കോഡിനേറ്റർ ജിജോ പൊടിമറ്റം, സി. സ്മിത എസ്.എ.ബി.എസ്. എന്നിവർ നേതൃത്വം നൽകി. രൂപതയിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള യുവജനപ്രതിനിധികൾ റാലിയിലും, സമ്മേളനത്തിലും പങ്കെടുത്തു.

**സംസ്ഥാന വനിതാസംഗമം**

കാഞ്ഞിരപ്പള്ളി രൂപതയുടെ നേതൃത്വത്തിൽ സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 1 വരെ അമൽജ്യോതി കോളേജിലും കുട്ടിക്കാനം മരിയൻ കോളേജിലും വച്ച് നടന്ന വനിതാ സംഗമത്തിൽ രൂപതാ ആനിമേറ്റർ സി.സ്മിത എസ്.എ.ബി.എസ്, അലീന ജോയി (പുൽപ്പള്ളി മേഖല), അമൃത, ഡോണ (തരിയോട് മേഖല) എന്നിവർ പങ്കെടുത്തു. ഇവരെ പറഞ്ഞയച്ച യൂണിറ്റ് ഡയറക്ടറച്ചൻമാരെയും, ആനിമേറ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു.

**സംസ്ഥാന പരിസ്ഥിതി പഠന ക്യാമ്പ് - ഗായിയ 2017**

താമരശ്ശേരി രൂപതയുടെ ആതിഥേയത്വത്തിൽ തുഷാരഗിരിയിൽ

വച്ച് നടന്ന സംസ്ഥാന പരിസ്ഥിതി പഠനക്യാമ്പ് -ഗായിയ 2017 ൽ രൂപത പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ 9 പേർ പങ്കെടുത്തു. രൂപതാ ആനിമേറ്റർ സി. സ്മിത എസ്.എ.ബി.എസ്., രൂപതാ വൈസ്സ് പ്രസിഡണ്ട് റോസ്മേരി, അലീന ജോയി (പുൽപ്പള്ളി മേഖല), അമൃത, അഞ്ജു, ആൽഫിൻ (തരിയോട് മേഖല) ഗ്രാലിയ, അഖിൽ ( മണിമൂളി മേഖല) എന്നിവർക്ക് അഭിനന്ദനങ്ങൾ.

**പേൾ– 2017**

മാനന്തവാടി രൂപത കലോത്സവം പേൾ 2017 ഒക്ടോബർ 18–ന് മാനന്തവാടി ന്യൂമാൻസ് കോളേജിൽ വച്ച് നടന്നു. 12 മേഖലകളിലെ യുവപ്രതിഭകൾ മാറ്റുരച്ച കലോത്സവത്തിൽ യഥാക്രമം പയ്യംമ്പള്ളി, നടവയൽ, കല്ലോടി മേഖലകൾ 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കി. ഓവറോൾ കരസ്ഥമാക്കിയ പയ്യംപ്പള്ളി മേഖലയ്ക്ക് അഭിനന്ദനങ്ങൾ. കലോത്സവം മനോഹരമാക്കുവാൻ ഒന്നിച്ചദ്ധ്വാനിച്ച മേഖലാ, യൂണിറ്റ് ഡയറക്ടേഴ്സ് ആനിമേറ്റേഴ്സ് സെക്രട്ടറിയേറ്റ് സിൻഡിക്കേറ്റ് അംഗങ്ങൾ, മുൻ ഭാരവാഹികൾ സ്ഥലം അനുവദിച്ചുതന്ന ന്യൂമാൻസ് കോളേജ് അധികൃതർക്കും, വോളന്റിയേഴ്സായി സേവനം ചെയ്തവർക്കും നന്ദി.

മേഖലകളും, പോയിന്റുകളും

| | | |
|---|---|---|
| 1. | Payyampally | 194 points |
| 2. | Nadavayal | 174 points |
| 3. | Kallody | 146 points |
| 4. | Dwaraka | 140 points |
| 5. | Manimooly | 138 points |
| 6. | Bathery | 100 points |
| 7. | Thariode | 99 points |
| 8. | Mananthavady | 98 points |
| 9. | Mulllenkolly | 78 points |
| 10. | Chungakkunnu | 75 points |
| 11. | Nilgiris | 73 points |
| 12. | Kalpetta | 62 points |

**സാഹിത്യ മത്സര ഫലങ്ങൾ**

| | | |
|---|---|---|
| **ഉപന്യാസം** – | സൗമ്യ പ്ലാപറമ്പിൽ, പനമരം | (I A) |
| | ലിനു കരിക്കേടത്ത്, നടവയൽ | (II A) |
| | അനീറ്റ പുതിയക്കുന്നേൽ, തലഞ്ഞി | (III A) |

| | | |
|---|---|---|
| **കഥ –** | അഭിലാഷ് താഴത്ത്, മൊതക്കര | (I A) |
| | മെറിൻ പുലിതൂക്കിയിൽ, പ്രശാന്തഗിരി | (II A) |
| | ക്രിസ്റ്റഫർ കുന്നത്ത്, പടമല | (III A) |
| **കവിത –** | അമിത പട്ടരുമഠത്തിൽ, പനവല്ലി | (I A) |
| | ജിയ മഠത്തിൽ, കാവുമന്ദം | (II B) |
| | ലിജിൻ പയ്യംപള്ളിൽ | (III B) |
| **കൊളാഷ് –** | മിഥുൻ വയലിൽ, അരിഞ്ചേർമല | (I A) |
| | ജയ്സൺ മാളിയേക്കൽ, തൃക്കൈപ്പറ്റ | (II A) |
| | അലീഷ ജോസഫ് അടപ്പൂർ, പാലേമാട് | (III A) |
| | സ്റ്റെബിൻ കാരക്കാക്കുന്നേൽ, പടമല | (III A) |
| **പോസ്റ്റർ –** | റ്റാൻസിയ പുൽപ്പറമ്പിൽ, തൃശ്ശിലേരി | (I A) |
| | അഭിജിത്ത് കാഞ്ഞിരപ്പറയിൽ, മുള്ളൻക്കൊല്ലി | (II A) |
| | ജെഫ്രിൻ കൈതക്കൽ, ഒഴുക്കൻമൂല | (III A) |
| | അപർണ്ണ വടക്കുംപ്പാടത്ത്, കാവുമന്ദം | (III A) |
| **കാർട്ടൂൺ –** | ജോസിൽ മാങ്കൂട്ടത്തിൽ, നടവയൽ | (I A) |
| | ഡെൽന മടപ്പള്ളിൽ, ആടിക്കൊല്ലി | (II A) |
| | അമൽ കുറിയിടത്ത്, തവിഞ്ഞാൽ | (III A) |
| **മുദ്രാവാക്യം–** | 1.ജോയിസ് പുൽപറമ്പിൽ, തൃശ്ശിലേരി | (I A) |
| | 2. സാജിൻ സാജു ഞെഴുക്കുക്കാട്ടിൽ | (II A) |
| | 3. ലാസർ മങ്കടപ്ര, മുള്ളൻക്കൊല്ലി | (III A) |
| **നോട്ടീസ് –** | 1. ജെയ്മോൻ ഇഞ്ചിത്താനത്ത്, കല്ലുവയൽ | (I A) |
| | 2. ദിയ പുളിയ്ക്കാക്കുടി | (II A) |
| | 3. ലാസർ മങ്കടപ്ര, മുള്ളൻക്കൊല്ലി | (III A) |
| **പത്രവാർത്ത–** | 1. അപർണ്ണ വടക്കുംപ്പാടത്ത്, കാവുമന്ദം | (I A) |
| | 2. ജിജിൽ കിഴക്കരക്കാട്ട്, കുഞ്ഞോം | (II A) |
| | 3. സർഗ്ഗ മറ്റത്തിൽ, കാവുമന്ദം | (III A) |

**കലാമത്സരഫലങ്ങൾ**

| | | |
|---|---|---|
| **ഡിബേറ്റ് –** | 1. ടോം ജോസ് പൂവത്തിങ്കൽ (Best Proposer) | |
| | ജോൺ ബോബിറ്റ് എറമ്പിൽ, ബത്തേരി | (I A) |
| | 2. ആശ കലയക്കുന്നേൽ | |
| | ലിജോ ഐക്കരകണ്ടത്തിൽ പുതുശ്ശേരി | (II A) |
| | 3. സന്തോഷ് മാത്യു ചെട്ടിശ്ശേരി | |
| | സബിൻ വടക്കേക്കുന്നേൽ (Best Opposer) | (III A) |

സംഘഗാനം – 1. മരിയ കണിയാമാക്കുന്നേൽ & ടീം മണിമൂളി (I A)
2. റോസ്മേരി കോക്കാട്ടിൽ & ടീം നടവയൽ (II A)
3. അനില ആരംപുളിക്കൽ & ടീം ബത്തേരി (III A)

ക്വിസ് – 1. അഞ്ജന ചെറുതറപ്പേൽ & ടീം നിലഗിരി (I A)
2. അനീറ്റ ചുണ്ടക്കൽ & ടീം ദ്വാരക (II A)
3. അനില ആരംപുളിക്കൽ & ടീം ബത്തേരി (III A)

കെ.സി.വൈ.എം. ആന്തം– 1. ആരംപുളിക്കൽ & ടീം ബത്തേരി (I A)
2. മരിയ കണിയാമാക്കുന്നേൽ & ടീം മണിമൂളി (II A)
3. റോസ്മേരി കോക്കാട്ടിൽ & ടീം നടവയൽ (III A)

തെരുവുനാടകം– 1. ജോയ്സ് പുൽപ്പറമ്പിൽ & ടീം പയ്യംമ്പള്ളി (I A)
2. അമൽ ചാത്തോളിൽ & ടീം കല്ലോടി (II A)
3. ഫ്രെഡി പുളിയംമാക്കൽ & ടീം ചുങ്കക്കുന്ന്(III A)

മൈം – 1. ആദർശ് ഇല്ലിക്കൽ & ടീം കല്ലോടി (I A)
2. മിഥുൻ മോനിപ്പള്ളി & ടീം പയ്യംമ്പള്ളി (II A)
3. അനൂപ് വെള്ളാരംത്തടത്തിൽ & ടീം കൽപ്പറ്റ (III A)

ലളിതഗാനം യുവാവ്–1. നിഖിൽ നിരപ്പേൽ, കാരക്കാമല (I A)
2. റോമൽ മഠത്തിപ്പറമ്പിൽ വാളവയൽ (II A)
3. സാംസനോവ് കല്ലുപുരയ്ക്കൽ, പുതിയിടംകുന്ന് (III A)
3. ടോണി വടയാപറമ്പിൽ തലഞ്ഞി (III A)

ലളിതഗാനം യുവതി– 1. മരിയ കണിയാമാക്കുന്നേൽ പാലാങ്കര (I A)
2. അഞ്ജു മഠത്തിക്കുന്നേൽ കൊമ്മയാട് (II A)
3. ഹൃദ്യ പുതിയിടംക്കുന്നത്ത്, ബത്തേരി (III A)
3. അനീഷ ചീമ്പാറ, പുതിയിടം (III A)

നാടോടിനൃത്തം യുവതി– 1. അയലിൻ പനച്ചിക്കൽ പയ്യമ്പള്ളി (I A)
1. സാന്ദ്ര നെല്ലൂർ, ചുണ്ടക്കര (I A)
2. ദിൽന മുത്തേടത്ത്, കാവുമന്ദം (II A)
3. ടീന കുഞ്ഞാത്തുപ്പറമ്പിൽ, തോണിച്ചാൽ (III A)

മോണോആക്ട് – 1. സാന്ദ്ര നെല്ലൂർ, ചുണ്ടക്കര (I A)
2. അമൽ ജോസ് പള്ളത്ത് (II A)
3. റോഷ്ന വെള്ളിയാംകണ്ടത്തിൽ, വാളേരി (III A)

മിമിക്രി – 1. മിഥുൻ മോനിപ്പള്ളി, തൃശ്ശിലേരി (I A)
2. സുസ്മി മരിയ ബാബു വരകിൽ, ഒണ്ടയങ്ങാടി (II A)
3. എഡ്വിൻ തുമുള്ളിൽ, വഞ്ഞോട് (III A)

പ്രസംഗം – 1. ലിജോ ഐക്കരകണ്ടത്തിൽ, പുതുശ്ശേരി (I A)
2. ലിനു കരിക്കേടത്ത്, നടവയൽ (III A)
3. ക്രിസ്റ്റിൽ മുണ്ടുപ്പറമ്പിൽ, മംഗളം തരിയോട് (III A)

ഫോട്ടോഗ്രാഫി– 1. ടോം ഉള്ളോപ്പള്ളി, ചുങ്കക്കുന്ന് (I A)
2. അക്ഷയ് ചെരുവുകാലായിൽ, ചുണ്ടക്കര (II A)
3. ദീപക് ജോഷി ഒറവനാംത്തടത്തിൽ,
ചുണ്ടക്കര (III A)

**മേഖല വാർത്തകൾ**

**ദ്വാരക മേഖല**

സെപ്റ്റംബർ 9 ന് സാഹിത്യ മത്സരവും, 12 ന് കലാമത്സരവും നടത്തി. 27 ന് രക്തസാക്ഷി ദിനത്തോടനുബന്ധിച്ച് ബ്ലഡ് ഡൊണേഷൻ ക്യാമ്പ് സംഘടിപ്പിച്ചു.

**മാനന്തവാടി മേഖല**

സെപ്റ്റംബർ 9 ന് സാഹിത്യമത്സരം പോരൂർ യൂണിറ്റിൽ വച്ചും, 16 ന് കലാമത്സരം പാറത്തോട്ടം യൂണിറ്റിൽ വച്ചും നടത്തി. ഭീകരരുടെ കയ്യിൽ നിന്ന് മോചിതനായ ടോം ഉഴുന്നാലിൽ അച്ചനുവേണ്ടി കൃതഞ്ജതാ പ്രാർത്ഥന നടത്തി.

**നടവയൽ മേഖല**

സെപ്റ്റംബർ 9 ന് നടവയൽ യൂണിറ്റിൽ വച്ച് സാഹിത്യ മത്സരവും, 12 ന് പനമരം യൂണിറ്റിൽ വച്ച് കലാമത്സരവും നടത്തി

**യൂണിറ്റ് വാർത്തകൾ**

**പാറത്തോട്ടം**

പാറത്തോട്ടം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ 9-9-17ന് മാനന്തവാടി മേഖലയുടെ ഓണാഘോഷ പരിപാപാടികൾ നടന്നു. സാഹിത്യ മത്സരങ്ങളിൽ യൂണിറ്റിൽ നിന്ന് 10 പേർ പങ്കെടുത്തു. മേഖലാ കലാമത്സരങ്ങൾക്ക് ആതിഥേയത്വം വഹിച്ചു.

**കളത്തുവയൽ യൂണിറ്റ്**

കെ.സി.വൈ.എമ്മിന്റെ നേതൃത്വത്തിൽ 2-9-17 ന് ഓണാഘോഷപരിപാടികൾ– കായികമത്സരങ്ങളും, ഓണസദ്യയും ഒരുക്കി. മേഖലയുടെ സാഹിത്യമത്സരങ്ങളിൽ പങ്കെടുത്തു. കല്ലുവയൽ റോഡിന്റെ ഇരുവശങ്ങളിലുമുള്ള കാട് വെട്ടി വൃത്തിയാക്കി. അമ്മാനി ഭാഗത്തേയ്ക്കുള്ള റോഡ് വൃത്തിയാക്കണമെന്ന് ആവശ്യപ്പെട്ട് പഞ്ചായത്തിലേയ്ക്ക് നിവേദനം നൽകി.

**പുതുശ്ശേരി യൂണിറ്റ്**

ദേവാലയ നിർമ്മാണപ്രവർത്തനങ്ങളിൽ യുവജനങ്ങൾ സജീവമായി പങ്കെടുക്കുകയും ആവശ്യമായ സഹായങ്ങൾ ചെയ്തുവരികയും ചെയ്യുന്നു. സെപ്റ്റംബർ 1 മുതൽ 8 വരെ ദിവ്യബലിയിൽ സംബന്ധിച്ച് മാതാവിന്റെ അനുഗ്രഹം തേടി. യുവജനങ്ങൾക്കായി നടത്തിയ ആരാധനയിലും ജപമാലയിലും സജീവമായി പങ്കെടുത്തു.

**കയ്യൂന്നി യൂണിറ്റ്**

ലോഗോസ് ബൈബിൾ ക്വിസ് നടത്തുന്നതിന് മുന്നോടിയായി നടന്ന ഒരുക്ക പരീക്ഷയിക്ക് കെ.സി.വൈ.എം. നേതൃത്വം നൽകി. 275 അംഗങ്ങൾ പങ്കെടുത്തു. യൂണിറ്റിന്റെ നേതൃത്വത്തിൽ ഓണാഘോഷ പരിപാടികൾ നടന്നു.

**കാവുമന്ദം യൂണിറ്റ്**

ഡയറക്ടർ ഫാ. മാർട്ടിൻ പുതുശ്ശേരിയുടെയും, പ്രസിഡണ്ട് ശ്രീ. ജെറ്റീഷ് വെള്ളാരംകാലായുടെയും നേതൃത്വത്തിൽ കാട്ടിക്കുളം ജയമാതാ ഓർഫനേജ് സന്ദർശിച്ച് സംഭാവനയായി ലഭിച്ച അരിയും മറ്റ് സാധനങ്ങളും നൽകി. മേഖലാ സാഹിത്യ മത്സരത്തിൽ 10 പേർ പങ്കെടുത്തു. സംസ്ഥാന വനിതാസംഗമത്തിൽ യൂണിറ്റിൽനിന്ന് 2 പേർ പങ്കെടുത്തു.

**ജിഷിൻ മുണ്ടക്കാത്തടത്തിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ ഒക്ടോബർ 8 മുതൽ 11 വരെ നടന്ന കോഴ്സിൽ 108 പേർ പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| നവംബർ | 12 – 15 | – പാസ്റ്ററൽ സെന്റർ ദ്വാരക |
| ഡിസംബർ | 03 – 06 | – പാസ്റ്ററൽ സെന്റർ ദ്വാരക |
| ഡിസംബർ | 08 – 11 | – മണിമൂളി – റീജനൽ പാസ്റ്ററൽ സെന്റർ |
| ഡിസംബർ | 27 – 30 | – പാസ്റ്ററൽ സെന്റർ ദ്വാരക |

**പ്രത്യേക ശ്രദ്ധയ്ക്ക്**

ഡിസംബർ 8 മുതൽ 11 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടക്കുന്ന വിവാഹ ഒരുക്ക കോഴ്സിനെക്കുറിച്ച് മണിമൂളി, നിലമ്പൂർ, നീലഗിരി പ്രദേശങ്ങളിലെ ഇടവകകളിൽ ബഹു. വികാരിയച്ചൻമാർ മുൻകൂട്ടി അറിയിക്കുമല്ലോ.

**മാതൃവേദി**

മാതൃവേദി രൂപതാവാർഷികം ഡിസംബർ 16–ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ കത്തുമുഖേന അറിയിക്കുന്നതാണ്.

**തരിയോട് മേഖല**

ഒക്ടോബർ 7–ന് കാവുംമന്ദം ശാഖയിൽ വച്ച് തരിയോട് മേഖലയുടെ എക്സിക്യൂട്ടീവ് ചേർന്നു. മേഖലാ ഭാരവാഹികൾ ശാഖാ റെക്കോർഡുകൾ പരിശോധിച്ചു. റിപ്പോർട്ടുകൾ വിലയിരുത്തി. 2016–17 വർഷത്തെ ബെസ്റ്റ് ശാഖയായി കാവുംമന്ദം തിരഞ്ഞെടുക്കപ്പെട്ടു. രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം കോട്ടത്തറ ശാഖയും കുറുമ്പാല ശാഖയും കരസ്ഥമാക്കി.

**ചുങ്കക്കുന്ന്**

ഓണത്തിന് 3000/– രൂപയുടെ ഓണക്കിറ്റ് 6 കുടുംബങ്ങൾക്ക്

നൽകി.15 –ന് റവ. ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിൽ നന്ദിയായി ഉപവാസമെടുക്കുകയും ജപമാല ചൊല്ലി, കുർബ്ബാനയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു. സെന്റ് കമ്മില്ലസ് ഹോസ്പിറ്റൽ സന്ദർശിച്ച് രോഗികൾക്കു വേണ്ടി പ്രാർത്ഥിച്ചു. ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ച് ഉപയോഗപ്രദമായ വസ്ത്രങ്ങൾ ശേഖരിച്ച് അവയും 8 നോമ്പിന്റെ സമർപ്പണ സാധനങ്ങളായി കിട്ടിയ (22850/–) സാധനങ്ങൾ മരിയഭവൻ, ബോയ്സ്ടൗൺ, പോരൂർ സ്നേഹാലയം എന്നിവിടങ്ങളിൽ നൽകി.

**ദ്വാരക**

8 നോമ്പ് ആചരിച്ചു. മാതാവിന്റെ തിരുസ്വരൂപത്തിനു മുമ്പിൽ അമ്മമാർ സോപ്പ് കാഴ്ച്ച വച്ചു. ഇത് എക്സിക്യൂട്ടീവ് അംഗങ്ങൾ മാനന്തവാടി സമരിറ്റൻ ഭവനിലും, തോണിച്ചാൽ എമ്മാവൂസ് വില്ലയിലും എത്തിച്ചു കൊടുത്തു. ഒരു പാവപ്പെട്ട കുടുംബത്തിന് ഓണകിറ്റ് നൽകി.

**കുഞ്ഞോം**

മാതാവിന്റെ ജനനതിരുനാൾ സമുചിതമായി ആചരിച്ചു. ഇടവകയിലെ ഓണാഘോഷ പരിപാടിയിൽ പങ്കെടുത്തു. അമ്മമാരുടെ നേതൃത്വത്തിൽ ഓണസദ്യ നൽകി. അഡ്വ. ജിജിൽ ജോസഫ് സൈബർ മേഖലയെക്കുറിച്ച് എടുത്ത ക്ലാസ്സിൽ ഇടവകയിലെ എല്ലാ അമ്മമാരും പങ്കെടുത്തു.

**കാരയ്ക്കാമല**

8 നോമ്പ് ഭക്ത്യാദരപൂർവ്വം കൊണ്ടാടി. ഓരോ ദിവസം ഓരോ വാർഡ് ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. 17 –ന് മീറ്റിംഗ് കൂടുകയും 'കുടുംബത്തിൽ പ്രാർത്ഥനയുടെ പ്രാധാന്യം' എന്ന വിഷയത്തിൽ അമ്മമാർക്ക് ക്ലാസ് നൽകുകയും ചെയ്തു. 130 പേർ പങ്കെടുത്തു. ഗവ. ആശുപത്രിയിലെ രോഗികൾക്ക് ഒരു ദിവസം ഭക്ഷണം നൽകി. വീട്ടിലൊരു പച്ചക്കറി തോട്ടം പദ്ധതിയുടെ ഭാഗമായി ഇടവകയിലെ എല്ലാ അമ്മമാർക്കും പച്ചക്കറി തൈകൾ വിതരണം ചെയ്തു.

**വാഴവറ്റ**

ആദ്യവെള്ളിയാഴ്ച്ച അഖണ്ഡജപമാല നടത്തി. കാഴ്ച്ച സമർപ്പണത്തിന് കിട്ടിയ തുക ജീവകാരുണ്യഫണ്ടിലേക്ക് നൽകി. ഫണ്ട് സ്വരൂപിക്കാൻ പഴയ പത്രങ്ങൾ ശേഖരിച്ചു. ഓണാഘോഷ മത്സരം നടത്തി വിജയികളായവർക്ക് സമ്മാനം നൽകി. രോഗികളെ സന്ദർശിച്ചു സാമ്പത്തിക സഹായം നൽകി. അമ്മമാർക്ക് ലോഗോസ് ക്വിസ് മോഡൽ പരീക്ഷനടത്തി. വിജയികൾക്ക് സമ്മാനം നൽകി. മാസാവസാന വെള്ളിയാഴ്ച്ച ജാഗരണ പ്രാർത്ഥന നടത്തി. ഇടവക ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ ശേഖരിച്ചു

**വാളേരി**

മേഖലാ വിസിറ്റിനോടനുബന്ധിച്ച് പൊതുയോഗവും, ജപമാലയും നടത്തി. 61 അമ്മമാർ പങ്കെടുത്തു. മേഖലാ പ്രസിഡന്റ് ഷീന കോട്ടായിൽ മക്കളെ വളർത്തുന്നതിനെക്കുറിച്ച് ക്ലാസ്സെടുത്തു. സമരിറ്റൻ ഭവൻ സന്ദർശിച്ച് ശുശ്രൂഷകൾ ചെയ്തു. പിടിയരിയും പച്ചക്കറികളും ശേഖരിച്ച് ജില്ലാ ആശുപത്രിയിൽ ഭക്ഷണം നൽകുന്നതിന് സഹായിച്ചു. മരിയൻ യാത്ര എന്ന പേരിൽ വീട് സന്ദർശനവും, രോഗീ സന്ദർശനവും നടത്തി. രൂപതയിലെ വൈദികർക്ക് വേണ്ടി പ്രത്യേകമായ പ്രാർത്ഥനയും, ആരാധനയും നടത്തുന്നു. മദ്യപർക്കും ലഹരി ഉപയോഗിക്കുന്നവർക്കുമായി അമ്മമാർ ചെയിൻ ഫാസ്റ്റിംഗ് നടത്തിവരുന്നു.

**കമ്മന**

മാതാവിന്റെ ജനനതിരുനാൾ ആഘോഷമായി നടത്തി. പയ്യമ്പള്ളി മേഖലയിൽ വച്ച് നടത്തിയ ലോഗോസ് ക്വിസ് പരീക്ഷയിൽ ഡീന തൂപ്പുംകര 1-ാം സ്ഥാനവും ഓമന 3-ാം സ്ഥാനവും കരസ്ഥമാക്കി. മേഖല ഭാരവാഹികൾ ശാഖ സന്ദർശിച്ച് വിലയിരുത്തി. ലോഗോസ് ക്വിസ് പരീക്ഷ എഴുതി. ജില്ലാ ആശുപത്രിയിൽ ഭക്ഷണം വയ്ക്കുവാൻ അമ്മമാർ പോയി.

**മഞ്ഞൂറ**

നടവയൽ ഓസ്സാൻഭവൻ, കാട്ടിക്കുളം ജയമാതാ ആശ്രമം എന്നിവിടങ്ങളിൽ സന്ദർശിച്ച് അരി, പച്ചക്കറികൾ, സോപ്പ് എന്നിവ നൽകി. ഒരു കിഡ്നി രോഗിക്ക് ഡയാലിസിസിന് 5000/- രൂപ നൽകി.

**കാവുംമന്ദം**

8 നോമ്പ് ആഘോഷപൂർവ്വം നടത്തി. 8-ാം തീയതി മാതൃദിനമായി ആഘോഷിച്ചു. അന്നു ലഭിച്ച കാഴ്ച്ച സമർപ്പണതുക മാതൃവേദി ഫണ്ടിലേക്കായി സ്വീകരിച്ചു. സെപ്റ്റംബർ 9-ന് മാതൃവേദി വാർഷികം നടത്തുകയും കലാപരിപാടികളും മത്സരങ്ങളും നടത്തി വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു. സെപ്റ്റംബർ 17 -ന് മേഖലാ വിസിറ്റ് നടത്തി വേണ്ട നിർദ്ദേശങ്ങൾ നൽകി. ലോഗോസ് ക്വിസ് പരീക്ഷയിൽ അമ്മമാർ സജീവമായി പങ്കെടുത്തു. 25-ന് റവ.ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിന് നന്ദിയർപ്പിച്ച് ദിവ്യകാരുണ്യ ആരാധന നടത്തി. വൈദിക വിദ്യാർത്ഥിയുടെ പഠനത്തിന് സഹായമായി മാതൃവേദി 10000/- രൂപ നൽകി. ദ്വാരക സീയോൻ ധ്യാനത്തിൽ പങ്കെടുക്കാനായി ഒരു കുട്ടിക്ക് സാമ്പത്തിക സഹായം നൽകി.

**ഇരുളം**

ആനിമേറ്റേഴ്സിന്റെയും പ്രസിഡന്റുമാരുടെയും മീറ്റിംഗിൽ പങ്കെടുത്തു. നീതിനിഷേധത്തിനെതിരെയുള്ള റാലിയിൽ പങ്കെടുത്തു. പ്രാഥമിക ശുശ്രൂഷയെപ്പറ്റി റവ. സി. ക്രിസ്റ്റീന എസ്.കെ.ഡി. സെമിനാർ നടത്തി. കെ.സി.വൈ.എം അംഗങ്ങൾ മാനന്തവാടി ടൗൺ പള്ളിയിൽ വച്ചു നടത്തിയ വനിതാ സംഗമത്തിൽ വച്ച് ക്യാൻസർ രോഗികൾക്കായി സംഘടിപ്പിച്ച മുടിദാനത്തിൽ സിജി അടുമാറിയിൽ മുടി സംഭാവന ചെയ്തു. ഓണാഘോഷ പരിപാടിയിൽ അമ്മമാർ സംബന്ധിച്ചു. രോഗീ സന്ദർശനം നടത്തി. മാതൃദിനം ആഘോഷിച്ചു. ലോഗോസ് പരീക്ഷയിൽ പങ്കെടുത്തു.

**തൃശിലേരി**

8 നോമ്പ് ആചരിച്ചു. വി.മദർ തരേസയുടെ തിരുനാൾ ദിവസം ഇടവകയിൽ സേവനം ചെയ്ത എല്ലാ സമർപ്പിതരും ഇടവകയിൽ നിന്നുള്ള സമർപ്പിതരും വന്നുചേർന്നു. അമ്മമാർക്ക് സെമിനാർ നടത്തി. രൂപതാ ഡയറക്ടർ റവ. ഫാ. ജോഷി മഞ്ഞക്കുന്നേൽ ക്ലാസ് നയിച്ചു. 76 അമ്മമാർ പങ്കെടുത്തു. ശനിയാഴ്ച്ച ഗവ. ഹോസ്പിറ്റലിൽ ഉച്ചഭക്ഷണം തയ്യാറാക്കി കൊടുത്തു.

**പാറത്തോട്ടം**

മാതാവിന്റെ ജനനതിരുനാൾ ആചരിച്ചു. എല്ലാ അമ്മമാരും മാതാവിനെക്കുറിച്ചുള്ള ക്വിസ് മത്സരത്തിൽ പങ്കെടുക്കുകയും മാതാവിനെക്കുറിച്ച് ലേഖനമെഴുതുകയും ചെയ്തു. വിജയികളായവർക്ക് സമ്മാനങ്ങൾ ലഭിച്ചു. ഭാരവാഹികൾ ഇടവകയിൽ രോഗികളായവരെ സന്ദർശിച്ചു.

**കോട്ടത്തറ**

സെപ്റ്റംബർ 3 –ന് രൂപതാ ഡയറക്ടർ റവ. ഫാ. ജോഷി മഞ്ഞക്കുന്നേൽ 'സമൂഹ നിർമ്മിതിയിൽ കുടുംബങ്ങൾക്കുള്ള പങ്ക്' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ് എടുത്തു. 8 –ന് പരി. അമ്മയുടെ ജനന തിരുനാൾ സമുചിതമായി ആചരിച്ചു മാതൃദിനം കൊണ്ടാടി. അന്നു തന്നെ അംഗങ്ങൾ ഇടവകയിലെ കിടപ്പുരോഗികളെ സന്ദർശിച്ച് പ്രാർത്ഥിച്ചു. കുഴിനിലത്തുള്ള ഫാ. ടെസ്സാ സ്പെഷ്യൽ സ്ക്കൂൾ സന്ദർശിച്ചു പലഹാരങ്ങളും, സോപ്പ്, എണ്ണ മുതലായവ നൽകുകയും ചെയ്തു.

**പുതിയിടംകുന്ന്**

8 നോമ്പ് ആചരിച്ചു. ആ ദിവസങ്ങളിൽ മുടങ്ങാതെ ദേവാലയത്തിൽ വന്ന അമ്മമാരുടെ പേര് നറുക്കിട്ടെടുത്ത് ലക്കി മേരിയെ തിരഞ്ഞെടുത്തു. ലില്ലി കൊളത്താശ്ശേരിക്ക് സമ്മാനം നൽകി ആദരി

ക്കുകയും ചെയ്തു. ടോം ഉഴുന്നാലിൽ അച്ചന്റെ മോചനത്തിനായി 2000 -ഓളം ജപമാല ചൊല്ലി കാഴ്ച്ചവച്ചു. വാർഡു മീറ്റിംഗുകളിൽ വച്ച് ലൈബ്രറി പുസ്തകം വിതരണം ചെയ്തു. മേഖലാ ടീം വിസിറ്റ് നടത്തുകയും സി. കൃപ എഫ്.സി.സി ക്ലാസ് നയിക്കുകയും ചെയ്തു.

**കയ്യൂന്നി**

അമ്മമാരുടെ നേതൃത്വത്തിൽ കൽപറ്റ സ്നേഹസദൻ, നടവയൽ ഓസാനം ഭവൻ, പനമരം നവജ്യോതി എന്നിവിടങ്ങളിൽ സന്ദർശനം നടത്തുകയും 78000/- രൂപയുടെ സാധനങ്ങൾ നൽകുകയും ചെയ്തു. സെപ്റ്റംബർ 17-ന് രൂപതാ മാതൃവേദി പ്രതിനിധി ശ്രീമതി പ്രിയ തടങ്ങഴി 'കുടുംബത്തിലെ പ്രേഷിത അമ്മ' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് എടുത്തു. 280 പേർ പങ്കെടുത്തു.

**പറളിക്കുന്ന്**

മാതാവിന്റെ ജനനതിരുനാൾ ഭക്തിപൂർവ്വം ആചരിച്ചു. സെപ്റ്റംബർ 13 -ന് മാതൃവേദി അംഗങ്ങൾ കൽപറ്റ സ്നേഹസദൻ സന്ദർശിച്ച് അവിടെ പാൽപായസം വിതരണം ചെയ്തു. സെപ്റ്റംബർ 24-ന് കുടുംബ നവീകരണത്തിൽ അമ്മമാരുടെ പങ്കിനെക്കുറിച്ചും ഇടവകാ പ്രവർത്തനത്തിൽ അമ്മമാരുടെ സാന്നിദ്ധ്യത്തെക്കുറിച്ചും മാതൃവേദി രൂപതാ പ്രസിഡന്റ് ശ്രീമതി ഗ്രേസി ചിറ്റിനപ്പിള്ളി ക്ലാസ്സെടുത്തു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ടവരെ,

ക്രൈസ്തവ ജീവിതസാക്ഷ്യം നല്ല അയൽക്കാരനിലൂടെയാണ് നിറവേററപ്പെടുന്നത്. ഈശോ നല്ല സമരിയക്കാരന്റെ ഉപമയിലൂടെ നമ്മെ ഈ പാഠമാണ് പഠിപ്പിച്ചത്. അപരന്റെ സുഖദുഖങ്ങൾ നാം ഏററുവാങ്ങണം. അവന്റെ വേദനകളിൽ അവനെ ആശ്വസിപ്പിക്കുന്നവ നായി – അവന്റെ സന്തോഷങ്ങളിൽ അവനോടൊപ്പം പങ്കുചേരുന്നവ നായി മാറുവാൻ നമുക്കാവണം. നമ്മുടെ ഒരു സ്നേഹസ്പർശം കൊണ്ട് ഒരുപക്ഷെ നമുക്കൊരു ആത്മാവിനെ രക്ഷിക്കാനായേക്കാം. സ്നേഹ ത്തിലധിഷ്ഠിതമാവട്ടെ നമ്മുടെ പ്രവർത്തനങ്ങൾ. അയൽക്കാരനിലെ കുറവ് കാണുന്നതിൽ നിന്നും നല്ല അയൽക്കാരനാകാതിരിക്കുന്നതിലെ കുറവ് കാണുന്നവരായി നമുക്ക് മാറാം.

**റവ.ഫാ. അഗസ്റ്റിൻ പുത്തൻപുരയിൽ – 8078072776**
സി.സി. ആത്മീയ ഉപദേഷ്ടാവ്

വളരെ വേഗം മാറിക്കൊണ്ടിരിക്കുന്ന ഒരു ലോകത്തിലാണ് നാമുള്ളത്. മാററങ്ങൾ അതിവേഗത്തിലാണ് നടന്നുകൊണ്ടിരിക്കുന്നത്. സ്നേഹം, സാഹോദര്യം, നീതി, കരുണ, ആർദ്രത, പരിഗണന, പരിരക്ഷ, സഹകരണം, സഹാനുഭൂതി എന്നിവയൊക്കെ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ലോകമാണ് നമുക്ക് ചുററുമുള്ളത്. കാരുണ്യത്തിന്റെ കൈത്തിരിയായി പ്രവർത്തിക്കുന്ന വിൻസെൻഷ്യൻ പ്രവർത്തകർ ലോകത്തിന് നഷ്ടമാകുന്ന നന്മകൾ തിരിച്ചു കൊണ്ടുവരുവാൻ പ്രവർത്തിക്കുന്നവരാകണം. സെന്റ് വിൻസെന്റ് ഡി പോൾ സൊസൈ റ്റിയുടെ രഹസ്യാത്മകത കാത്തുസൂക്ഷിക്കുന്നതോടൊപ്പം നമ്മുടെ പ്രവർത്തനങ്ങളുടെ വിവരങ്ങൾ മററുള്ളവരുമായി പങ്കുവയ്ക്കുന്നവ രാകാനും നാം പരിശ്രമിക്കണം. വാർത്താ മാധ്യമങ്ങളും സോഷ്യൽ മീഡിയാകളുമെല്ലാം നല്ല കാര്യങ്ങൾക്കായി വിനിയോഗിക്കുവാൻ നമു ക്കാവണം.

**ദേശീയ സമ്മേളനം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററിയുടെ ദേശീയ സമ്മേളനം ന്യൂഡൽഹിയിലെ നവിത ധ്യാനകേന്ദ്രത്തിൽ 2017

സെപ്തംമ്പർ 15,16,17 തീയതികളിൽ നടന്നു. സൊസൈററി ദേശീയ ആത്മീയ ഉപദേഷ്ടാവ് റവ.മാർ. സ്റ്റാനിസ്ലസ് കുന്നേൽ, നാഷണൽ പ്രസിഡന്റ് ബ്രദർ ജോസ് വർഗീസ്, ഇന്ത്യയിലെ 83–സി.സി. പ്രസിഡന്റുമാർ, ശ്രീ.ലങ്കൻ നാഷണൽ പ്രസിഡന്റ്, ഡൽഹി, ഫരീദാബാദ്, ജാർഘണ്ട് എന്നീ രൂപതകളിലെ അഭി.മെത്രാന്മാർ എന്നിവർ സമ്മേളനത്തിൽ പങ്കെടുത്തു. ആഗോളസഭയുടെ ഒരു പരിഛേദനമായി സമ്മേളനം അനുഭവപ്പെട്ടു. വിൻസെൻഷ്യൻ കൂട്ടായ്മ വളർത്തുന്നതിനും, കാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നതിനും സമ്മേളനം പ്രചോദനമായി.

**കെ.ആർ.സി.സി. സമ്മേളനങ്ങൾ**

സെപ്തംമ്പർ 29, 30– തീയതികളിൽ കെ. ആർ.സി.സി. യുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററിയുടെ കീഴിലുള്ള വനിതാ വിഭാഗം സി.സി. ഭാരവാഹികൾക്കായി പ്രത്യേക സമ്മേളനം നടത്തി. സെപ്തംമ്പർ 30, ഒക്ടോബർ ഒന്ന് തീയതികളിൽ യുവജനങ്ങൾക്കായി സെമിനാർ നടത്തി. നമ്മുടെ സി.സി. യുവജന ഭാരവാഹികൾ സെമിനാറിൽ പങ്കെടുത്തു.

**സി.സി.യോഗം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററിയുടെ മാനന്തവാടി സി.സി.യോഗം സെപ്തംമ്പർ 27–ന് നടവയൽ ഓസാനാം ഭവനിൽ നടന്നു. സി.സി. പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു. സി.സി. ആത്മീയ ഉപദേഷ്ടാവ് റവ.ഫാ.അഗസ്റ്റിൻ പുത്തൻപുര ഉദ്ഘാടനം ചെയ്തു. സി.സി. വൈസ് പ്രസി. ബ്ര. അഗസ്റ്റിൻ കൊടിയംകുന്നേൽ സ്വാഗതമാശംസിച്ചു. സി.സി. പ്രവർത്തന റിപ്പോർട്ട് സി.സി. ജനറൽ സെക്രട്ടറി ബ്ര. ബാബു നമ്പുടാകം, സി. സി. കണക്കുകൾ സി.സി. ട്രഷറർ ബ്ര.എൻ. യു.ജോൺ നെടുങ്കൊമ്പിൽ, ഓസാനാം ഭവന്റെ കണക്കുകൾ ഓസാനാം ഭവൻ ആൻറ് ഇൻസ്റ്റിറ്റ്യൂഷൻസ് സെക്രട്ടറി ബ്ര. വിൻസെന്റ് ജോൺ വടക്കുംചേരി എന്നിവർ അവതരിപ്പിച്ചു. ചർച്ചകൾക്കു ശേഷം റിപ്പോർട്ടും, കണക്കുകളും യോഗം അംഗീകരിച്ചു. സി.സി. വൈസ് പ്രസി.ബ്ര. തോമസ് മാങ്ങൻ നന്ദി പറഞ്ഞു.

**എ.സി.സന്ദർശനങ്ങൾ**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററിയുടെ മാനന്തവാടി സി.സി.യുടെ ആഭിമുഖ്യത്തിൽ നടത്തുന്ന എ.സി.സന്ദർശനങ്ങൾ തുടരുന്നു. സഹകരിച്ച എല്ലാ എ.സി, സി.സി. ഭാരവാഹികൾക്കും സ്നേഹം നിറഞ്ഞ നന്ദി.

കൊട്ടിയൂർ എ.സി. സന്ദർശനം സെപ്തംബർ 17–ന് നടന്നു.

ചുങ്കക്കുന്ന് ഫാത്തിമമാതാ ഫൊറോന പള്ളിയിൽ നടന്ന എ.സി. യോഗം ഫൊറോന വികാരി റവ. ഫാ. വിൻസെന്റ് കളപ്പുരത്തൊട്ടി ഉദ്ഘാടനം ചെയ്തു. എ.സി. പ്രസിഡന്റ് ബ്ര. സ്റ്റനിസ്ലാവോസ് അധ്യക്ഷത വഹിച്ചു. സി.സി. ഓഡിററർ ബ്ര.ജോസുകുട്ടി ചാത്തമല സ്വാഗതവും, സി.ലൂസി ആനക്കല്ലിൽ, ബ്ര. ജോസഫ് ചെറുപ്ലാവിൽ എന്നിവർ പ്രാർത്ഥനകൾക്ക് നേതൃത്വം നല്കുകയും ചെയ്തു. സി.സി. ഭാരവാഹികളായ ബ്ര.ജോർജ്ജ് ആക്കാന്തിരി, ബ്ര. ബാബു നമ്പുടാകം, ബ്ര. എൻ. യു. ജോൺ നെടുങ്കൊമ്പിൽ, ബ്ര. വിൻസെന്റ് ജോൺ വടക്കുഞ്ചേരി, ബ്ര. ജിൽസ് മേക്കൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

കുറുമ്പാല എ.സി. യോഗം സെപ്തംബർ 24-ന് കുറുമ്പാല പള്ളിഹാളിൽ നടന്നു. ഇടവക വികാരി റവ.ഫാ. ഫ്രാൻസീസ് നെല്ലിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. എ.സി. പ്രസിഡന്റ് ബ്ര. പി.വി. ജോസഫ് അധ്യക്ഷത വഹിച്ചു. സി.സി. ഭാരവാഹികളായ ബ്ര.ജോർജ്ജ് ആക്കാന്തിരി, ബ്ര. ബാബു നമ്പുടാകം, ബ്ര. എൻ.യു.ജോൺ നെടുങ്കൊമ്പിൽ, ബ്ര. വിൻസെന്റ് ജോൺ വടക്കുഞ്ചേരി, എന്നിവർ ക്ലാസ്സുകൾ നയിച്ചു.

പാടിച്ചിറ എ.സി.യോഗം ഒക്ടോബർ 15-ന് നടന്നു. സി.ഷെല്ലി കവളക്കാട്ട്, സി.ലില്ലി കട്ടിക്കാനായിൽ എന്നിവർ പ്രർത്ഥനകൾക്ക് നേതൃത്വം നല്കി. ഇടവക വികാരി റവ.ഫാ.തോമസ് പരുന്തനോലിൽ ഉദ്ഘാടനം ചെയ്തു. എ.സി. പ്രസിഡന്റ് ബ്ര. ബേബി ചൂണ്ടനാൽ അധ്യക്ഷത വഹിച്ചു. സി.സി. ഭാരവാഹികളായ ബ്ര.ജോർജ്ജ് ആക്കാന്തിരി, ബ്ര.ബാബു നമ്പുടാകം, ബ്ര.എൻ.യു.ജോൺ നെടുങ്കൊമ്പിൽ, ബ്ര. വിൻസെന്റ് ജോൺ വടക്കുഞ്ചേരി, എന്നിവർ ക്ലാസ്സുകൾ നയിച്ചു. എ.സി.സെക്രട്ടറി സി.ലീലാമ്മ വിളയാനിപ്പറമ്പിൽ സ്വാഗതവും, സി. അന്നക്കുട്ടി ഞൊണ്ടമ്മാക്കൽ നന്ദിയും പറഞ്ഞു.

മണിമൂളി എ.സി.സന്ദർശനം ഒക്ടോബർ 18-ന് നടന്നു. സി. ത്രേസ്യാമ്മ കല്ലടച്ചേരി പ്രാർത്ഥനകൾക്ക് നേതൃത്വം നല്കി. എ.സി. പ്രസിഡന്റ് ബ്ര.പോൾ മുട്ടന്തോട്ടിൽ അധ്യക്ഷനായിരുന്നു. മണിമൂളി ഫൊറോന വികാരി റവ.ഫാ.ചാക്കോ മേപ്പുറത്ത് ഉദ്ഘാടനം ചെയ്തു. സി.സി. വൈസ് പ്രസി. ബ്ര. ജോൺ തുരുത്തിപ്പാറ, മണിമൂളി കോൺഫ്രൻസ് പ്രസി. രാരിച്ചൻ കാച്ചാങ്കോടത്ത് എന്നിവർ ആശംസകളർപ്പിച്ചു. സി.സി. ഭാരവാഹികളായ ബ്ര.ജോർജ്ജ് ആക്കാന്തിരി, ബ്ര.ബാബു നമ്പുടാകം, ബ്ര.എൻ.യു.ജോൺ നെടുങ്കൊമ്പിൽ, ബ്ര. വിൻസെന്റ് ജോൺ വടക്കുഞ്ചേരി, എന്നിവർ ക്ലാസ്സുകൾ നയിച്ചു. എ.സി.വൈസ് പ്രസി. ബ്ര. ജോയ് കൂട്ടുങ്കൽ നന്ദി പറഞ്ഞു.

**ഓസാനാംഭവൻ**

യെമനിലെ ഭീകരരുടെ തടവിൽനിന്നും മോചിതനായെത്തിയ റവ. ഫാ.ടോം ഉഴുന്നാലിൽ ഒക്ടോബർ 18-ന് ഓസാനാംഭവൻ സന്ദർശിച്ചു. ഫാ.ടോമിനെ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററി മാനന്ത വാടി സി.സി.ഭാരവാഹികൾ, ഓസാനാംഭവൻ അന്തേവാസികൾ, ശുശ്രൂ ഷകർ എന്നിവർ ചേർന്ന് സ്വീകരിച്ചു. തന്റെ മോചനത്തിനായി യത്നിച്ച എല്ലാവരെയും നന്ദിയോടെ സ്മരിക്കുന്നുവെന്നും, തനിക്കുവേണ്ടി പ്രാർത്ഥിച്ച എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെയെന്നും അദ്ദേഹം ആശംസിച്ചു. മരണത്തെ മുന്നിൽക്കണ്ട തനിക്ക് മരണഭയമില്ലാതെ ജീവിക്കുവാൻ ദൈവാനുഗ്രഹം ലഭിച്ച വിൻസെന്റ് ഡി പോൾ പ്രവർത്തകരോട് ബഹുമാനമുണ്ടെന്നും ഫാ.ടോം ഉഴുന്നാലിൽ ഓസാ നാംഭവനിൽ നല്കിയ സന്ദേശത്തിൽ പറഞ്ഞു.

ഓസാനാംഭവനിലെ പുലർകാല ശുശ്രൂഷകൾക്ക് നേതൃത്വം നല്കിയ കൊട്ടിയൂർ എ.സി.യിൽപ്പെട്ട കോൺഫ്രൻസ് അംഗങ്ങളെയും ഇതിന് നേതൃത്വം നല്കിയ കോൺഫ്രൻസ് ഭാരവാഹികൾ, എ.സി. പ്രസി. ബ്ര. സ്റ്റനിസ്ലാവോസിനെയും നന്ദിയോടെ സ്മരിക്കുന്നു.

**ഭാരവാഹികൾ**

കുറുമ്പാല എ.സി. വർക്കിംഗ് പ്രസിഡന്റ് ബ്ര.രാജു വലിയപാറ യിൽ. ഫോൺ 9605861972

പാടിച്ചിറ സെന്റ് സെബാസ്റ്റ്യൻ കോൺഫ്രൻസ് പ്രസിഡന്റ് ബ്ര.അബ്രഹാം പാലനില്ക്കുംതടത്തിൽ- ഫോൺ 8606002660.

കമ്പനിഗിരി മേരിമാതാ വനിതാ കോൺഫ്രൻസ് പ്രസിഡന്റ്- സി. അന്നക്കുട്ടി ഞൊണ്ടമ്മാക്കൽ. ഫോൺ 9497830301.

**ഓസാനാംഭവൻ സന്ദർശനം**

ബത്തേരി എ.സി. - നവംമ്പർ 1 - 15., ഗൂഡല്ലൂർ എ.സി. - നവം ബർ - 15-30.

**എ.സി. സന്ദർശനം**

5-11-2017-വാഴവററ. എ.സി. - വാഴവററ പള്ളിഹാൾ - രണ്ടു മണി മുതൽ നാലുവരെ.

19-11-2017-ബത്തേരി എ.സി. - അസംപ്ഷൻ പള്ളിഹാൾ - രണ്ടു മണി മുതൽ നാലുവരെ.

26-11-2017-കല്ലോടി. എ.സി. - കല്ലോടി പള്ളിഹാൾ - രണ്ടുമണി മുതൽ നാലുവരെ.

**Mananthavady Central Council**

PastoralCentre, Dwaraka, Nalloornad(p.o), P.B.NO.42, 670645, Ph. 09645430635, 8606385759.

**Patron -** Rev. Mar. Jose Porunnedom. (Bishop, Mananthavady Diocese).

**Spiritual Advisor-** Rev. Fr. Augestin Puthenpura. (Vicar, Kallody Foraine Churuch) Ph. 8078072776.
**President-** A.V.George, Akkanthiriyil, Ellumannam (P.O), Deepthigiry, Mananthavady. 04935244064, 9496048341
**Vice presidents-** 1. M.C. Thomas, Mangan, Krishnagiri (P.O), Meenagadi. 673591. 04936246609, 9744468250. 2. Agustin Kodiyankunnel, S.Bathery (p.o). 04936227065, 9744541482.
3. T.M. Jose Thurithipara. Ramamkunnu (P.O), Nilambur. 679329, 0493122041, 9495324323.
**General Secretory-** Babu Nampudakam, Veliyambam (P.O), Pulpally, 673579. 04936241112, 9447235759, 8606385759.
**Treasurer-** N.U. John, Nedumkombil, Kaniyaram, Mananthavady. 9495545253.
**Secretory- OzanamBhavan and Institutions-** Vincent John, Vadakancherry, OzanamBhavan, Nadavayal. 04936-210237, 9447933578.
**Twinning Officer** V.A.Philip, Vattakkamukulel, Eden, Kalpetta. 04936-204327, 9446090589.
**Project Officer-** ShajanMathai, Thalachira, Ellumannam (P.O), Deepthigiri, Mananthavady. 9446420384.
**Agrigation-** Dr.P.M. Mathai, Puliyilakkattu, S.Bathery (P.O), 673592, 8547355010.
**Education Scholarship Officer-** P.T.Francis, Pulikkottil, Manikkuni, S.Bathery. 04936-224991, 9446544991.
**Youth Representative-** Gentry Paul, Kalarickal, Ellumannam (P.O), Deepthigiri, Mananthavady. 9847869012.
**Lady Representative-** 1. Baby Mariya Francis, Pulikkottil, Manikkuni, S.Bathery.
2. Priya Shyjan. Thadangazhi.
**Office Secretory-** K.P. John, Kannattuparambil. Krishnagiri.
Number of Area Councils- 18., Number of Confrences- 170.
Number of Active Members- 1670.
Charitable Institutions - 1. Ozanam Bhavan, Nadavayal. 2. Ozanam Family Bhavan., Number of inmates - 1.68,2.7.
**Ozanam Bhavan Board of Directors-** Rev. Fr. Augestin Puthenpura, Rev. Fr. Benny Muthirakalayil, George Akanthiri (Chairman), Vincent
John (Secretory), N.U. John (Treasurer), Babu Nampudakam, Thomas Mangan, Augestin Kodiyankunnel, Thankachen Mepadath, Gils Mekkal, Shajan Thalachira, Rossamma Ayyankuzhakkal.
Joint Patrons- P.U. John. Palakalputhenpurayil, Ad. Josichen Kora Jose. Elliparambil, K.G. Jestin Kalluvilayil, Johny Pattani.

**ബ്ര.ജോർജ്ജ് ആക്കാന്തിരി** – സി.സി.പ്രസിഡന്റ്

**കേരള സോഷ്യൽ സർവ്വീസ് ഫോറം പരിശീലനം**

കേരളത്തിലെ മുഴുവൻ സോഷ്യൽ സർവ്വീസ് സൊസൈറ്റികളിൽ നിന്നും ഉള്ള ബഹു. ഡയറക്ടർ അച്ചന്മാരും പ്രോഗ്രാം ഓഫീസേഴ്സും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ഏകദിന പരിശീലനം പൂർത്തിയാക്കി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വികസന മേഖലയിൽ നടപ്പിലാക്കിവരുന്ന വിവിധങ്ങളായ പദ്ധതികൾ മനസിലാക്കുന്നതിനുവേണ്ടിയാണ് കേരള സോഷ്യൽ സർവ്വീസ് ഫോറം ഇത്തരം ഒരു പരിശീലനം സംഘടിപ്പിച്ചത്. പരിശീലനം കേരള സോഷ്യൽ സർവ്വീസ് ഫോറം എക്സി. ഡയറക്ടർ റവ. ഫാ. ജോർജ് വെട്ടിക്കാട്ടിലിന്റെ അദ്ധ്യക്ഷതയിൽ മാനന്തവാടി രൂപതാ സാമൂഹ്യ സേവന വിഭാഗം കോ-ഓഡിനേറ്റർ റവ. ഫാ. പോൾ കൂട്ടാല ഉദ്ഘാടനം ചെയ്തു. ടീം അംഗങ്ങൾ ബയോവിൻ അഗ്രോ റിസേർച്ച്, റേഡിയോ മാറ്റൊലി, ബോയ്സ് ടൗൺ എന്നിവിടങ്ങളിൽ സന്ദർശനം നടത്തി. കൂടാതെ മാനന്തവാടി രൂപതാദ്ധ്യക്ഷൻ മാർ ജോസ് പൊരുന്നേടവുമായി സംവദിച്ചു. പരിശീലനത്തിന് WSSS ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളിൽ, ബയോവിൻ അഗ്രോ റിസേർച്ച് ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ, റേഡിയോ മാറ്റൊലി ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ പുത്തേൻ, WSSS പ്രോഗ്രാം ഓഫീസർ പി.എ. ജോസ്, KSSF ടീം അംഗങ്ങളായ ജോബി, സിസ്റ്റർ ജസീന്ത, ജോസ് ഇലഞ്ഞിമറ്റം എന്നിവർ നേതൃത്വം നൽകി.

**സോഷ്യൽ വെൽഫയർ സൊസൈറ്റി**

സാമൂഹ്യ സേവന വിഭാഗമായ SWS പ്രവർത്തനങ്ങൾ നടന്നുവരുന്നു. 20-9-17 ന് WSSS ഓഡിറ്റോറിയത്തിൽ വെച്ച് CDO, സെക്രട്ടറി, പ്രസിഡണ്ട്മാരുടെ മാസമീറ്റിംഗ് നടന്നു. ഡോ. സുധാകർ ക്ലാസ്സെടുത്തു.

വിവിധ സ്വാശ്രയ സംഘങ്ങളുടെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി അഞ്ച് ഗ്രൂപ്പുകൾ ബാങ്ക് വായ്പ പുതുക്കിയെടുത്തു. നബാർഡിന്റെ കീഴിൽ WSSS നടത്തുന്ന WSHG പ്രവർത്തനങ്ങളുടെ

മേൽനോട്ടം നടക്കുന്നു. വിവിധ സംഘങ്ങളുടെ ഓഡിറ്റിംഗ്, ഗ്രൂപ്പ് മീറ്റിംഗ്, വാർഷികാഘോഷങ്ങൾ എന്നിവ നടന്നുവരുന്നു. തവിഞ്ഞാൽ, പുൽപ്പള്ളി പ്രദേശങ്ങളിൽ ക്യാൻസർ സുരക്ഷയുമായി ബന്ധപ്പെട്ട് സെമിനാറുകൾ നടന്നു.

ചുങ്കക്കുന്ന്, മുള്ളൻകൊല്ലി പ്രദേശങ്ങളിൽ SWS ന്റെ സഹകരണത്തോടെ മെഡിക്കൽ ക്യാമ്പുകൾ നടന്നു.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.

**KLM ബോധവർക്കരണ ക്ലാസ്സ്**

പാറത്തോട്ടം സെന്റ് മേരീസ് പള്ളിയിൽ 17-9-17 ന് KLM സംസ്ഥാന പ്രസിഡണ്ട് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ ക്ലാസ്സെടുത്തു. റവ. ഫാ. ജിനോജ് പാലത്തടത്തിൽ നേതൃത്വം നൽകി.

**KLM ലീഡേഴ്സ് മീറ്റിംഗ്**

KLM യൂണിറ്റ് ലീഡേഴ്സ് മീറ്റിംഗ് സെപ്റ്റംബർ 30 ന് WSSS ഓഡിറ്റോറിയത്തിൽ നടന്നു. 15 ഇടവകയിൽ നിന്നും 26 അംഗങ്ങൾ പങ്കെടുത്തു. രൂപതാ പ്രസിഡണ്ട് അദ്ധ്യക്ഷത വഹിച്ച മീറ്റിംഗിൽ കോർഡിനേറ്റർ മിനി സ്വാഗതം ആശംസിച്ചു. KLM രൂപതാ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിൽ, സംസ്ഥാന പ്രസിഡണ്ട് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ ക്ലാസ്സെടുത്തു. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും മീറ്റിംഗിൽ പങ്കെടുത്തു. ശ്രീമതി ആലീസ് സിസിൽ നന്ദി പറഞ്ഞു.

**സ്വാവലംബൻ (സുരക്ഷ)**

കേന്ദ്ര ഗവൺമെന്റിന്റെ പെൻഷൻ പദ്ധതിയിലെ സ്വാവലംബനിൽ ചേർന്നവരുടെ പുതുക്കൽ ഡിസംബർ മാസം ആരംഭിക്കും. വിവിധ ക്ഷേമ പദ്ധതികളിൽ അംഗത്വമെടുത്തവരുടെ 2017 ലെ അംശാദായം അടയ്ക്കാത്തവർ ഡിസംബർ മാസത്തിനുള്ളിൽ അടച്ച് പുതുക്കണമെന്ന് അറിയിക്കുന്നു.

**സേവ് എ ഫാമിലി പ്ലാൻ**

സേവ് എ ഫാമിലി പ്ലാൻ മാനന്തവാടി രൂപതയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുപോകുന്നു. ഇപ്പോൾ നിലവിൽ 314 കുടുംബങ്ങൾ ഈ പദ്ധതിയിൽ നിന്നും സഹായം സ്വീകരിച്ചു വരുന്നു.

കഴിഞ്ഞ മാസം 46 കുടുംബങ്ങൾക്കായി അഞ്ചുലക്ഷത്തിമുപ്പത്തിനാലായിരത്തി ഇരുന്നൂറ്റിനാൽപ്പത്തൊൻപതു രൂപ ധനസഹായം നൽകി. സേവ് എ ഫാമിലി പ്ലാനിന്റെ അർദ്ധവാർഷികാവലോകന യോഗം ഒക്ടോബർ 17, 18, 19 തീയതികളിൽ സേവ് എ ഫാമിലി ഇന്ത്യ ഓഫീസ് കാലടിയിൽ വച്ച് നടക്കും.

**24X7 ശില്പശാല നടത്തി**

എടവക ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതി ഗുണഭോക്താക്കൾക്കായി 24 മണിക്കൂർ ജലം ലഭ്യമാക്കുന്നതിനായി ജലനിധി ആവിഷ്കരിച്ച 24X7 പദ്ധതിയുമായി ബന്ധപ്പെട്ട് ശില്പശാല നടത്തി. ശില്പശാല എടവക ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ഉഷാ വിജയൻ ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡണ്ട് ശ്രീ. നജുമുതീൻ മുടമ്പത്ത് അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ പ്ലാനിംഗ് കമ്മിറ്റി ചെയർപേഴ്സൺമാരായ ശ്രീമതി ആഷാ മെജോ, ആമിന അവറാൻ പഞ്ചായത്ത് സെക്രട്ടറി ശ്രീ. ഇ.കെ.ബാലകൃഷ്ണൻ, WSSS ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി എന്നിവർ ആശംസ അറിയിച്ചു. കെ.ആർ. ഡബ്ല്യൂ.എസ്.എ. കണ്ണൂർ റീജിയണൽ മാനേജർ (കമ്മിറ്റി ഡെവലപ്മെന്റ്) ശ്രീ. ജോർജ് മാത്യു 24X7 പദ്ധതിയെക്കുറിച്ച് വിശദീകരിച്ചു.

**ആശാകിരണം ക്യാൻസർ സുരക്ഷായജ്ഞം**

ഇന്ത്യയിലാകമാനം കാരിത്താസ് ഇന്ത്യ നടപ്പിലാക്കുന്ന ആശാകിരണം ക്യാൻസർ സുരക്ഷായജ്ഞം മാനന്തവാടി രൂപതയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നേതൃത്വം നൽകുന്നു. വിഷരഹിത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന ജൈവപച്ചക്കറി കൃഷിത്തോട്ട നിർമ്മാണ മത്സരം ഒക്ടോബർ മാസത്തിൽ എല്ലാ സ്വാശ്രയ സംഘങ്ങളിലും ആരംഭിക്കും. സ്വാശ്രയ സംഘം അംഗങ്ങളുടെ വീടുകളിൽ നിർമ്മിക്കുന്ന തോട്ടം അതാത് SWS കൾ വിലയിരുത്തും.

ക്യാൻസർ സുരക്ഷയുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസ്സുകൾ തവിഞ്ഞാൽ, കാപ്പിക്കുന്ന് എന്നിവിടങ്ങളിൽ നടന്നു. മുള്ളൻകൊല്ലി, ചുങ്കക്കുന്ന് എന്നിവിടങ്ങളിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് ആശാകിരണം വോളണ്ടിയർമാർക്ക് WSSS ഓഡിറ്റോറിയത്തിൽ വെച്ച് സംഗമം നടത്തി. മരകാവിൽ പ്ലാസ്റ്റിക് നിർമ്മാർജ്ജനവും പടമലയിൽ വസ്ത്രശേഖരണവും നടന്നു.

**DDU - GKY**

കേന്ദ്ര ഗ്രാമ/നഗര വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ

അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ വിവിധ കോഴ്സുകൾ നടത്തിവരുന്നു. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ കോഴ്സ് പൂർണ്ണമായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT/SSC സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. DDU-GKY, NULM എന്നീ പ്രോജെക്റ്റ് ആണ് നടപ്പിൽ ആക്കുന്നത്.

DDU-GKY ഇതുവരെ 201 കുട്ടികളെ രണ്ടു കോഴ്സുകളിലായി പഠിപ്പിക്കുകയും 164 കുട്ടികൾക്ക് ജോലി നൽകാനും സാധിച്ചു. ഇതിൽ ഏഴു കുട്ടികൾക്ക് വിദേശ രാജ്യങ്ങളിൽ ആണ് ജോലി നൽകിയിരിക്കുന്നത്. മുപ്പതോളം കുട്ടികളെ വിദേശ രാജ്യങ്ങളിൽ ജോലി നൽകുന്നതിനുള്ള കമ്പനി പരിശീലനത്തിലാണ് ഇപ്പോൾ.

അടുത്ത മൂന്നുവർഷത്തേക്ക് പുതിയ കോഴ്സുകൾക്ക് സർക്കാർ അംഗീകാരം കിട്ടിയിട്ടുണ്ട്. ഫുഡ് പ്രോസിസ്സിംഗ്, ഫാഷൻ ഡിസൈൻ ബിപിഓ എന്നീ കോഴ്സുകൾ ആണ് നടപ്പിലാക്കുന്നത്. DDU-GKY യിൽ മുൻ വർഷങ്ങളിലെ പ്രവർത്തന മികവ് കണക്കിലെടുത്ത് അഡീഷണൽ ആയി 315 പേരെക്കൂടി പഠിപ്പിക്കുവാൻ നമുക്ക് അനുവാദം കിട്ടിയിട്ടുണ്ട്. അതിൽ ഫുഡ് പ്രോസസ്സിംഗ് ബാച്ച് 33 പേരോടുകൂടി ആരംഭിച്ചു.

മാനന്തവാടി, കൽപ്പറ്റ, ബത്തേരി മുൻസിപ്പാലിറ്റിയിൽ ഉള്ളവർക്ക് ഫുഡ് പ്രോസസ്സിംഗ്, ഫാഷൻ ഡിസൈൻ എന്നീ കോഴ്സുകൾക്ക് NULM മായി ചേർന്ന് ആരംഭിക്കുന്നു. താൽപര്യമുള്ളവർ എത്രയും വേഗം കൽപ്പറ്റ മുൻസിപ്പാലിറ്റിയുമായോ WSSS ഓഫീസുമായോ ബന്ധപ്പെടുക.

കൽപ്പറ്റ, ബത്തേരി മുൻസിപ്പാലിറ്റിയിൽ ഉള്ളവർക്ക് മൂന്നുമാസ ദൈർഘ്യമുള്ള ഫുഡ് പ്രോസിസ്സിംഗ് കോഴ്സ് NULM മായി ചേർന്ന് കൽപ്പറ്റയിൽ ആരംഭിക്കുന്നു. താത്പര്യമുള്ളവർ എത്രയും വേഗം കൽപ്പറ്റ മുൻസിപ്പാലിറ്റിയുമായോ WSSS ഓഫീസുമായോ ബന്ധപ്പെടുക.

ജില്ലയിൽ ഏറ്റവും കൂടുതൽ ആളുകൾക്ക് വിദേശ രാജ്യങ്ങളിൽ തൊഴിൽ നൽകിയ ഏജൻസിക്കുള്ള അവാർഡും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കരസ്ഥമാക്കിയിരിക്കുന്നു.

DDU-GKY/NULM കോഴ്സുകളുടെ പുതിയ ബാച്ചിലേക്കുള്ള പ്രവേശനം ആരംഭിച്ചിരിക്കുന്നു. ഫാഷൻ ഡിസൈൻ കോഴ്സിന് +2

ഉം മറ്റു കോഴ്സുകൾക്ക് പത്താം ക്ലാസ്സുമാണ് അടിസ്ഥാന പ്രവേശന യോഗ്യത. വിജയകരമായി പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും ജോലി വാഗ്ദാനം ചെയ്യുന്നു.

**(TRADITIONAL PEPPER CONSERVATION PROJECT)**

**പാരമ്പര്യ കുരുമുളക് സംരക്ഷണ പദ്ധതി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ബോയ്സ് ടൗണിൽ നടപ്പിൽ വരുത്തുന്ന പാരമ്പര്യ കുരുമുളക് സംരക്ഷണ പദ്ധതിയുടെ പ്രവർത്തനം കഴിഞ്ഞ മാസം നടന്നു. പദ്ധതിയുടെ ഭാഗമായി ഫീൽഡ് സർവ്വെയും കുരുമുളകു സസ്യശേഖരണവും നടത്തി. എടത്തന, പുതുശ്ശേരി, വാളാട് എന്നീ സ്ഥലങ്ങളിൽ സർവ്വെ നടത്തി. നൂറിനം പുതിയ കുരുമുളകിനങ്ങൾ കൂടി കണ്ടെത്തുകയുണ്ടായി. ബാലൻകൊട്ട (വെള്ള), ചെറുമുണ്ടി, ജീരകമുണ്ടി തുടങ്ങിയ ഇനങ്ങൾ ഇതിൽപ്പെടും.

ഇതുവരെയായി 56 വിവിധ കുരുമുളകിനങ്ങൾ കണ്ടെത്താൻ കഴിഞ്ഞു. ഇതിൽ 30 പ്രധാന നല്ല ഇനങ്ങളുടെ മാതൃസസ്യങ്ങൾ നട്ടു വളർത്താനുള്ള പ്രവർത്തനങ്ങൾ നടത്തി. കുരുമുളകിനായി പ്രത്യേകം തയ്യാറാക്കിയിട്ടുള്ള ഒരേക്കർ സ്ഥലത്ത് കുരുമുളക് തൈകൾ നട്ടു. പരീക്ഷണാടിസ്ഥാനത്തിൽ ഇഷ്ടികകൾ, പി.വി.സി പൈപ്പുകൾ, സിമന്റ് കാലുകൾ (cement pillar) തുടങ്ങിയ വിവിധ രീതികളിലുള്ള കൃത്രിമ താങ്ങുകാലുകളുടെ പണികൾ നടത്തി. തോട്ടം സന്ദർശിക്കുന്നവർക്കായി ഇഷ്ടികകൾ ഉപയോഗിച്ചുള്ള റോഡിന്റെ നിർമ്മാണം ആരംഭിച്ചു.

കുരുമുളകിനോടൊപ്പം ഇടവിളയായി ഏലം, വാനില, ഗ്രാമ്പു തുടങ്ങിയ സ്പൈസസ് ഇനങ്ങൾ നട്ടുവളർത്താൻ ആരംഭിച്ചു. നിലവിലുള്ള ബൊട്ടാണിക് ഗാർഡന്റെ പുനസംരക്ഷണത്തിനായി ഔഷധ സസ്യശേഖരണം നടത്തി. പ്രസാരണി, ഈശ്വരമുല്ല, വെള്ള കയ്യൂന്ന്യം വിവിധയിനം നാടൻ വാഴകൾ തുടങ്ങിയവ ഇതിൽപ്പെടും. ഗാർഡനിലെ wall plot കളുടെ പുനനവീകരണം നടന്നു.

വിവിധയിനം കുരുമുളകിനങ്ങളുടെ കുറ്റിക്കൊടികൾ (Bush pepper) വികസിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നു. ഇതിനായി വലിയ സിമന്റ് ചട്ടികളിൽ (cement pots) കുരുമുളക് വളർത്താൻ ആരംഭിച്ചു. നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള മണ്ണുപരിശോധനാ കേന്ദ്രത്തിന്റെ നവീകരണത്തിന്റെ ഭാഗമായി NPK കിറ്റുകൾ ലഭ്യമാക്കി. ഇതുമൂലം മണ്ണിന്റെ NPK വേഗത്തിൽ കണക്കാക്കാൻ കഴിയും.

**ഫാ. ബിജോ കറുകപ്പള്ളി**
ഡയറക്ടർ, WSSS

## ബയോവിൻ അഗ്രോ റിസർച്ച്

**(ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയും അനുബന്ധ മേഖലകളും)**

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയുടെയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവ കീടനാശിനികൾ, കംപോസ്റ്റ്, പച്ചിലവളങ്ങൾ, ഇടവിള കൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസ കീടനാശിനികളും തീർത്തും ഒഴിവാക്കി ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി/കോഴി തീറ്റകളിൽ ചേർക്കുന്ന രാസപദാർത്ഥങ്ങൾ ജൈവ മാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുന്നതിനുമായി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നോട്ടു പോയ്ക്കൊണ്ടിരിക്കുന്നു. സെപ്റ്റംബർ മാസത്തിൽ പദ്ധതിയിലേക്ക് പുതിയതായി 345 കർഷകർ അംഗങ്ങളാവുകയും ഫീൽഡ് കോർഡിനേറ്റർമാർ ഇവരെ പ്രാദേശിക അടിസ്ഥാനത്തിൽ ഗ്രൂപ്പുകൾ രൂപീകരിക്കുന്നതിന് സഹായിക്കുകയും അവർക്കാവശ്യമായ പരിശീലനങ്ങൾ നൽകുകയും ചെയ്തു. നിലവിൽ പദ്ധതിയിൽ പതിനയ്യായിരത്തിലധികം കർഷകർ അംഗങ്ങളാവുകയും മികവുറ്റ രീതിയിൽ വിവിധ പ്രവർത്തനങ്ങളിൽ പങ്കാളികളാവുകയും ചെയ്യുന്നു.

**കർഷകഗ്രൂപ്പ് മീറ്റിംങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിംഗുകൾ വില്ലേജ് ഫാം ക്ലബ്ബുകളിൽ നടക്കുകയും മീറ്റിംഗുകളിൽ റീജിണൽ കോർഡിനേറ്റർമാർ, ഫീൽഡ് മോണിറ്ററിംഗ് ഓഫീസർമാർ എന്നിവർ പങ്കെടുക്കുകയും കർഷകരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും പുതുതായി രൂപീകരിച്ച ഗ്രൂപ്പുകളിൽ തിരഞ്ഞെടുപ്പ് നടത്തുകയും ചെയ്തു.

**സെമിനാറുകൾ നടത്തി**

ജൈവ വളക്കൂട്ടുകളുടെ നിർമ്മാണവും അവയുടെ ഉപയോഗവും കർഷകരെ പഠിപ്പിക്കുന്നതിനും ബോധവൽക്കരിക്കുന്നതിനുമായി വയനാട് ജില്ലയിൽ ഉടനീളം വിവിധ വില്ലേജുകൾ കേന്ദ്രീകരിച്ച് 12 സെമിനാറുകൾ നടത്തി. എ.ഇ.ഓ.മാരായ കുമാരി റീബ, കുമാരി ലിജി എന്നിവർ ക്ലാസ്സുകൾ നയിക്കുകയും കർഷകർക്ക് പ്രായോഗിക പരിശീലനം

നടുകയും ചെയ്തു. കർഷകരുടെ മികച്ച പങ്കാളിത്തം എല്ലാ സെമിനാറുകളിലും ഫീൽഡ് കോർഡിനേറ്റർമാർ ഉറപ്പുവരുത്തി.

**ഫെയർട്രേഡ് – സംഭരണം**

വൊഫായിൽ അംഗങ്ങളായ കർഷകരിൽ നിന്നും സെപ്റ്റംബർ മാസം 56 കിലോ ഏലം 2000 രൂപ നിരക്കിലും 12.7 കിലോ കൊക്കോ 123 രൂപ നിരക്കിലും, 229773 കിലോ കാപ്പി 80 രൂപ നിരക്കിലും 289.5 കിലോ കറിവേപ്പില 35 രൂപ നിരക്കിലും 6700 കിലോ ഇഞ്ചി 45 രൂപ നിരക്കിലും 6.55 കിലോ ജാതി പത്രി 850 രൂപ നിരക്കിലും 103 കിലോ മാങ്ങ 15 രൂപ നിരക്കിലും 215.45 കിലോ ജാതിക്ക 250 രൂപ നിരക്കിലും സംഭരിച്ചു.

**ജൈവവളം വിതരണം**

വൊഫായിൽ അംഗത്വമുള്ള കർഷകർക്ക് ആഗസ്റ്റ് മാസത്തിൽ പൂർത്തീകരിക്കാത്ത പഞ്ചായത്തുകളിൽ 50 ശതമാനം സബ്സിഡിയിൽ ജൈവവളം വിതരണം ചെയ്തു. എല്ലുപൊടി, സ്വീറ്റ് പൊട്ടാഷ്, പ്ലാന്റ് ബൂസ്റ്റർ, സ്യൂഡോ മോണസ്, ട്രൈക്കോഡെർമ, കാൽ പുഷ്ടി, കാൽ തൃപ്തി, കാൽബഹാർ എന്നീ വളങ്ങളാണ് വിതരണം ചെയ്തത്.

കഫെയിൽ അംഗത്വമുള്ള കർഷകർക്ക് സംഘടനയുടെ തീരുമാനപ്രകാരം 75% സബ്സിഡി നിരക്കിലും മേൽപ്പറഞ്ഞ വളങ്ങൾ വിതരണം ചെയ്തു.

**ചികിത്സാ സഹായ വിതരണം**

ഒക്ടോബർ മാസത്തിൽ ക്യാൻസർ രോഗികൾ, കിഡ്നി സംബന്ധമായ രോഗങ്ങൾ ഉള്ളവർ എന്നിവരിൽ നിന്നുമായി വോഫെയ്ക്ക് ലഭിച്ച 266 അപേക്ഷകളിലേയ്ക്കായി 20,00,000/- വകയിരുത്തുകയും അപേക്ഷ തന്ന എല്ലാ രോഗികൾക്കും 7500/- രൂപ വീതം വിതരണം ആരംഭിക്കുകയും ചെയ്തു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ സെപ്റ്റംബർ മാസത്തിലും കാപ്പി, കുരുമുളക്, മഞ്ഞൾ, ഇഞ്ചി, തേങ്ങ, പൈനാപ്പിൾ, ചക്ക, മാങ്ങ, ഉള്ളി തണ്ട്, തെരുവപ്പുല്ല്, പനിക്കൂർക്ക തുടങ്ങിയവ സംസ്കരിക്കുകയും മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തുവരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**

ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**മനസൗഖ്യ- മാനസികാരോഗ്യബോധവത്കരണ പരമ്പര**

വയനാട് ജില്ലയുടെ മാനസികാരോഗ്യ നിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യവുമായി റേഡിയോ മാറ്റൊലി മനസൗഖ്യ എന്ന പേരിൽ മാനസികാരോഗ്യ ബോധവത്കരണ പരമ്പര ആരംഭിച്ചു. മനസുകളുടെ സുഖം സുസ്ഥിര സമൂഹം എന്ന ലക്ഷ്യത്തിൽ മാറ്റൊലി മാനസികാരോഗ്യത്തിന് പ്രഥമ പരിഗണന നൽകാൻ ശ്രോതാക്കളെ പ്രചോദിപ്പിക്കുകയാണ്. ജില്ലാ മെന്റൽ ഹെൽത്ത് പ്രോഗ്രാം നോഡൽ ഓഫീസർ ഡോ. ഉണ്ണികൃഷ്ണൻ പരിപാടി ഉദ്ഘാടനം ചെയ്തു. മാനസികാരോഗ്യരംഗത്ത് കേരളത്തിൽ തന്നെ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ചെന്നലോട് ലൂയിസ്മൗണ്ട് ആശുപത്രിയുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ലൂയീസ് മൗണ്ട് മാനസികാരോഗ്യകേന്ദ്രം അഡ്മിനിസ്ട്രേറ്റർ റവ. സി. ഗ്രേസി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ മാനസികാരോഗ്യ വിദഗ്ധനായ ഡോ. ചന്ദ്രൻ മുഖ്യപ്രഭാഷണവും മന:ശാസ്ത്ര വിദഗ്ധനായ ഡോ. ലിൻജോ വിഷയാവതരണ പ്രഭാഷണവും നടത്തി. മാനസികാരോഗ്യ അവബോധം, പരിപാലനം, പരിപോഷണം എന്നിവ ലക്ഷ്യമാക്കിയാണ് ഈ റേഡിയോ പരിപാടി പ്രക്ഷേപണം ചെയ്യുന്നത്. വെള്ളിയാഴ്ചകളിൽ വൈകിട്ട് എട്ടുമണിയ്ക്ക് മന:സൗഖ്യ പ്രക്ഷേപണം ചെയ്യും. പ്രാദേശികവിഭവശേഷിയുടെ സമാഹരണത്തിലൂടെ ആത്മാഭിമാന പൂരിതമായ സമൂഹം സൃഷ്ടിക്കാൻ നിലകൊള്ളുന്ന മാറ്റൊലിക്ക് മാനസികാരോഗ്യരംഗത്തെ വയനാട്ടിലെ ഏറ്റവും നല്ല പ്രാദേശിക വിഭവ ശേഷിയുള്ള സ്ഥാപനവുമായി സഹകരിച്ച് പ്രവർത്തിക്കാൻ അവസരമൊരുക്കിയ ലൂയീസ്മൗണ്ട് ആശുപത്രിയിലെ അധികാരികൾക്കും മാനസികാരോഗ്യ, മനശാസ്ത്ര പ്രവർത്തകർക്കും പ്രത്യേകം നന്ദി.

**'മാറ്റൊലി മനുഷ്യാവകാശ പുരസ്കാരം – 2017'**

വയനാട് ജില്ലയിലെ മനുഷ്യാവകാശ പ്രശ്നങ്ങൾ പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്ന, മാധ്യമ പ്രവർത്തകരെ

അംഗീകരിക്കാനും പ്രോത്സാഹിപ്പിക്കുവാനും റേഡിയോ മാറ്റൊലി ഏർപ്പെടുത്തിയിരിക്കുന്ന മാറ്റൊലി മനുഷ്യാവകാശ പുരസ്കാരം 2017 വർഷത്തേക്കുള്ള എൻട്രികൾ സ്വീകരിക്കുവാൻ തുടങ്ങി. വയനാട് ജില്ലയിലെ വിവിധ മനുഷ്യാവകാശ ധ്വംസനങ്ങളെ ആസ്പദമാക്കി 2016 നവംബർ 1 നും 2017 ഒക്ടോബർ 1 നും ഇടയിൽ പ്രസിദ്ധീകരിച്ച സൃഷ്ടികളാവണം പുരസ്കാരത്തിനായി അയക്കേണ്ടത്. പത്രങ്ങൾ, റേഡിയോ, ടെലിവിഷൻ എന്നിവയിൽ ഏതിലെങ്കിലും പ്രസിദ്ധീകരിയ്ക്കപ്പെട്ടിട്ടുള്ള പരമ്പര, വാർത്താചിത്രം, റിപ്പോർട്ട് എന്നിവയാണ് പരിഗണിയ്ക്കുക. പ്രസിദ്ധീകരിച്ച പത്രത്തിന്റേയോ/ പ്രക്ഷേപണം ചെയ്ത റേഡിയോയുടെയോ/ ടെലിവിഷന്റേയോ പേര്, പ്രസിദ്ധീകരണ തീയതി, ലേഖകന്റെ/ഫോട്ടോഗ്രാഫറുടെ/ പ്രൊഡ്യൂസറുടെ പേര്, പൂർണ്ണ വിലാസം, ഫോൺനമ്പർ, ഇ–മെയിൽ എന്നിവയും പുരസ്കാരത്തിനയക്കുന്ന എൻട്രി തന്റേതാണെന്നു കാണിക്കുന്ന സ്വന്തം സാക്ഷ്യപത്രം ഉൾപ്പെടുന്ന ആമുഖം  എന്നിവ എൻട്രിയോടൊപ്പം ചേർത്തിരിക്കണം. പ്രിന്റ് മീഡിയ ആണെങ്കിൽ ഒർജിനലും, രണ്ടുഫോട്ടോ കോപ്പികളും ഇലക്ട്രോണിക്കൽ മീഡിയ ആണെങ്കിൽ മൂന്നു സി.ഡി. കോപ്പികളും ഉള്ളടക്കം ചെയ്തിരിക്കണം. (ഒരാൾക്ക് ഒരു എൻട്രി മാത്രം) മത്സരത്തിനയക്കുന്ന റേഡിയോ, ടി.വി. എൻട്രികൾക്കൊപ്പം പ്രക്ഷേപണം ചെയ്ത മാധ്യമമേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ജില്ലയ്ക്ക് പുറത്തുനിന്നുള്ള മാധ്യമപ്രവർത്തകർക്കും എൻട്രി നൽകാവുന്നതാണ്. എൻട്രികൾ 2017 നവംബർ 15 നകം റേഡിയോ മാറ്റൊലിയിൽ ലഭിച്ചിരിക്കണം. ഏറ്റവും നല്ല എൻട്രിക്ക് പതിനായിരം (10,000–) രൂപയും മെമന്റോയും പ്രശസ്തി പത്രവുമാണ് നൽകുക.

**ഐക്യദാർഢ്യനിധി**

ലിജിത്ത് തവിഞ്ഞാലിനു വേണ്ടി മാറ്റൊലി ടീം അംഗങ്ങളും ശ്രോതാക്കളും ചേർന്ന് സമാഹരിച്ച തുക കൈമാറി. എല്ലാവർക്കും പ്രത്യേകിച്ച് അഞ്ചുകുന്ന് മാറ്റൊലിക്കൂട്ടത്തിനും ശരത്തിനും അനുമോദനങ്ങൾ.

**സന്ദർശനങ്ങൾ**

കേരള സോഷ്യൽ ഫോറത്തിന്റെ നേതൃത്വത്തിൽ WSSS ന്റെ സാമൂഹ്യസേവനങ്ങളെക്കുറിച്ച് പഠിക്കുന്നതിന് വന്ന 30 പേരടങ്ങുന്ന സംഘം മാറ്റൊലി സന്ദർശിച്ചു. കൊല്ലം ജില്ലയിലെ  യൂനസ് കോളേജ് ഓഫ് ഇലക്ട്രോണിക്സ് & ടെക്നോളജി, കടയ്ക്കൽ എസ്.എച്ച്.എം. എൻജിനീയറിംഗ് കോളേജ്, യു.കെ.എഫ് കോളേജ് ഓഫ് എൻജിനീയറിംഗ് & ടെക്നോളജി, മാവേലിക്കര ശ്രീ വെള്ളാപ്പള്ളി

നടേശൻ കോളേജ് ഓഫ് എൻജിനീയറിംഗ്, പാലക്കാട് മൈനോറിറ്റി ആർട്സ് & സയൻസ് കോളേജ് എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

**ഫൊറോന സന്ദർശനം**

മുതിരേരിയിൽ നടന്ന കത്തീഡ്രൽ ഫൊറോന വൈദീക സമ്മേളനത്തിൽ സ്റ്റേഷൻ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ പുത്തേൻ മാറ്റൊലിയെക്കുറിച്ച് സംസാരിച്ച് സഹകരണം തേടി. പ്രസിദ്ധീകരണങ്ങളും റേഡിയോയും പരിചയപ്പെടുത്തി. കത്തീഡ്രൽ വികാരിക്കും അച്ചൻമാർക്കും നന്ദി.

**പി.ആർ.ഒ. സമ്മേളനം**

മാനന്തവാടി രൂപതയിലെ സന്യാസ സമൂഹങ്ങളുടേയും രൂപതാ സ്ഥാപനങ്ങളുടേയും പി.ആർ.ഒ. മീറ്റിംഗിൽ റേഡിയോ മാറ്റൊലിയെ പ്രതിനിധീകരിച്ച് അസോസിയേറ്റ് ഡയറക്ടർ ഫാ. സന്തോഷ് കാവുങ്കൽ പങ്കെടുത്തു.

**മാറ്റൊലിക്കൂട്ടം – കൊമ്മയാട്**

മാറ്റൊലിക്കൂട്ടം രൂപീകരണയോഗം കൊമ്മയാട് നടന്നു. സ്റ്റേഷൻ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പുത്തേൻ ഉദ്ഘാടനം ചെയ്തു. ടി.എം. വർക്കി മാസ്റ്ററെ പ്രസിഡന്റായും ജെയിംസ് പി.എ. സെക്രട്ടറിയായും തെരഞ്ഞെടുത്തു.

**മംഗലശ്ശേരി**

മംഗലശ്ശേരിമലയിൽ മാറ്റൊലിക്കൂട്ടം രൂപീകരിച്ചു. വെള്ളമുണ്ട പഞ്ചായത്ത് ക്ഷേമകാര്യസമിതി ചെയർമാൻ എം.സി. ഇബ്രാഹിം ഉദ്ഘാടനവും മുഖ്യപ്രഭാഷണവും നടത്തി. പ്രസിഡന്റായി കെ.കെ. ഗോപാലകൃഷ്ണനേയും സെക്രട്ടറിയായി പി.ജെ. ജോസഫിനേയും തെരഞ്ഞെടുത്തു.

**മാറ്റൊലി യുവജനക്കൂട്ടം – ഗുരുകുലം കോളേജ് –ദ്വാരക**

മാറ്റൊലി യുവജനക്കൂട്ടം ദ്വാരക ഗുരുകുലം കോളേജിൽ രൂപീകരിച്ചു. സ്റ്റേഷൻ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ പുത്തേൻ ഉദ്ഘാടനം ചെയ്ത യോഗത്തിൽ അസോസിയേറ്റ് ഡയറക്ടർ ഫാ. സന്തോഷ് കാവുങ്കൽ മാറ്റൊലിയേക്കുറിച്ച് ക്ലാസെടുത്തു. മാറ്റൊലിക്കൂട്ടവും വിദ്യാർത്ഥികളും എന്ന വിഷയത്തിൽ മാറ്റൊലിക്കൂട്ടം കോർഡിനേറ്റർ ഷാജു പി. ജെയിംസ് ക്ലാസെടുത്തു. പ്രസിഡന്റ് ഷാജൻ ജോസ് അദ്ധ്യക്ഷത വഹിച്ചു. പ്രസിഡന്റായി നോബിൾ അഗസ്റ്റിനും സെക്രട്ടറിയായി പ്രവീണ പി.പി. യും അടങ്ങുന്ന ഭാരവാഹികളെ തെരഞ്ഞെടുത്തു.

**ബി.എഡ് സെന്റർ– തോണിച്ചാൽ**

കണ്ണൂർ യൂണിവേഴ്സിറ്റിയുടെ തോണിച്ചാൽ ബി.എഡ് സെന്ററിൽ മാറ്റൊലി യുവജനക്കൂട്ടം രൂപീകരിച്ചു. സ്റ്റേഷൻ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ പുത്തേൻ ഉദ്ഘാടനം ചെയ്ത യോഗത്തിൽ മാറ്റൊലിക്കൂട്ടവും വിദ്യാർത്ഥികളും എന്ന വിഷയത്തിൽ മാറ്റൊലിക്കൂട്ടം കോർഡിനേറ്റർ ഷാജു പി. ജെയിംസ് ക്ലാസെടുത്തു. കോളേജ് ഡയറക്ടർ സജിത് എം. അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പ്രസിഡന്റ് ഷാജൻ ജോസ് ആമുഖപ്രഭാഷണം നടത്തി. പ്രസിഡന്റായി അൻവർഎം. എം. നേയും സെക്രട്ടറിയായി കരോളിൻ വി. റ്റി. യും മറ്റു ഭാരവാഹികളും അടങ്ങുന്ന കമ്മിറ്റിയെയും തെരഞ്ഞെടുത്തു.

**റേഡിയോ പ്രക്ഷേപണങ്ങളിലൂടെ**

**തത്സമയ ഫോൺ ഇൻ:** ക്ഷീരമേഖല മുന്നോട്ട് വെയ്ക്കുന്ന പുത്തൻ വാഗ്ദാനങ്ങൾ, പുതിയ പദ്ധതികൾ, തീറ്റപ്പുൽകൃഷിയിലെ വൈവിധ്യങ്ങൾ എന്നീ വിഷയങ്ങൾ ഉൾക്കൊള്ളിച്ച് കൽപ്പറ്റ ഡയറി ഡെവലപ്മെന്റ് ഓഫീസർ ഹർഷ വി.എസുമായി തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. മീസിൽസ്, റൂബെല്ല കുത്തിവെപ്പിന്റെ ആവശ്യകതയും പ്രാധാന്യവും വ്യക്തമാക്കുന്നതിന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ഡെപ്യൂട്ടി ഡി.എം.ഒ. ഡോ. വി. ജിതേഷാണ് പരിപാടിയിൽ പങ്കെടുത്ത് ശ്രോതാക്കളോട് സംസാരിച്ചത്.

**പാനൽ ചർച്ച:** ഒക്ടോബർ 1 കാപ്പി ദിനമായി ആചരിച്ചതിന്റെ ഭാഗമായി 'കാപ്പി നിങ്ങൾക്കും എനിക്കും' എന്ന പേരിൽ പാനൽ ചർച്ച സംഘടിപ്പിച്ചു.

**നിയമവും ജനങ്ങളും:** നിയമവും ജനങ്ങളും പരിപാടിയിൽ അഡ്വ.ജോസഫ് സക്കറിയ അറസ്റ്റ് ചെയ്യപ്പെട്ടയാളുടെ അവകാശങ്ങൾ, അറസ്റ്റ് ചെയ്യുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ, ജാമ്യം അനുവദിക്കുന്നത്, ജാമ്യവ്യവസ്ഥകൾ ഇവയെ കുറിച്ചുള്ള അറിവുകളാണ് പങ്കുവെച്ചത്. കൂടാതെ ദത്തെടുക്കൽ നിയമത്തിന്റെ വ്യവസ്ഥകളെക്കുറിച്ച് അഡ്വ. എ.ജെ. ആന്റണി വിശദീകരിച്ചു.

**സർവോദയസദസ്സ്:** പടിഞ്ഞാറത്തറ, കോട്ടത്തറ പഞ്ചായത്തുകളുടെ പദ്ധതികൾ സർവോദയസദസ്സ് വിശകലനം ചെയ്തു.

**നേരും പൊരുളും:** ആധാർ വഴിയാധാരമാക്കുന്ന വയോജനങ്ങൾ, നൈപുണി വികസനത്തിന്റെ സാധ്യതകൾ, ഇന്ധനവിലയുടെ കാണാപ്പുറങ്ങൾ, ആരോഗ്യത്തോടെ ജീവിക്കാൻ ചില മുൻകരുതലുകൾ, ആധാറിന്റെ പ്രാധാന്യം, അവധിക്കാല ആഘോഷം സുരക്ഷിതമാക്കാം, സമൂഹത്തിൽ അധ്യാപകരുടെ പങ്ക്, പ്രകൃതി

ദുരന്തങ്ങളിൽ നിന്ന് പഠിക്കേണ്ടത്, എതിർക്കണ്ടപ്പെടേണ്ട നോക്കുകൂലി വ്യവസ്ഥ, ഓൺലൈനിൽ നിന്ന് ഓഫ്‌ലൈനിലേക്ക്, സ്കൂൾ കുട്ടികളുടെ സുരക്ഷയ്ക്ക് പൊലീസ് നിർദേശങ്ങൾ, കാലാവസ്ഥാ വ്യതിയാനം കേരളത്തിൽ, കേന്ദ്ര ഔഷധനയം, അവഗണിക്കപ്പെടേണ്ടവരല്ല വയോജനങ്ങൾ, വിവരാവകാശ നിയമത്തിന്റെ പ്രാധാന്യം, ലോകടൂറിസം ദിനം 2017, കണ്ണൂരിനും വേണം സമാന്തരപാത, ഹൃദയാരോഗ്യം കാക്കാം, ഗാന്ധിജിയും അദ്ദേഹത്തിന്റെ ചിന്തകളും, പ്രകൃതി-വനസംരക്ഷണത്തിന്റെ പ്രാധാന്യം, സാധാരണക്കാർക്ക് നീതി ഉറപ്പാക്കാനുള്ള ബാങ്കിംഗ് സേവനം, സംരക്ഷിക്കണം നമ്മുടെ കൺമണികളെ, ഭക്ഷ്യ സുരക്ഷയുടെ പ്രാധാന്യം, പെയിൻ ആന്റ് പാലിയേറ്റീവ്, പ്രതിരോധ കുത്തിവെപ്പുകളുടെ ആവശ്യകതയും പ്രാധാന്യവും, ഓസോൺ പാളിയിലെ വിള്ളൽ വരുത്തുന്ന അപകടങ്ങൾ, മനസ്സും മാനസികാരോഗ്യവും, അന്താരാഷ്ട്ര ബാലികാദിനം, കളിപ്പാട്ടം വാങ്ങാം കരുതലോടെ, സംസ്ഥാന കായികദിനം എന്നിങ്ങനെയുള്ള വിഷയങ്ങളാണ് നേരും പൊരുളും വിശകലനം ചെയ്തത്.

**അരങ്ങ്:** അഞ്ചുകുന്നിലെ മാറ്റൊലിക്കൂട്ടം അംഗങ്ങളുടെ വിവിധ കലാപരിപാടികളാണ് അരങ്ങിൽ ഉൾപ്പെടുത്തിയത്.

**മനസൗഖ്യ:** മനസൗഖ്യയുടെ ആമുഖ അദ്ധ്യായത്തിൽ ഈ മാനസികാരോഗ്യപരിപോഷണ പരമ്പരയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രക്ഷേപണം ചെയ്തു.

**ധന്യമീ ജീവിതം:** ചെന്നലോട് സ്വദേശി മൊയ്തു, തിരുനെല്ലി സ്വദേശി കൃഷ്ണവാരിയർ, റിട്ടയേർഡ് ബാങ്ക് ഉദ്യോഗസ്ഥനായ വി.വാസുദേവൻ നമ്പ്യാർ, തിരുനെല്ലി സ്വദേശി കരിയൻ മൂപ്പൻ, തിരുനെല്ലി സ്വദേശി എ.ജി.നാരായണ അഡിഗ എന്നിവരുടെ ജീവിതാനുഭവങ്ങൾ പരിപാടിയിൽ പങ്കുവെച്ചു.

**ജീവിതവളയം:** സ്വകാര്യബസ് ഡ്രൈവറായ ഒണ്ടയങ്ങാടി സ്വദേശി പപ്പൻ, എം.ഡി.ചാക്കോ, മാനന്തവാടിയിലെ വനിതാ ഓട്ടോ ഡ്രൈവറായ മിനി കെ.കെ., പനമരത്തെ ഓട്ടോ തൊഴിലാളിയായ ഗോപീകൃഷ്ണൻ, മാനന്തവാടിയിൽ നിന്നുള്ള ഉണ്ണി എന്നിവർ ജീവിതവളയത്തിൽ അതിഥികളായി എത്തി.

**ഓവർഡ്രൈവ്:** നിസാൻ ലീഫ്, ടി.വി.എസ് സ്റ്റാർ സിറ്റി പ്ലസ്, സാങ്യോംഗ് റെക്സ്റ്റൺ വാഹനങ്ങളെയാണ് ഓവർഡ്രൈവ് പരിചയപ്പെടുത്തിയത്. കാർ വിലയിൽ ജിഎസ്ടി വരുത്തുന്ന മാറ്റങ്ങളും കാർ സംരക്ഷണ മാർഗ്ഗങ്ങളും പരിപാടി വ്യക്തമാക്കി. മഹീന്ദ്ര ആന്റ്

മഹീന്ദ്രയുടെ ടാറ്റാ നെക്സൺ എന്ന ട്രാക്ടറിനെകുറിച്ചും സംസ്ഥാന മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റ് നൽകുന്ന പുതിയ സൗകര്യങ്ങളെകുറിച്ചും പ്രക്ഷേപണം ചെയ്തു. രാജ്യത്തെ കേന്ദ്രസർക്കാർ ഓഫീസുകളിലേക്കുള്ള വൈദ്യുത കാർ നിർമ്മിക്കുന്നതിനുള്ള കരാർ ടാറ്റാ മോട്ടോഴ്സ് സ്വന്തമാക്കിയതിനെക്കുറിച്ചും 750 സിസി കരുത്തുള്ള റോയൽ എൻഫീൽഡ് ബൈക്കുകളെ കുറിച്ചും ചർച്ച ചെയ്തു.

**ഹോമിയോകെയർ:** ഹോമിയോപ്പതി ആരോഗ്യ ബോധവത്കരണ പരിപാടിയുടെ ആദ്യഅധ്യായത്തിൽ സ്ത്രീകളുടെ ആരോഗ്യം, ഉന്നമനം, സാമൂഹിക സമത്വം എന്നിവ ലക്ഷ്യമാക്കി സംസ്ഥാന ഹോമിയോപ്പതി വകുപ്പ് നടപ്പാക്കുന്ന സീതാലയം പദ്ധതിയെകുറിച്ച് ജില്ലാ ഹോമിയോ ആശുപത്രി സീതാലയം യൂണിറ്റ് വന്ധ്യതാ നിവാരണ ക്ലിനിക് പ്രോജക്ട് ഓഫീസർ ഡോ.ബീന സംസാരിച്ചു. വയോജനങ്ങൾക്കായുള്ള പ്രത്യേക ചികിത്സാ പദ്ധതി, പ്രോഗ്രാം കൺവീനർ ഡോ.ബിജോയ് ആന്റണി പരിചയപ്പെടുത്തി.

**ഘടികാരം:** സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികൾ നേരിടുന്ന അവഗണന ചർച്ച ചെയ്തു. തോണിച്ചാൽ എമ്മാവൂസ് സ്പെഷ്യൽ സ്കൂൾ ഡയറക്ടർ ബ്രദർ ജിയോ, പ്രിൻസിപ്പാൾ സിസ്റ്റർ ജെസ്സി എന്നിവരുമായി പ്രത്യേക അഭിമുഖം പ്രക്ഷേപണം ചെയ്തു.

**പൊൻപുലരി:** 3000 ത്തോളം ഹൈബ്രിഡ് കോഴിക്കുഞ്ഞുങ്ങളുള്ള പ്രതിഭ നഴ്സറി നടത്തുന്ന പടിഞ്ഞാറത്തറ സ്വദേശി ഗീതാ വിജയനാണ് പൊൻപുലരിയിൽ അതിഥിയായി എത്തിയത്. കൂടാതെ കുടുംബശ്രീ വിദ്യാർത്ഥികൾക്കായി നടത്തുന്ന ലസിതം ക്ലാസിക്കൽ ശിൽപശാലയെയും പരിചയപ്പെടുത്തി.

**ടെക്നോമാറ്റൊലി:** പാനസോണിക് എലൂഗ-ഐ 3 പ്രോ, പി-9 എൽ.ജി. ക്യു-6, എൽ.ജി.-ക്യു 6, ആപ്പിൾ 8 എന്ന ആൻഡ്രോയിഡ് ഫോണുകളുടെ സാങ്കേതികതയും വിപണി സാധ്യതയുമാണ് ടെക്നോമാറ്റൊലി പരിചയപ്പെടുത്തിയത്. 4ജി സപ്പോർട്ട് കൂടി പുറത്തിറങ്ങിയ ജിയോ ഫോണിനെ കുറിച്ചും പരിപാടി പങ്കുവെച്ചു.

**പ്രതിഭയും അതിഥിയും:** മൊതക്കര മല്ലിശ്ശേരി കോളനിയിലെ സന്തോഷ്, പരമ്പരാഗത കലാകാരനായ ബിജു പനമരം എന്നിവർ പ്രതിഭയും അതിഥിയും പരിപാടിയിൽ അതിഥികളായി എത്തി.

**ജാലകം:** ഫിഫ അണ്ടർ 17 ലോകകപ്പിന്റെ പ്രചരണാർത്ഥം സംഘടിപ്പിച്ച വൺ മില്യൺ ഗോളിന്റെ വിശേഷങ്ങൾ ജാലകം പരിപാടിയിൽ പങ്കുവെച്ചു. ലോക മാനസികാരോഗ്യദിനത്തോട്

അനുബന്ധിച്ച് ചെന്നലോട് ലൂയിസ്മൗണ്ട് ആശുപത്രിയിൽ നടന്ന പരിപാടിയുടെ റേഡിയോ റിപ്പോർട്ടും മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ പദ്ധതികളുടെ ജില്ലാതല ഉദ്ഘാടന പരിപാടിയും ജാലകത്തിൽ ഉൾപ്പെടുത്തി.

**ക്ഷീരവാണി:** സമ്മിശ്ര കർഷകനായ പടിഞ്ഞാറത്തറ സ്വദേശി മാനുവേൽ, എള്ളുമന്ദം സ്വദേശി കെ.സി.പൗലോസ്, എം.കെ.ജോർജ്ജ് എന്നിവരെ ക്ഷീരവാണിയിലൂടെ പരിചയപ്പെടുത്തി. മൃഗസംരക്ഷണ വകുപ്പ് ജില്ലയിൽ നടത്തിയ മൃഗപ്രദർശന മേള ഗോപാലനം 2017 നെ കുറിച്ചും പ്രക്ഷേപണം ചെയ്തു.

**വയൽനാട്:** പടിഞ്ഞാറത്തറ സ്വദേശി മാനുവേൽ, പുൽപ്പള്ളിയിൽ നിന്നുള്ള മൈക്കിൾ എന്നിവരെ വയൽനാട് പരിപാടി പരിചയപ്പെടുത്തി. വാഴയ്ക്കും നെല്ലിനും ബാധിക്കുന്ന രോഗങ്ങളും അവയ്ക്കുള്ള പ്രതിരോധമാർഗ്ഗങ്ങളെകുറിച്ചും എടവക കൃഷി ഓഫീസർ കെ.മമ്മൂട്ടി വയൽനാട് പരിപാടിയിലൂടെ ശ്രോതാക്കളോട് സംസാരിച്ചു.

**ക്ലബ്ബ് ടൈം:** പളളിക്കുന്ന് ആർ.സി.യു.പി.സ്കൂൾ, ഏച്ചോം ഹയർസെക്കന്ററി സ്കൂൾ, കൽപ്പറ്റ എസ്.കെ.എം.ജെ.ഹൈസ്കൂൾ, പിണങ്ങോട് ജി.യു.പി.സ്കൂൾ, ചെന്ദലോട് ജി.യു.പി.സ്കൂൾ, ഉദയഗിരി ജി.എൽ.പി. എന്നീ സ്കൂളുകളിലെ വിശേഷങ്ങൾ ക്ലബ് ടൈം പങ്കുവെച്ചു.

**ഞങ്ങൾക്കുമുണ്ട് പറയാൻ:** സുരക്ഷയില്ലാതാകുന്ന സുരക്ഷാ ജീവനക്കാരുടെ പ്രശ്നങ്ങൾ, കൽപ്പറ്റയ്ക്കടുത്ത് പരിയാരത്തുള്ള ഗവ.ഹൈസ്കൂൾ നേരിടുന്ന പ്രതിസന്ധികൾ, പനമരം ടൗണിലെ പാർക്കിംഗ് പ്രശ്നങ്ങൾ എന്നിവ ഞങ്ങൾക്കുമുണ്ട് പറയാൻ എന്ന പരിപാടിയിൽ ചർച്ച ചെയ്തു.

**കിലുക്കാംപെട്ടി:** പാലിയാണ സ്വദേശികളായ ദേവനന്ദ, റിയനന്ദ, ആവണി, കരിങ്ങാരിയിൽ നിന്നുള്ള അനുശ്രീ എന്നിവരുടെ വിശേഷങ്ങൾ പ്രക്ഷേപണം ചെയ്തു.

**സല്ലാപം:** ഒക്ടോബർ ഒന്ന് അന്താരാഷ്ട്ര വയോജനദിനത്തോട നുബന്ധിച്ച് വയോജനങ്ങളോടുള്ള ആദരവും ഐക്യദാർഢ്യവും പ്രകടിപ്പിച്ചു കൊണ്ട് പ്രത്യേക സല്ലാപം അന്നേ ദിവസം പ്രക്ഷേപണം ചെയ്തു. എം.പി.ജോസഫ് മാസ്റ്റർ അവതാരകനായ പരിപാടിയിൽ മാറ്റൊലിയുടെ സജീവ പ്രവർത്തകനായിരുന്ന വി.പി.ജോ മാസ്റ്ററാണ് അതിഥിയായി എത്തിയത്.

**പ്രത്യേക പരിപാടികൾ:** ജില്ലയിലെ പാലിയേറ്റീവ് പ്രവർത്തകരുടെ കൂട്ടായ്മയായ വിപ്പിന്റെ പ്രവർത്തനങ്ങളും സേവനങ്ങളും പരിപാടി

പങ്കുവെച്ചു. ഓസോൺ പാളിയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം ഓർമ്മിപ്പിക്കുന്ന പ്രത്യേക പരിപാടിയും ലോക തപാൽദിനത്തേ കുറിച്ചുള്ള പരിപാടിയും, അൽഷിമേഴ്സ് ദിന പരിപാടിയും പ്രക്ഷേപണം ചെയ്തു. ലോകഹൃദയ ദിനത്തോട് അനുബന്ധിച്ചാണ് കരുതലോടെ സൂക്ഷിക്കാം നമ്മുടെ ഹൃദയത്തെ എന്ന പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തത്. സുൽത്താൻ ബത്തേരിയിലുള്ള സ്വദേശി എന്ന സ്വയംതൊഴിൽ പരിശീലന കേന്ദ്രത്തെ പരിചയപ്പെടുത്തുന്ന പരിപാടിയും പ്രക്ഷേപണം ചെയ്തു. എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ മുരളീധരൻ നായരുമായുള്ള പ്രത്യേക അഭിമുഖവും പ്രക്ഷേപണം ചെയ്തു. ക്യാൻസർ മുക്ത ഇന്ത്യ എന്ന സന്ദേശം പ്രചരിപ്പിക്കുന്ന കെ.കെ. നാസറുമായുള്ള അഭിമുഖവും ലോക കാഴ്ചദിനത്തിന്റെ ജില്ലാതല ഉദ്ഘാടനത്തിന്റെ റിപ്പോർട്ടും പ്രത്യേക പരിപാടികളായി പ്രക്ഷേപണം ചെയ്തു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

**September-October 2017**

The IQAC of the college organized a workshop on Competence Building for the Administrative Staff of colleges belonging to Calicut and Kannur Universities. Dr K M Jose, Principal, Govt College Kalpetta, inaugurated the programme in which the Manager, Principal, IQAC Coordinator and the Principal of Marthoma College, Chungathara, spoke. Sri Anoop Kumar (Junior Superintendent, Office of the Deputy Director of Higher Education, Kozhikode), Sri Robin and Sri Babu Chirappuram engaged the Technical Sessions. The College was selected as one of the centres for the Million Goals scoring programme organized by Kerala State Sports Council prior to the beginning of the Under 17 World Cup Football in Kochi.

The College Union was formally inaugurated by the noted Malayalam Poet, Sri Pavithran Theekkuni, on 28 September 2017 and the Principal administered the oath to the Chairman and the office bearers. The college hosted Kannur University Intercollegiate Shuttle Badminton championship 2017. The block level competitions of Speak for India- Kerala Edition 2017, a debate competition for college students of Kerala jointly sponsored by Mathrubhoomi and Federal Bank, was held in the college auditorium on 10 Oct 2017. Sixty-four debaters representing various colleges in the district showcased their debating skills in the programme. In the Opening Ceremony, in addition to the College Manager and Principal, the Branch Manager, Federal Bank, Mananthavady, offered felicitations. The college team won the Kannur University intercollegiate Chess Championship 2017. Ms Jewel Benny of II BSc Physics was selected to attend the NCC Thalsainic Camp at New Delhi and was felicitated by the Principal, ANO, IQAC Coordinator and the NCC cadets.

**Dr. Savio James V**
Principal

### പ്രത്യേക ശ്രദ്ധയ്ക്ക്

മാനന്തവാടി രൂപത കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി HSA, UPSA, LPSA എന്നീ വിഭാഗങ്ങളിലേയ്ക്കുള്ള നിയമനങ്ങൾക്കായി അദ്ധ്യാപകരുടെ പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ കഴിഞ്ഞ മാസങ്ങളിലെ ബുള്ളറ്റിനിൽ നൽകിയിരുന്നു. 2017 ആഗസ്റ്റ് ഒന്നാം തീയതി മുതൽ ആരംഭിച്ച രജിസ്ട്രേഷൻ 2017 നവംബർ പത്താം തീയതി 4.30 pm വരെ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ എന്ന് ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു.

പേര് രജിസ്റ്റർ ചെയ്തവർക്കു വേണ്ടിയുള്ള 2-ാം ഘട്ടമായ ഒത്തു ചേരലും ഹാൾ റ്റിക്കറ്റ് വിതരണം ചെയ്യലും 2017 നവംബർ 18-ാം തീയതി എ.യു.പി സ്കൂൾ ദ്വാരകയിൽ വച്ച് നടത്തപ്പെടുന്നതാണ്. പേര് രജിസ്റ്റർ ചെയ്ത എല്ലാ ഉദ്യോഗാർത്ഥികളും നിർബന്ധമായും ഈ സമ്മേളനത്തിൽ പങ്കെടുക്കേണ്ടതാണ്. ഈ സമ്മേളനത്തിൽ പങ്കെടുത്ത് ഹാൾ റ്റിക്കറ്റ് ലഭിച്ച എല്ലാ ഉദ്യോഗാർത്ഥികൾക്കും 2017 നവംബർ 25-ാം തീയതി എ.യു.പി സ്കൂൾ ദ്വാരകയിൽ വച്ച് നടത്തപ്പെടുന്ന 3-ാം ഘട്ടമായ എഴുത്തു പരീക്ഷയിൽ സംബന്ധിക്കാവുന്നതാണ്.

റാങ്ക് ലിസ്റ്റ് രൂപീകരണവുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും CEADOM ന്റെ സൈറ്റിൽ (www.ceadom.com/ www.ceadom.org) ഉണ്ടായിരിക്കുന്നതാണ്.

### ടീച്ചേഴ്സ് ഗിൽഡിന്റെ എക്സിക്യൂട്ടീവ് യോഗം

10-10-2017 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 3.30 pm ന് മാനന്തവാടി രൂപതാ ടീച്ചേഴ്സ് ഗിൽഡിന്റെ എക്സിക്യൂട്ടീവ് അംഗങ്ങളുടെ ഒരു യോഗം ദ്വാരക കോർപ്പറേറ്റ് ഓഫീസിൽ വച്ച് നടത്തപ്പെട്ടു. പ്രവർത്തനങ്ങളെ വിലയിരുത്തുകയും, ഇപ്പോൾ നിലവിലുള്ള എയ്ഡഡ് സ്കൂൾ അധ്യാപ-അനധ്യാപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും ടീച്ചേഴ്സ് ഗിൽഡിന്റെ നേതൃത്വത്തിൽ ആവശ്യമായ പ്രവർത്തനങ്ങൾ നടത്താമെന്ന് തീരുമാനിക്കുകയും ചെയ്തു.

## സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്

### 1. അസംപ്ഷൻ എ.യു.പി സ്കൂൾ, സു.ബത്തേരി

**ജാപ്പനീസ് വിദ്യാർത്ഥികൾ അസംപ്ഷനിൽ:-** ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളിൽ നടപ്പിലാക്കുന്ന കാർഷിക പ്രവർത്തനങ്ങൾ നേരിട്ട് പഠിക്കുന്നതിനായി ജപ്പാൻ കാർഷിക സർവ്വകലാശാലയിൽ നിന്ന് വിദ്യാർത്ഥികൾ അസംപ്ഷൻ സ്കൂളിൽ എത്തി. കെന്റൊ, മീരു, ഹിനോ എന്നീ വിദ്യാർത്ഥികളാണ് ജപ്പാനിൽ നിന്നും എത്തിയത്. സ്കൂളിലെ കിഴങ്ങുവിളത്തോട്ടം, കരനെൽകൃഷി, ഔഷധസസ്യോദ്യാനം, നക്ഷത്രവനം, വാഴത്തോപ്പ്, നഴ്സറി, പോളിഹൗസ് എന്നിവയെല്ലാം ജപ്പാൻ വിദ്യാർത്ഥികളെ ആകർഷിച്ചു. സ്കൂളിലെ ജൈവകൃഷിയുടെ രീതികൾ ചോദിച്ചറിഞ്ഞ സംഘം കുട്ടികൾക്കും അധ്യാപകർക്കും ജപ്പാൻ കൃഷിരീതികൾ, സാംസ്കാരിക പ്രവർത്തനങ്ങൾ, ജീവിതശൈലി എന്നിവ വിശദീകരിച്ചു. ഓയിസ്ക്കാ ഇന്റർനാഷണൽ വയനാട് ചാപ്റ്ററിന്റെ സഹകരണത്തോടെയാണ് സന്ദർശനം സംഘടിപ്പിച്ചത്. പ്രധാനാധ്യാപകൻ, പി.ടി.എ ഭാരവാഹികൾ, അധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർ ചേർന്ന് ഇവർക്ക് സ്വീകരണം നൽകി.

**പെൺകുട്ടികൾക്ക് സെമിനാർ:-** ആറ്, ഏഴ് ക്ലാസിലെ പെൺകുട്ടികൾക്കായി അർദ്ധദിന സെമിനാർ നടത്തി. പെൺകുട്ടികളുടെ ശാരീരിക - മാനസിക വളർച്ചയും നേരിടുന്ന പ്രശ്നങ്ങളും എന്ന വിഷയത്തിൽ ഡോ.സി.സ്റ്റെഫീന എഫ്.സി.സി ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സ്കൂൾ ഹെൽത്ത്ക്ലബ് കൺവീനർ ഷേർളി തോമസിന്റെ നേതൃത്വത്തിലാണ് സെമിനാർ നടത്തിയത്.

**മിന്നാമിന്നിക്കൂട്ടം:-** ആദിവാസി വിദ്യാർത്ഥികളുടെ കലാ സാംസ്കാരിക വേദിയായി മിന്നാമിന്നിക്കൂട്ടം പ്രവർത്തിക്കുന്നു. നോഡൽ ഓഫീസർ ശ്രീ.പി. എ.വർഗ്ഗീസ് സാർ നേതൃത്വം നൽകുന്നു.

**ജൈവവൈവിധ്യ ഉദ്യാനം:-** സ്കൂളിൽ ജൈവവൈവിധ്യ പാർക്ക് സജ്ജമാക്കി. നൂറോളം ഔഷധ സസ്യങ്ങൾ, നക്ഷത്രവനം, ഇരുപത്തിയഞ്ചോളം ഇനം വാഴകൾ, 13 ഇനം കിഴങ്ങ് വർഗ്ഗങ്ങൾ എന്നിവ ഉൾപ്പെട്ടതാണ് ജൈവവൈവിധ്യോദ്യാനം. കൺവീനർ ശ്രീ.തോമസ് സ്റ്റീഫൻ നേതൃത്വം നൽകുന്നു.

**ഫാ. ബിജു പൊൻപാറയ്ക്കൽ**
കോർപ്പറേറ്റ് മാനേജർ

### പയ്യമ്പള്ളി ഫൊറോന നേതൃത്വ സംഗമം

ദീപിക ഫ്രണ്ട്സ് ക്ലബ്ബ് പയ്യമ്പള്ളി ഫൊറോന നേതൃത്വസംഗമം 2017 സെപ്റ്റംബർ 16 ന് പള്ളി പാരീഷ് ഹാളിൽ ചേർന്നു. പയ്യമ്പള്ളി ഫൊറോന വികാരി റവ. ഫാ. ജോസ് മൊളോപ്പറമ്പിൽ സംഗമം ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് ബെന്നി പൂതറയിൽ അധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ മുഖ്യ പ്രഭാഷണം നടത്തി. ദീപിക റസിഡന്റ് മാനേജർ ഫാ. സായി പാറൻകുളങ്ങര ക്ലാസ്സ് നയിച്ചു. ഫാ. വിവാൾഡിൻ തേവർകുന്നേൽ, ഫാ. അനീഷ് പയ്യാല യിൽ, ഫാ. തോമസ് തൈക്കുന്നുംപുറം, ഫാ. ബിജു മാവറ എന്നിവർ സന്നിഹിതരായിരുന്നു. രൂപതാ സെക്രട്ടറി ഫ്രാൻസീസ് പള്ളിക്ക മ്യാലിൽ സ്വാഗതവും, ഷാജി കുടക്കച്ചിറ നന്ദിയും പറഞ്ഞു. ഭാരവാ ഹികളായി ബെന്നി പൂതറയിൽ (പ്രസിഡണ്ട്), ഷിബു കരിമ്പനാക്കുഴി (വൈസ് പ്രസിഡണ്ട്), സുജിത്ത് ചവരനാൽ (സെക്രട്ടറി), ഷാജി കണി യാടിക്കൽ (ജോ. സെക്രട്ടറി), തോമസ് പൂവത്തിങ്കൽ (ട്രഷറർ) എന്നി വരെ തെരഞ്ഞെടുത്തു. മനോജ് ഓശത്തിങ്കൽ, ബേബി തെക്കേടത്ത്, ജോസഫ് ഇലഞ്ഞിമറ്റത്തിൽ, മത്തായി പച്ചനാൽ, സജീവ് ഓലപ്പുര, ജോയ്സ് പുൽപ്പറയിൽ എന്നിവരെ കമ്മറ്റി അംഗങ്ങളായും തെരഞ്ഞെ ടുത്തു. ഡി.എഫ്.സി. പയ്യമ്പള്ളി ഇടവക വനിതാ വിംഗ് ഭാരവാഹിക ളായി അൽഫോൻസ മഴുവഞ്ചേരി (പ്രസിഡണ്ട്), ബിൻസി പൊരുന്നേടം (വൈസ് പ്രസിഡണ്ട്), ഷിൻസി കൊള്ളിമാക്കിൽ (സെക്രട്ടറി), ഷൈജ തൊണ്ണമാക്കിൽ (ജോ. സെക്രട്ടറി), റ്റിജി പുളിക്കായത്ത് (ട്രഷറർ) എന്നി വരെ തെരഞ്ഞെടുത്തു.

### മുള്ളൻകൊല്ലി ഫൊറോന നേതൃത്വ സംഗമം

ഫൊറോന നേതൃത്വ സംഗമം മുള്ളൻകൊല്ലി സെന്റ് മേരീസ് പാരീഷ് ഹാളിൽ 2017 സെപ്റ്റംബർ 17 ന് നടന്നു. ഫൊറോന വികാരി റവ. ഫാ. ചാണ്ടി പുനക്കാട്ട് സംഗമം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡണ്ട് അലക്സ് കടേക്കാട്ട് അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയ റക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ മുഖ്യ പ്രഭാഷണം നടത്തി. ഫൊറോന ഡയറക്ടർ റവ. ഫാ. തോമസ് പരുന്നോലിൽ ആശംസ കൾ അർപ്പിച്ചു. ദീപിക കോഴിക്കോട് യൂണിറ്റ് റസിഡന്റ് മാനേജർ ഫാ. സായി പാറൻകുളങ്ങര ക്ലാസ്സെടുത്തു. സർക്കുലേഷൻ മാനേജർ

പ്രിൻസി ജോസ്, ഫാ. തോമസ് ചേറ്റാനിയിൽ, ജിജോ ഇട്ടൻപറമ്പിൽ, ഷാജി കടുവാപ്പാറ, ആന്റോ കുര്യൻ ഇല്ലിക്കൽ, ജോർജ് തട്ടാംപറമ്പിൽ തുടങ്ങിയവർ നേതൃത്വം നൽകി. ഭാരവാഹികളായി ജിജോ ഇട്ടംപറമ്പിൽ (പ്രസിഡണ്ട്), ജോർജ് തട്ടാംപറമ്പിൽ (വൈസ് പ്രസിഡണ്ട്), ഷാജി കൂവപ്പാറ (സെക്രട്ടറി), സജി നമ്പുടാകം (ജോ. സെക്രട്ടറി), ജോർജ് അങ്ങാടിയത്ത് (ട്രഷറർ) എന്നിവരെയും കമ്മറ്റി അംഗങ്ങളായി ആന്റോ കുര്യൻ ഇല്ലിക്കൽ, സണ്ണി പേടപ്പാട്ട്, വിൽസൺ കുറ്റിപ്പുറം, ജോൺസൺ പുലികുത്തി, ഷാജി പാലാപുളിക്കൽ, ഫ്രാൻസീസ് വടക്കേക്കുടിയിൽ, സിബിച്ചൻ കരിക്കേടത്ത്, ബിജു മണ്ഡപത്തിൽ എന്നിവരെയും തെരഞ്ഞെടുത്തു.

**ദീപിക നമ്മുടെ ഭാഷാപദ്ധതി**

തരിയോട് സെന്റ് മേരീസ് യു.പി. സ്കൂളിൽ ദീപിക നമ്മുടെ ഭാഷാ പദ്ധതി ആരംഭിച്ചു. ഫൊറോന വികാരി റവ.ഫാ. ജയിംസ് കുന്നത്തേട്ട് പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ചു. ഹെഡ്മാസ്റ്റർ എം.വി. രാജൻ, ദീപിക ഫ്രണ്ട്സ് ക്ലബ് ഫൊറോന എക്സിക്യൂട്ടീവ് അംഗം എബ്രഹാം കെ. മാത്യു എന്നിവരാണ് പത്രം സ്പോൺസർ ചെയ്തത്. ഡി.എഫ്.സി ഫൊറോന പ്രസിഡണ്ട് സണ്ണി മുത്തങ്ങാപറമ്പിൽ, സിബി മാങ്കോട്ടിൽ, സീനിയർ അസിസ്റ്റന്റ് മേരി ജോർജ്, സ്കൂൾ ലീഡർ ലീബ എലിസബത്ത് എന്നിവർ പ്രസംഗിച്ചു.

**രൂപതാ ജനറൽ ബോഡി**

14-10-2017 ന് മാനന്തവാടി ഡി.എഫ്.സി ഓഫീസിൽ ചേർന്ന രൂപതാ ജനറൽ ബോഡി യോഗത്തിൽ നാൽപ്പതോളം ഭാരവാഹികൾ പങ്കെടുത്തു. ദീപിക കോഴിക്കോട് യൂണിറ്റ് റസിഡന്റ് മാനേജർ ഫാ. സായി പാറൻകുളങ്ങര യോഗം ഉദ്ഘാടനം ചെയ്തു. ഡി.എഫ്.സി രൂപതാ ഡയറക്ടർ ഫാ. സുനിൽ വട്ടുകുന്നേൽ അദ്ധ്യക്ഷത വഹിച്ചു. രൂപതാ വൈസ് പ്രസിഡണ്ട് ജോസഫ് ഇലഞ്ഞിമറ്റത്തിൽ, തരിയോട് ഫൊറോന സെക്രട്ടറി ജോസ് ജെ മലയിൽ, പയ്യമ്പള്ളി ഫൊറോന സെക്രട്ടറി സുജിത്ത് ചവരനാൽ, ജോസ് പാലക്കാതടത്തിൽ, ഷാജി കാവുംപുറത്ത്, കല്ലോടി ഫൊറോന സെക്രട്ടറി ഷാബു എന്നിവർ പ്രസംഗിച്ചു. നവംബർ മാസത്തിൽ ബാക്കിയുള്ള ഫൊറോനകളിൽ സംഗമങ്ങൾ നടത്താൻ തീരുമാനിച്ചു. യോഗത്തിൽ രൂപതാ സെക്രട്ടറി ഫ്രാൻസീസ് പള്ളിക്കമ്യാലിൽ സ്വാഗതവും ജോയിന്റ് സെക്രട്ടറി ജിജോ ഇട്ടംപറമ്പിൽ നന്ദിയും പറഞ്ഞു. ഫൊറോന സംഗമങ്ങൾക്ക് നേതൃത്വം നൽകിയ ഫൊറോന വികാരിയച്ചന്മാർക്കും ഇടവക വികാരിയച്ചന്മാർക്കും, ഭാരവാഹികൾക്കും നന്ദി അറിയിക്കുന്നു. തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും പ്രതീക്ഷിക്കുന്നു.

**ഫ്രാൻസീസ് പള്ളിക്കമ്യാലിൽ**-ഡി.എഫ്.സി രൂപതാ സെക്രട്ടറി

## *കത്തോലിക്കാ കോൺഗ്രസ് -AKCC*

**രൂപതാ പ്രതിനിധി സഭാ സമ്മേളനം**

രൂപതാ കത്തോലിക്കാ കോൺഗ്രസ് പ്രതിനിധി സഭാസമ്മേളനം ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് 2017 ഒക്ടോബർ 1 ന് ശ്രീ. പീറ്റർ ഞരളക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. 33 ഇടവകകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെട്ട 92 പ്രതിനിധികൾ പങ്കെടുത്തു. വികാരി ജനറാൾ മോൺ. അബ്രാഹം നെല്ലിക്കൽ ഉദ്ഘാടനം ചെയ്തു. കാലിക പ്രസിദ്ധമായ വിഷയങ്ങൾ അവതരിപ്പിച്ചുകൊണ്ട് റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ റവ. ഡോ. സെബാസ്റ്റ്യൻ പുത്തേൻ മുഖ്യപ്രഭാഷണം നടത്തി.

നമ്മുടെ രൂപതയിലെ പൂർവ്വകാല കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും കുടിയേറ്റ ചരിത്രത്തെക്കുറിച്ചും റവ. ഫാ. ജോർജ് മമ്പള്ളിൽ അനുഭവങ്ങൾ പങ്കുവെച്ചു.

രൂപതാ ഡയറക്ടർ റവ. ഫാ. ആന്റോ മമ്പള്ളിൽ ആമുഖ പ്രഭാഷണവും ഭാവിപ്രവർത്തനങ്ങളെക്കുറിച്ചുള്ള ദിശാബോധവും പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പിന് നേതൃത്വം നൽകുകയും ചെയ്തു.

പുതിയ ഭാരവാഹികളുടെ പേരുവിവരങ്ങൾ താഴെ കൊടുക്കുന്നു.

Director - Rev.Fr. Anto Mampallil St.Mary's Church, Thavinjal Vimalanagar P.O, Mananthavady Wayanad 670645, Mob: 9447633836, Email: ampallil@gmail.com

1. President - Dr.K.P. Saju, Kollappillil House, Veliyambam P.O, Pulpally, Wayanad -673579, Mob: 9447149115.

2. Gen. Secretary - Varkey Nirappel, Dwaraka, Nallornad P.O, Mananthavady, Wayanad - 670645, Mob: 9446891525, 7012864156

3. Treasurer - E.J.Jose Elanjimattam, Payyampally P.O, Kartikulam, Mananthavady, Wayanad - 670644, Mob: 9446841910.

4. Vice Presidents - (1). Adv.Sabu John, Olickal House, Kalathuvayal P.O, Ambalavayal (via), Wayanad - 673593, Mob: 9656060541.

(2). Sunny C.J, Cherukadu House, Cherukattoor P.O, Panamaram (via), Wayanad - 670721, Mob: 9961491029.

(3). Adv. Elby Mathew, Ookkan House, Kunnamangalam Wayanad P.O, Mananthavady (via), Wayanad - 670645, Mob: 9656002040.

(4). Smt.Saly Shaji, Thazhathuveettil House, Nadavayal P.O, Wayanad, Mob: 9496658917.

5. Secretaries - (1). Jose Kurumbalakattu, Thavinjal, Vimalanagar P.O, Mananthavady, Wayanad 670645, Mob: 9446410018.

(2). Georgekutty Vilangapara, Kolavayal, Muttil P.O, Kalpetta (via), Wayanad, Mob: 9497085960.

(3) A.M. Thomas Ariyamannil, Anjukunnu P.O, Mananthavady (via), Wayanad - 670645, Mob: 9495084930, 8301832930.

(4) Smt.Moly Karimpanakuzhiyil, Poroor - Wayanad P.O, Mananthavady - 670645, Mob: 9744860135.

Working Commitee Members - Simon Anappara, Nadavayal P.O, Panamaram (via), Wayanad, Mob: 8281809159.

Peter Njaralakkattu, Nadavayal P.O, Panamaram (via), Wayanad, Mob: 9447316869

Jose Kaitholil, Martin Nagar P.O, Ondayangadi, Mananthavady (via), Wayanad, Mob: 9447546388.

Smt.Lovely Illickal, Valavayal P.O, S.Bathery (via), Wayanad, Mob: 9605491959.

Xaviar Kochukulanthinkal, Kallody P.O, Mananthavady (via), Wayanad -670645, Mob: 9447934343.

Smt. Beena Karimankuzhy, Mullenkolly P.O, S.Bathery (via), Wayanad, Mob: 9495084330.

Sbibu C.V, Changalikkavil (House), Ozhukanmoola, Kattayad P.O, Mananthavady (via), Wayanad - 670645, Mob: 9656347995.

Reneesh Aryapally, Thonichal P.O, Mananthavady (via), Wayanad - 670645, Mob: 9446694308.

Joy Pulickal, Meenangady P.O, Wayanad, Mob: 9495597594.

James Mattathil, Veliyambam P.O, Pupally, Wayanad, Mob: 9961597516.

Varghese Manissery, Vazhavatta P.O, Kalpetta (via), Wayanad, Mob: 8086062895.

Rejimon Punnolil, Ozhukkanmoola, Kattayad P.O, Vellamunda (via), Wayanad, Mob: 9744001829.

Adv. Shaji Thoppil, Mundakutti P.O, Mananthavady (via), Wayanad - 670645, Mob: 9447888027.

Joy Chettimattel, Poolapadam, Erumamunda P.O, Pin 679334, Mob: 9446986628.

Jojan Vadakkekuttiyany, Manimooly P.O, Edakkara, Mob:9143198066.

Santhosh Plakkattu, Santhigiri P.O, Kelakam (via), Mob: 9447916759.

Joychan Varghese, Mundathanath (House), Karakandi, Kuppady P.O, Bathery-673592, Mob: 9447219337.

John Palakuzhi, Kayyunni P.O, Cherambady (via), The Nilgiris (Dt), TN, Pin 643205, Mob: 09486022689.

George Kochukulathinkal, Chennalode P.O, Kalpetta (via), Wayanad, Mob: 9544969256.

**ചുമതലകൾ കൈമാറി**

മുൻ ഭാരവാഹികളുടെയും ഇപ്പോഴത്തെ ഭാരവാഹികളുടെയും സംയുക്ത യോഗം 14-10-2017 ന് പാസ്റ്ററൽ സെന്ററിൽ വെച്ച് ചേരുകയും രൂപതാ ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ പുതിയ ഭാരവാഹികൾക്ക് ചുമതലകൾ കൈമാറുകയും ചെയ്തു. തുടർന്നു നടന്ന യോഗത്തിൽ ഭാവിപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു. 29-10-2017 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പാസ്റ്ററൽ സെന്ററിൽ വെച്ച് രൂപതാ പ്രവർത്തക സമിതിയോഗം (ഫൊറോന തലത്തിൽ തിരഞ്ഞെടുക്കപ്പെട്ടവർ) ചേരുന്നതിനും തീരുമാനിച്ചു.

**വർക്കി നിരപ്പേൽ**
രൂപതാ ജനറൽ സെക്രട്ടറി

# Pastoral Centre Programme



**November 2017**

| | |
|---|---|
| 4 | Zion |
| 7 | Priests Conference |
| 10 | KCYM |
| 10 -11 | Department of Youth Ministry |
| 11 | Pastoral Council |
| 12 - 15 | Marriage Preparation Course |
| 18 | KCYM Roopatha Varshikam |
| 19-23 | Zion Retreat |
| 24 | Religious Superiors Meeting |
| 25 | Catechism Prathibha Sangamam |

**Fr. Paul Vazhappilly**
Director, Pastoral Centre

## *Bishop's Programme*



***November 2017***

| | | |
|---|---|---|
| *1* | *wed 4 sat ...........* | *Out of Station* |
| *5* | *Sun ...................* | *MMC Benefactors' Day* |
| *6* | *Mon ..................* | *Golden Jubilee of Fr. James Kulathinal* |
| *7* | *Tue .....................* | *Priests' Conference* |
| *8* | *Wed ...................* | *Thalassery: Episcopal Consecration of Msgr Joseph Pamplany* |
| *9* | *Thu ...................* | *Kalpetta: Vimal Jyothi Hostel Jubilee* |
| *10* | *Fri .....................* | *Out of Station* |
| *11* | *Sat .....................* | *Adackathode: Ordination of Dn. Roy Alex Kuzhimannil S.J., Pastoral Council* |
| *12* | *Sun ...................* | *Sunday School Plus One Students' Convention* |
| *13* | *Mon 17 Fri .......* | *Out of station* |
| *18* | *Sat .....................* | *Trichur: Episcopal Consecration of Msgr Tony Neelankavil* |
| *19* | *Sun ...................* | *Thariode: Jubilee* |
| *20* | *Mon ..................* | *Arattuthara: Holy Mass, Presentation Convent* |
| *Afternoon* | *......* | *Pazhoor: Blessing of the New School Building* |
| *21* | *Tue ...................* | *Puthussery: Blessing of the Newly Constructed Church* |

| | |
|---|---|
| *22 Wed ..................* | *Deacons' & Parents' Meet* |
| *23 Thu .................* | *Vestition: FCC Sisters* |
| *Evening.........* | *MMC Home Day* |
| *24 Fri ..................* | *Dwaraka: Religious Superiors' Meet* |
| *26 Sun .................* | *Panamchira: Pastoral Visit* |
| *27 Mon .................* | *Meenangady: Ordination of Dn. Nidhin Mundackal OFM Cap* |
| *28 Tue ...................* | *Tamarassery: Regional Bishops' Meet* |
| *29 Wed .................* | *Thalassery* |
| *30 Thu Afternoon ...* | *Camillus Seminary: Seminary Meet* |

***December 2017***

| | |
|---|---|
| *1 Fri ...................* | *Out of station* |
| *2 Sat ...................* | *Engaged* |
| *3 Sun 8 Fri .........* | *KCBC* |
| *9 Sat ..................* | *H. Mass, Kottagiri Latin Parish* |
| *10 Sun ..................* | *Out of Station* |
| *11 Mon .................* | *Joint Meeting of Consultors' Body and Finance Council* |
| *12 Tue ..................* | *S.Bathery: Monthly Recollection of Priests* |
| *Evening .........* | *Kalpetta: De Paul School Anniversary* |
| *13 Wed ..................* | *Visitors' Day* |
| *14 Thu 16 Sat .........* | *Out of Station* |
| *16 Sat ...................* | *Engaged* |
| *17 Sun ..................* | *Pastoral Visit* |
| *18 Mon ................* | *Visitors' Day* |
| *19 Tue .................* | *Pastoral Centre: Sacerdotal Golden Jubilee of Fr. Joseph Nanthikatt* |
| *20 Wed .................* | *Engaged* |
| *22 Fri ...................* | *Visitors' Day* |

*23 Sat .................... Visitors' Day*
*24 Sun .................... Cathedral: Christmas*
*25 Mon .................. Christmas*
*26 Tue ................... Deepthigiri: Priestly ordination: Dn. Geofry Kalarickal*
*27 Wed ................... Amarakuni: Priestly Ordination: Dn. Tibin Chakkulathil*
*28 Thu ................... Nadavayal: Priestly Ordination: Dn. Rajeesh Karuthedath and Dn. Jobins Veluthedathuparambil M.S*
*Afternoon ..... Payyampally: Priestly Ordination: Dn. Vipin Kuzhikandathil VC*
*29 Fri .................... Out of station*
*30 Sat .................... Chennalode: Priestly ordination: Dn. Manu Arackaparampil*
*31 Sun .................. Out of Station*

***January 2018***

*2 Tue .................... Narivalamunda: Priestly Ordination: Dn. Tony Elamkunnel*
*Afternoon ......... Pathirippadam: Priestly Ordination: Dn. Santhosh Oravaranthara*